# രണം-ഭരണം-ആഭരണം
# അഥവാ
# ക്ഷേമരാജ്യം



വി. വി. അബ്ദുല്ലാ സാഹിബ്
പി. എൻ. നായർ

# രണം-ഭരണം-ആഭരണം
## അഥവാ
# ക്ഷേമരാജ്യം

വി. വി. അബ്ദുല്ലാ സാഹിബ് B.A.
പി. എൻ. നായർ

**Ranam-Bharanam-Abharanam**
**Adhava Kshemarajyam**

by

V.V. Abdulla Sahib B.A. (Rtd. Customs Spdt.)
P.N. Nair (PostMaster (Rtd.)

Typeseting & Printing : Modern Printing Press,
Kodungallur. Tel: 2807079

Copies : 1000

Rs. 15.00

# ആമുഖം

1947ൽ ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയപ്പോൾ ഞങ്ങൾ നല്ല ചോരത്തിളപ്പുള്ള യുവാക്കളായിരുന്നു. അന്നു ജീവിച്ചിരുന്ന എല്ലാ ഭാരതീയരും സ്വാതന്ത്ര്യപ്രേമികളും സ്വരാജ്യ സ്നേഹികളുമായിരുന്നു എന്നതിൽ സംശയമില്ല. ഭാരതം ഒരു ക്ഷേമരാജ്യമായി വളർന്നുയർന്ന് പരിശോഭിക്കണമെന്നും ലോകത്തിലെ ഇതര രാഷ്ട്രങ്ങളോടൊപ്പം സമശീർഷ്യയായി ഉയർന്ന് നിൽക്കണമെന്നും എല്ലാവരും ആത്മാർത്ഥമായി ആഗ്രഹിച്ചു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, വല്ലഭഭായ് പട്ടേൽ, രാജേന്ദ്രപ്രസാദ്, രാജഗോപാലാചാരി, അബ്ദുൽകലാം ആസാദ് മുതലായ ദേശീയ നേതാക്കളുടെ നിസ്വാർത്ഥമായ പരിചരണത്തിൽ ഭാരതം ആരോഗ്യകരമായി സ്വതന്ത്ര ജീവിതം ആരംഭിച്ചു. എല്ലാം ശുഭസൂചകമായിരുന്നു.

ഞങ്ങൾ സർക്കാർ ജോലിക്കാരായിരുന്നതിനാൽ രാഷ്ട്രീയം ഞങ്ങൾക്ക് നിഷിദ്ധമായിരുന്നു. പക്ഷേ രാഷ്ട്രം എല്ലാവരുടേതുമെന്നപോലെ ഞങ്ങളുടേതുമായിരുന്നു. അതിനാൽ രാഷ്ട്രത്തിന്റെ ഭാവിയെപ്പറ്റി ഞങ്ങൾ സുന്ദരസ്വപ്നങ്ങൾ കണ്ടു കൊണ്ടിരുന്നു.

വർഷങ്ങൾ പോകവേ നേതാക്കളും ഭരണകർത്താക്കളും മാറിക്കൊണ്ടിരുന്നു. സ്വദേശത്തിന് വേണ്ടി സർവ്വത്യാഗങ്ങളും ചെയ്തും ദുരിതങ്ങൾ സഹിച്ചും അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് പുനർജനിച്ച നേതാക്കളുടെ ആത്മാർത്ഥതയും സേവനസന്നദ്ധതയും സ്വാഭാവികമായും പിൻഗാമികളിൽ ഇല്ലാതായി. അവരുടെ വാക്കിലും പോക്കിലും വൈരുദ്ധ്യങ്ങൾ കാണാൻ തുടങ്ങി. ദേശസ്നേഹത്തിന്റെ പരിശുദ്ധി 22 കേരറ്റിൽ നിന്നും ക്രമേണ താഴുകയായി. ഒടുവിലെന്തായി? രാഷ്ട്രീയക്കാർ എണ്ണത്തിലും വണ്ണത്തിലും പെരുത്തു. നേതാക്കളും ഭരണകർത്താക്കളും നാടിന്റെ ഉടമകളായി. രാജ്യം ഒപ്പം ചിലരുടെ

പൈതൃകമായി മാറി. നാടും, കാടും, മേടും, മലയും, കല്ലും, കൊട്ടാരവും, കുടിവെള്ളവും അവർ തരവും തഞ്ചവും നോക്കി, സാമർത്ഥ്യവും സ്വാധീനവും അധികാരവും ദുരുപയോഗം ചെയ്ത് കൈവശപ്പെടുത്തി. ദുർബലരായ പൊതുജനം വെറും നോക്കുകുത്തികളായി പകച്ചുനിൽക്കുക തന്നെ. നിയമം ഏവർക്കും ഒരുപോലെ ബാധകമാവാത്ത ഒരവസ്ഥവന്നു. മേൽക്കിടയിലുള്ളവർ നിയമാതീതരായി. നാടിന്റെ അധോഗതിയും ആരംഭിച്ചു. ഏത് രാഷ്ട്രീയപാർട്ടിയുടെ ഭരണകാലത്തും നാടിന്റെ ഈ ദുർഗ്ഗതി തുടർന്നു കൊണ്ടിരുന്നു. ഭരണകൂടം മുഴുവൻ അഴിമതിയിൽ മുങ്ങി. കഴുക്കോൽ ഇരുപത്തിനാലും വളഞ്ഞു. മോന്തായം വളഞ്ഞാൽ അങ്ങനെയാണല്ലൊ. ഇപ്പോൾ ഭരണയന്ത്രം റിപ്പയർ ചെയ്യാൻ പറ്റുമോ? അതോ "കണ്ടം" ചെയ്യണോ? ഭാരത വാഹനം പുരോഗതിയുടെ പാതയിലേക്ക് തിരിയണമെങ്കിൽ ഭരണയന്ത്രത്തിന്റെ "ഗിയർ" മാറ്റുക തന്നെ വേണം. കടഭാരം കൊണ്ടു നടുവളഞ്ഞ നാട്ടാർ നാടിന്റെ നന്മക്ക് വേണ്ടി സംഘടിച്ചാൽ ഈ മാറ്റം തീർച്ചയായും സംഭവിക്കും. നാട് രക്ഷപ്പെടും 2004 മെയ് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പ് അതിന് തെളിവാണ്. എല്ലാ സ്റ്റേറ്റിലും അത് സംഭവിക്കണം.

ഞങ്ങൾ ബാല്യകാലം മുതൽ സുഹൃത്തുക്കളാണ്. അടുത്തൂൺ പറ്റി പിരിഞ്ഞ ശേഷം അടിക്കടി സന്ധിക്കുകയും സംവദിക്കുകയും ചെയ്യാറുണ്ട്. ഒപ്പം അരാഷ്ട്രീയക്കാരും സമാന ചിന്തകരുമായ ഞങ്ങൾ നാടിന്റെ ഭാഗധേയങ്ങൾ അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതോടൊപ്പം വാർദ്ധക്യ സഹജമായ ദൗർബല്യങ്ങളാൽ നിഷ്ക്രിയരായി അടങ്ങിയിരിക്കേണ്ടിവന്നതിൽ ദുഃഖിക്കുകയും ചെയ്യുന്നു. കുത്തഴിഞ്ഞ ഇന്നത്തെ സാഹചര്യം മാറ്റിയേ തീരു. ജനനേതൃത്വം വഹിക്കാൻ പ്രാപ്തരായ, ജനസമ്മതിയുള്ള, ബുദ്ധിജീവികളും, സാഹിത്യകാരന്മാരും, തത്വചിന്തകന്മാരും ഏകോപിച്ചു യത്നിക്കുകയാണെങ്കിൽ ബഹുജന പിന്തുണയോടെ അഴിമതി രഹിതമായ രാഷ്ട്രീയ മോചിതമായ സൽഭരണം സ്ഥാപിക്കാനും അത് വഴി നാടിനെ പുരോഗതിയിലേക്ക് നയിക്കാനും സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ആരാണ് പൂച്ചക്ക് മണികെട്ടുക?

ഞങ്ങൾ ഭാവനയിൽ കാണുന്ന "ഭാരത" സൃഷ്ടിയുടെ പ്രക്രിയകൾ "താരഭ"മെന്ന നാട്ടിൽ നടപ്പാക്കുന്നതാണ് ഈ

കൊച്ചു പുസ്തകത്തിലെ പ്രതിപാദ്യം. "ഇറഹ്വോൺ" (EREHWON) എന്ന ഒരു ആംഗല നാടകമോ കഥയോ ഉണ്ട്. "നോ വെയർ" (NO WHERE) എന്ന ആംഗലപദം അക്ഷരം മറിച്ചിട്ടതാണ് 'ഇറഹ്വോൺ'. 'നോവെയർ' എന്നാൽ 'ഒരുത്തിലും ഇല്ല' എന്നർത്ഥം. ഇല്ലാത്തതിനെ സൃഷ്ടിക്കാൻ പ്രേരിപ്പിക്കുന്ന ഒരു രചനക്ക് ആ പേര് ഉചിതമാണ്. തോമസ്മൂറിന്റെ "ഉട്ടോപ്യ" (UTOPIA) എന്ന ഭാവനാദ്വീപിൽ എല്ലാം പരിപൂർണ്ണം (PERFECT) ആണ്. ആ മാതൃകയിലാണ് "താരഭ"നാടും.

രാഷ്ട്രീയം ഉപേക്ഷിച്ച് രാഷ്ട്രത്തെ രക്ഷിക്കാൻ ഉത്സുകരായ മഹത്തുക്കൾ അധികാരമോഹം കൂടാതെ സത്യവും നീതിയും അടിസ്ഥാനമാക്കി സധൈര്യം മുന്നിട്ടിറങ്ങി കർമ്മരംഗത്തെത്തുമെന്ന പ്രത്യാശയോടുകൂടി ഞങ്ങളുടെ ഹൃദയമാകുന്ന ഈ പുസ്തകം ഞങ്ങൾ എളിമയോടെ ബഹുജന സമക്ഷം സമർപ്പിക്കുന്നു.

വി.വി. അബ്ദുല്ലാസാഹിബ്
പി.എൻ. നായർ

# രണം – ഭരണം – ആഭരണം
## അഥവാ
# ക്ഷേമരാജ്യം

"എന്താ ആടിക്ക് കൈകൊടുത്ത് ഇങ്ങനെ ഇരിക്ക്ണ് ?" എന്ന ചോദ്യം കേട്ട് ലോകദാസൻ തല ഉയർത്തി നോക്കി. ചോദിച്ചത് ചങ്ങാതിയും സമീപ വാസിയുമായ വിശ്വസ്നേഹിയാണ്. ചോദ്യം തീർന്നില്ല. "ദിനപ്പത്രവും മുമ്പി ലിട്ട് ദിവാസ്വപ്നം കാണുകയാണോ ?"

"ഈ പത്രങ്ങൾ വായിക്കാതിരിക്കയാണ് നല്ലത്"

ലോകദാസൻ പറഞ്ഞു. "മനസ്സ് പുണ്ണാക്കുന്നതെന്തിനാ!"

"പത്രം വായിക്കാതെ ലോകം അറിയ്യോ?" വിശ്വസ്നേഹി.

"എന്തിനാ ലോകം അറീണത്? ദുഃഖം പേറി നടക്കാനോ?" ലോകദാസന്റെ മറുചോദ്യം.

"വാർത്തകളറിയണ്ടേ? ദുഃഖം പേറുന്നതെന്തിന്? ലക്ഷക്കണക്കിന് ജനങ്ങൾ പത്രം വായിക്കുന്നില്ലേ?" വിശ്വസ്നേഹി വിടുന്നില്ല.

"ഈ പത്രങ്ങളിൽ ദുഃഖവാർത്തകളല്ലാതെ സന്തോഷകരമായത് വല്ലതു മുണ്ടോ?" ലോകദാസൻ ചോദിച്ചു.

"അത് പതിവല്ലേ? നമ്മളതൊക്കെ കണ്ടും കേട്ടും പരിചയിച്ചു. ഇപ്പോ ഒരു വികാരവുമില്ല." വിശ്വസ്നേഹിയുടെ കമന്റ്.

"ഞാനങ്ങനെയല്ല, ദുഃഖവാർത്തകളറിഞ്ഞാൽ മനസ്സിന് വല്ല്യ ഭാരാവും. ഞാൻ വികാരാധീനനാകും. ചിന്ത കാടുകേറും. അതാണെന്റെ ആകാശം നോക്കിയിരിപ്പിന് കാരണം!" ലോകദാസൻ.

"ഇപ്പോൾ എന്തുണ്ടായി? പത്രം മലർത്തി ഇട്ടിട്ടുണ്ടല്ലോ." വിശ്വസ്നേഹി യുടെ അന്വേഷണം.

അതിന് ലോകദാസന്റെ വിശദീകരണം ഇപ്രകാരമായിരുന്നു.

"ലോകം പോകട്ടെ, നമ്മുടെ രാജ്യവും നിക്കട്ടെ. നമ്മുടെ സംസ്ഥാനം തന്നെ നോക്കു. മഹാലയം സ്റ്റേറ്റെന്ന വലിയ പ്രമാദപ്പെട്ട പേരുണ്ട്. എവിടെ യാണ്, ആർക്കാണ് സന്തോഷോം സമാധാനോം? നാട്ടിലെന്താ നടക്കുന്നത് ? ജനങ്ങൾ തമ്മിൽ തമ്മിൽ തന്നെ കുത്തും കൊലയും, തല്ലും വീടാക്രമണ വും. രാവും പകലും. അതുപോലെ ഉദ്യോഗസ്ഥന്മാരും ആരെങ്കിലും മര്യാദ ക്കാരുണ്ടോ? ഭരണകർത്താക്കളുണ്ട്. ഭരണമുണ്ടോ? ഇതെല്ലാം തലയിൽക്കയറി മനസ്സിന്റെ സന്തോഷം നശിപ്പിച്ചു. ഇപ്പോ ആലോചനയാ"

"ഇതൊക്കെ ആഗോളപ്രതിഭാസമാണ്. നമ്മൾ വിചാരിച്ചാൽ ഒന്നും നട ക്കൂലാ. എല്ലാം സഹിച്ച് ജീവിച്ച് കാലം കഴിക്കാനേ ആകൂ." വിശ്വസ്നേഹി

യുടെ പ്രതികരണം.

ലോകദാസൻ വിട്ടില്ല. "ഇതൊക്കെ മനുഷ്യന്റെ കൊള്ളരുതായ്മയാണ്. മനുഷ്യൻ നന്നായാൽ ലോകം നന്നാവും. മനുഷ്യൻ നന്നാവുന്നില്ലെങ്കിൽ അവനെ നന്നാക്കണം."

"ഭരണകർത്താക്കൾ വിചാരിച്ചിട്ട് മനുഷ്യനെ നന്നാക്കാൻ കഴിയുന്നില്ല. പിന്നെയുണ്ടോ നമുക്ക്." വിശ്വസ്നേഹി തന്റെ നിസ്സംഗത പ്രകടിപ്പിച്ചു.

"ആദ്യം ഭരണക്കാർ നന്നാവണം. എന്നാലേ ഭരണീയരെ നന്നാക്കാൻ പറ്റ്വൊള്ളൂ." ലോകദാസൻ സ്വന്തം ധാരണ വ്യക്തമാക്കി.

"അവരെ എങ്ങിനെ നന്നാക്കും?" വിശ്വസ്നേഹിയുടെ അന്വേഷണം.

"അവരെ നമ്മൾ നന്നാക്കണം." ലോകദാസന്റെ മനോവീര്യം.

"എന്തിനാ ആവാത്ത കാര്യങ്ങൾ ചിന്തിച്ച് സ്വപ്നം കാണുന്നു.? കലികാലത്ത് ഇങ്ങനെ തന്നെയാണ് ലോകത്ത് നടക്ക" വിശ്വസ്നേഹിയുടെ ആശ്വാസം.

"ഇതൊക്കെ ആവുന്ന കാര്യങ്ങളാണ്. ആവാത്തത് ഒന്നൂല്ല്യ. നമ്മൾ തയ്യാറാകണം." ലോകദാസന്റെ ധൈര്യം.

"നമുക്ക് അതിനുള്ള ശക്തിയുണ്ടോ ? സ്വാധീനമുണ്ടോ ? പേരും പെരുമയുമുണ്ടോ? നേതൃത്വമുണ്ടോ? ധനശേഷിയുണ്ടോ? സാധാരണക്കാരായ നമ്മൾ എല്ലാ വിഷമങ്ങളും സഹിക്കയല്ലാതെ ഒന്നിനും കഴിയില്ല. " വിശ്വസ്നേഹിയുടെ നിസ്സഹായത അങ്ങിനെ പ്രകാശിപ്പിച്ചു.

"സർവ്വശക്തിയും ജനങ്ങൾക്കാണ്. ജനം ഒത്തുപിടിച്ചാൽ ഏത് മലയും മറിക്കാം. നമുക്ക് ഒരു കാര്യം ചെയ്യാം. ലോകത്ത് നടന്നിട്ടുള്ള വലിയ വിപ്ലവങ്ങളെല്ലാം ആദ്യം ഒരു കൊച്ചുമനുഷ്യന്റെ ഹൃദയത്തിൽ അങ്കുരിച്ച ബലഹീനമായ ആശയമാണ്. നമ്മളും മനുഷ്യരാണ്. നമ്മുടെ ശക്തി നാം പ്രയോഗിക്കണം. നമ്മുടെ ചങ്ങാതിമാരുമായി ഒന്നാലോചിക്യ. താമസിക്കണ്ട. നാളെ ത്തന്നെ. ഇവിടെ വെച്ച്. നമ്മൾ രണ്ടുപേരും ഇന്നുതന്നെ സ്നേഹിതന്മാരെ ക്ഷണിക്കണം.

ലോകദാസൻ പരിപാടി ആരംഭിക്കയായി. വിശ്വസ്നേഹി അത് സമ്മതിച്ചു. അന്നേദിവസം അവർ രണ്ടുപേരും ആ പട്ടണപ്രദേശം ചുറ്റിനടന്ന് ചങ്ങാതിമാരെ പിറ്റേന്ന് രാവിലെ ലോകദാസന്റെ വീട്ടിൽ വെച്ച് നടക്കുന്ന യോഗത്തിലേക്ക് ക്ഷണിച്ചു.

## രണ്ട്

കാലത്ത് ഒമ്പതുമണിയോടുകൂടി ലോകദാസന്റെ വീട്ടിൽ ചങ്ങാതിമാർ വന്നുകൂടി. പത്തുപതിനഞ്ച് പേരുണ്ട്. വിശ്വസ്നേഹിയും ഹാജരുണ്ടായിരുന്നു.

ലോകദാസൻ അവരോട് പറഞ്ഞു.

“നമ്മളൊക്കെ നിത്യം പത്രം വായിക്കുന്നവരാണ്. എന്താണ് മഹാലയം സ്റ്റേറ്റിലെ സ്ഥിതി? സമാധാനവും സന്തോഷവും ആർക്കെങ്കിലുമുണ്ടോ? എല്ലാവരും ഭയന്നുകൊണ്ടല്ലേ കഴിയുന്നത്? ഏത് വീടാണ് രാത്രി കേറി ആക്രമിക്കുന്നത്? ആർക്കും അറീല. ആരാണ് കൊല്ലപ്പെടുന്നത്. അറീല. കൊള്ളയും കൊള്ളിവെപ്പും, തല്ലും, തകരാറും, കത്തിക്കുത്തും, ആത്മഹത്യയും പോലീസും അറസ്റ്റും! എന്താണ് നമ്മുടെ സമൂഹത്തിന്റെ അവസ്ഥ. പരസ്പരം ശത്രുതയല്ലാതെ ആത്മാർത്ഥ സ്നേഹം നമ്മുടെയിടയിലുണ്ടോ? ഈ അസ്വസ്ഥത മുറ്റിനിൽക്കുന്ന അന്തരീക്ഷത്തിൽ നമ്മുടെ ഭരണകർത്താക്കളെന്തുചെയ്യുന്നു? ഭരിക്കാൻ അവർക്ക് നേരമില്ല. നാടും നാട്ടാരും നന്നാവണമെന്ന് അവർക്കില്ല. സ്വന്തം കാര്യം സിന്ദാബാദ്. ഭരണകർത്താക്കൾ അധികാരത്തിനും പദവിക്കും പണത്തിനും വേണ്ടി പിടിവലി നടത്തുകയാണ്. ഭരണമെന്ന പേരും പറഞ്ഞ് അവർ ചെയ്യുന്നത് നാം അറിയുന്നുണ്ട്. നമ്മുടെ മഹാലയ സ്റ്റേറ്റ് മാത്രമല്ല, ദയാഗിരി, ക്ഷേമദേശി, അശോകിനി മുതലായ സ്റ്റേറ്റുകളിലെയും സ്ഥിതി അത് തന്നെ. ഉദ്യോഗസ്ഥന്മാരും കൈക്കൂലിയുടെ പ്രളയത്തിൽ. ഒരാപ്പീസും മര്യാദയ്ക്ക് പ്രവർത്തിക്കുന്നില്ല. ആപ്പീസിലെ കസേരകൾ എപ്പോൾ നോക്കിയാലും കാലി. ആരും ജോലി ചെയ്യുന്നില്ല. അതുനോക്കാനും ശമ്പളക്കാരെക്കൊണ്ട് ജോലി ചെയ്യിക്കാനും ആപ്പീസർമാർക്കാവുന്നില്ല. എല്ലാം കുത്തഴിഞ്ഞു കിടക്കുന്നു. ഒരാളുടെ ഒരു കാര്യവും നീതിയായും ന്യായമായും ഒരാപ്പീസിലും നടപ്പില്ല. സർക്കാർ തന്നെ കണക്കുതരുന്നു. പല വർഷങ്ങളോളം പഴക്കമുള്ള ആയിരക്കണക്കിന് ഫയലുകൾ തീരുമാനമാവാതെ കെട്ടിക്കിടക്കുന്നു. നികുതിയും ഫീസും അതുപോലുള്ള മറ്റ് ചാർജ്ജുകളും കൂടിക്കൂടി വരുന്നു. എന്നാലും അതൊക്കെ നാം ശരിക്ക് കൊടുക്കുന്നു. സർക്കാരിന് എന്നും ക്ഷാമം. കോടികൾ കടം വാങ്ങുന്നു. എന്നാലും സർക്കാരിന്റെ ക്ഷാമം തീരുല്ല. ഈ പണം എവിടെപ്പോകുന്നു? ആഡിറ്റ് റിപ്പോർട്ട് കാണാം. നിയമാനുസൃതമായും ക്രമപ്രകാരവുമല്ല ചിലവ് നിർവ്വഹിക്കുന്നതെന്ന്! അധികാരസ്ഥന്മാർ തോന്നിയതൊക്കെ ചെയ്യുന്നു എന്നർത്ഥം. ഈ സ്ഥിതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ദശകങ്ങളായി ഇതുതന്നെ. പല രാഷ്ട്രീയപാർട്ടികളും ഒറ്റയായും കൂട്ടായും ഭരണം നടത്തി. ആര് ഭരിച്ചാലും ഭരണത്തിന് ക്രമീകരണമില്ല. കാരണം രാഷ്ട്രീയക്കാർക്ക് ഭരിക്കാൻ നേരമില്ല. സ്വാർത്ഥം നേടാനും പാർട്ടിയിലെ തൊഴുത്തിൽകുത്ത് പറഞ്ഞുതീർക്കാനും മാത്രമാണ് അവരുടെ ശ്രദ്ധ. ഇതിനൊക്കെ അന്ത്യം കാണണം. നാട് നന്നാവണം. നാട് നന്നാക്കണം. നമ്മുടെ ശ്രദ്ധ അതിലേക്കാവട്ടെ.

ലോകദാസൻ അത്രയും പറഞ്ഞ് നിർത്തി. അപ്പോൾ വിശ്വസ്നേഹി പറഞ്ഞു.:

നമ്മുടെ സ്നേഹിതൻ ലോകദാസൻ പറഞ്ഞത് മുഴുവൻ സത്യമാണ്.

നമ്മുടെ കുടുംബങ്ങൾക്ക് സംരക്ഷണം നൽകേണ്ടത് നമ്മുടെ കർത്തവ്യമാണ്. സമൂഹത്തിൽ ശാന്തിയും സമാധാനവും ഇല്ലെങ്കിൽ നമ്മുടെ കാര്യം ആപത്തിലാണ്. തട്ടിപ്പറിയും മോഷണവും പെരുകിവരുന്നത് മാത്രമല്ല, വഴിയെപോകുന്ന സ്ത്രീകളെ ആക്രമിച്ച് ആഭരണങ്ങൾ കൈക്കലാക്കുക, കടയടച്ച് വീട്ടിലേക്ക് പോകുന്ന വ്യാപാരികളെ സംഘം കൂടി തടഞ്ഞുനിർത്തി പണം അപഹരിക്കുക, ബൈക്ക്, കാർ എന്നീ വാഹനങ്ങൾ മോഷ്ടിക്കുക, രാത്രി വീടുകൾ കയറി കൊള്ളയടിക്കുക, സ്ത്രീകളെ ബലാൽസംഗം ചെയ്യുക എന്നിങ്ങനെ പലതരം അനീതികളും അക്രമങ്ങളും ചെയ്തുനടക്കുന്ന അധോലോകസംഘടനകൾ നമ്മുടെ മഹാലയ സംസ്ഥാനത്തിൽ മാത്രമല്ല, ദയാഗിരി, പ്രേമദേശി, അശോകിനി മുതലായ താരഭനാട്ടിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ സ്ഥിതി നിലനിൽക്കുന്നു. ഭരണരീതി ശരിയല്ലാത്തതാണ് ഇതിന് കാരണം. ഈ നില തുടർന്നുപോകാൻ നാം അനുവദിക്കരുത്. നാം അതിന് എന്ത് ചെയ്യണം എന്നതാണ് പ്രശ്നം?

തുടർന്ന് ജനവത്സൻ തന്റെ അഭിപ്രായം വ്യക്തമാക്കി. "ലോകദാസനും വിശ്വസ്നേഹിയും പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. ഞാനും പലപ്പോഴും ഇക്കാര്യം ചിന്തിച്ചിട്ടുണ്ട്. അഖില താരഭ സംഘമാണ് ഇപ്പോൾ ഭരണം നടത്തുന്നത്. (ATS) ഇതിനുമുമ്പത്തെ ഭരണം സർവ്വതാരഭയോഗ(STY)ത്തിന്റെ കയ്യിലായിരുന്നു. സർവ്വജനസമിതിയും (SJS) പൂർണ്ണസംരക്ഷണസമാജവും (PSS) കൂട്ടായും കൊണ്ടും ഈ രാഷ്ട്രീയപാർട്ടികൾ ഭരണം നടത്തിയിട്ടുണ്ട്. അന്നും സ്ഥിതി ഏതാണ്ടൊക്കെ ഇങ്ങനെത്തന്നെയായിരുന്നു. ഇപ്പോൾ അപകടനില രൂക്ഷമായിട്ടുണ്ട്. അതിനർത്ഥം ജനങ്ങളുടെ പ്രതികരണശേഷി പൂർണ്ണമായും നശിച്ചുവെന്ന് ഈ രാഷ്ട്രീയനേതാക്കൾ മനസ്സിലാക്കിക്കഴിഞ്ഞു എന്നാണ്. ഇനി അവർ എങ്ങിനെ ഭരിച്ചാലും ആരും ചോദ്യം ചെയ്യില്ലെന്ന് അവർക്കുറപ്പാണ്. വീണ്ടും അവർ തന്നെ അധികാരത്തിൽ വരുമെന്നും അവർക്ക് അനുഭവത്തിൽ നിന്നും മനസ്സിലായിട്ടുണ്ട്. അവരെ കവച്ചുമുന്നേറാൻ ഒരു പാർട്ടിയും ഇന്നിവിടെ വേറെയില്ലല്ലോ. ഈ നില മാറേണ്ടതാണ്. മാറ്റേണ്ടതാണ്. നമ്മൾ കുറച്ചുപേർ ഇവിടെയുണ്ട്. നമ്മളെല്ലാവരും ഇതേ അഭിപ്രായക്കാരാണ് എന്നാണ് ഞാൻ കരുതുന്നത്. എന്നാലും ഒരു ഭരണരീതി മാറുക എന്നത് ചെറിയ കാര്യമല്ല. കുറച്ചുപേർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. വിപുലമായ ശക്തിയും സംഘടനയും ആവശ്യമാണ്. അതെങ്ങനെ വേണമെന്ന് ഒരു രൂപരേഖ ആവശ്യമാണ്. ലോകദാസൻ, വിശ്വസ്നേഹി രണ്ടുപേരും ഒരു പദ്ധതി തയ്യാറാക്കുന്നതായാൽ ഞങ്ങൾ സഹകരിക്കാം."

അൽപസമയത്തെ മൗനത്തിന് ശേഷം ലോകദാസൻ സദസ്യരെ അറിയിച്ചു.

"ജനവത്സൻ പറഞ്ഞത് ശരിയാണ്. നമുക്ക് ഒരു പദ്ധതി രൂപപ്പെടുത്തി വ്യവസ്ഥാപിതമായ രീതിയിൽ പ്രവർത്തനം ആരംഭിച്ച് ക്രമേണ മുന്നോട്ട്

പോകാം. ഒരു രൂപരേഖ എന്റെ മനസ്സിൽ തെളിയുന്നുണ്ട്. അത് ഞാൻ പിന്നീട് അറിയിക്കാം. നമുക്ക് നാളെ ഒന്നുകൂടി യോഗം ചേരാം. ഓരോരുത്തരും അവ രവരുടെ സ്നേഹിതന്മാരെക്കൂടി ക്ഷണിച്ചുകൊണ്ടുവരണം. ആളധികമുണ്ടാ യാൽ അത്രയും ബലമാണല്ലോ. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കണം. നോക്കൂ, ഞാൻ രാഷ്ട്രീയ കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ഞാൻ രാഷ്ട്രീയ ക്കാരനല്ല. രാഷ്ട്രീയഭ്രാന്തുമായി, പാർട്ടിപ്രവർത്തനവുമായി രാപകലില്ലാതെ ഓടിനടക്കുന്നവർ ദോഷം കാണുകയില്ല. ഒരു ഭരണമാറ്റം അവർ ഇഷ്ടപ്പെടു കയില്ല. അവർക്ക് അവരുടെ പാർട്ടി അധികാരത്തിൽ വരണമെന്നും തുടരണ മെന്നുമാണ് മോഹം. ഭരണം എങ്ങനെയായാലും പ്രശ്നമല്ല. അങ്ങിനെയുള്ള രാഷ്ട്രീയ അണികൾ നമ്മുടെ കൂടെ കൂടിയാൽ ഒന്നും നടക്കില്ല. അതുകൊണ്ട് അത്തരക്കാരെ ക്ഷണിക്കരുത്. നാടു നന്നാവണം, ആരു ഭരിച്ചാലും കൊള്ളാം എന്ന മനോഭാവക്കാരെ മാത്രമേ ക്ഷണിക്കാവൂ. സമാധാനം, ക്ഷേമം, ഇത് നാട്ടിലുണ്ടാവണം. ഈ ലക്ഷ്യം ആരും നിഷേധിക്കില്ല. ആ മനോഭാവക്കാർ ഒന്നിച്ച് നാളെ കൂടിയിരുന്ന് നമുക്ക് ഒരു പ്രവർത്തനരീതി ഉണ്ടാക്കാം."

അതെല്ലാവരും ശരിവെച്ചു.

പിറ്റേദിവസം പത്തുനാൽപ്പതുപേർ ലോകദാസന്റെ വീട്ടിലെത്തി. ലോക ദാസനും വിശ്വസ്നേഹിയും, ജനവത്സനും വളരെ താൽപ്പര്യത്തോടെ യോഗ കാര്യങ്ങൾ നിർവ്വഹിച്ചു. ആദ്യമായി ലോകദാസൻ സദസ്യരെ അഭിമുഖീകരി ച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു.:-

"താരഭനാട് വളരെ പ്രസിദ്ധമായ രാജ്യമാണ്. പഴയ ചരിത്രം നമുക്ക് മറ ക്കാം. നമ്മുടെ കാലഘട്ടത്തിൽ താരഭനാട്ടിൽ ഭരണസൗകര്യത്തിന് വേണ്ടി കുറെ സംസ്ഥാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ മഹാലയം, ദയാഗിരി, പ്രേമദേശി, അശോകിനി, ജയഹർഷം, സർവ്വഭോഗി, ഗുണദായിനി മുതലായ ഇരുപതോളം സംസ്ഥാനങ്ങളുണ്ട്. ഓരോ സംസ്ഥാനത്തിലും മുഖ്യമന്ത്രിയും മന്ത്രിമാരടക്കമുള്ള മന്ത്രിസഭയും എംഎൽഎമാരുടെ അസംബ്ലിയുമുണ്ട്. സ്റ്റേറ്റു കളെയെല്ലാം ഏകോപിപ്പിച്ച് നിയന്ത്രിക്കാൻ ഒരു കേന്ദ്രമന്ത്രിസഭയും ഒരു പ്രധാ നമന്ത്രിയും, ഒരു പാർലിമെന്റും ഉണ്ട്. ഇവർക്കെല്ലാത്തിനും താഴികക്കുടമായി ഒരു പ്രസിഡണ്ടും ഉണ്ട്. ഭരണനിയന്ത്രണത്തിനായി ഒരു ഭരണഘടനയും ഉണ്ട്. ജനനന്മയെ ലക്ഷ്യമാക്കി ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ സന്ദർഭോചിതമായി കൊണ്ടുവരാറുണ്ട്. ഇതൊക്കെ ആയിട്ടും കാര്യങ്ങ ളൊന്നും ഭംഗിയായി നീങ്ങുന്നില്ല എന്നതാണ് സത്യം. എത്രയോ ലക്ഷം ഉദ്യോ ഗസ്ഥന്മാർ സംസ്ഥാനസർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും കീഴിൽ ജോലി നോക്കുന്നുണ്ട്. പല വകുപ്പുകളും വകുപ്പുദ്യോഗസ്ഥന്മാരും, വകുപ്പു തലവന്മാരും, വകുപ്പ് മന്ത്രിമാരുമുണ്ട്. ഇവർക്കൊക്കെ ശമ്പളമായി കോടി കൾ ചിലവാണ്. എന്നിട്ടും ഭരണം ജനക്ഷേമകരമല്ല. ജനദ്രോഹകരമാണ്. ആരും പണിയെടുക്കില്ല, കൃത്യനിഷ്ഠയില്ല, ഉത്തരവാദിത്വമില്ല, പൗരന്മാരുടെ

ഒരു കാര്യവും നേർക്കും നെറിക്കും വേണ്ട നേരത്തും നടക്കില്ല. കൈക്കൂലി കൊടുത്തു പിന്നാലെ നടക്കണം. ആർക്കെങ്കിലും എന്തെങ്കിലും കാര്യം നടന്നുകിട്ടണമെങ്കിൽ അഴിമതിയുടെ കൊള്ള. ഇതെല്ലാം പത്രം വായിക്കുന്ന നിങ്ങൾക്കറിയാം. കുപ്രസിദ്ധിയാർജ്ജിച്ച എത്ര അഴിമതിക്കേസുകളാണ് നടന്നതും നിലവിലുള്ളതും. നാട്ടാരുടെ പൊതുസ്വത്താണ് കാടും മേടും പുറം പോക്കു സ്ഥലങ്ങളുമെല്ലാം. അതൊക്കെ കുറച്ച് വ്യക്തികളുടെ സ്വകാര്യസ്വത്തായി മാറുകയാണ്. ഭൂമി പതിച്ചെടുക്കുന്നു. കാടുവെട്ടിത്തെളിച്ച് മരം വിറ്റ കാശാക്കുന്നു. സർക്കാർ ധനം ദുർവിനിയോഗം ചെയ്തു വയർ വീർപ്പിക്കുന്നു. പണിയാത്ത റോഡും പാലവും പണിതെന്നുപറഞ്ഞു പണം ചെലവാക്കുന്നു. പണിയുന്നതിന് ആവശ്യത്തിലധികം പണം പാസ്സാക്കുന്നു. പിന്നെ പല കാരണവും പറഞ്ഞ് കരാർ തുക വർദ്ധിപ്പിക്കുന്നു. അങ്ങനെ പൊതുധനം സ്വന്തമാക്കുന്ന പരിപാടിയിൽ മന്ത്രിമാരും എംഎൽഎമാരും അവരുടെ ശിങ്കിടികളും ഒരുപോലെ പങ്കാളികളാണ്. പറഞ്ഞാൽ തീരാത്ത അനേകം കാര്യങ്ങളുണ്ട്. അതെല്ലാം പിന്നെ പരിശോധിക്കാം."

"ഇപ്പോൾ നമ്മൾ വേണ്ടതെന്താണ്? നാട് നന്നാവണം. ഭരണകർത്താക്കളും പൊതുജനങ്ങളും നന്നാവണം. അഖില താരഭ സംഘമോ സർവ്വതാരഭ സംഘമോ മറ്റേതു പാർട്ടി ഭരിച്ചാലും കൊള്ളാം. ഭരണം നന്നായാൽ ജനം നന്നാകും. നമുക്ക് ചെറിയ നിലയിൽ തുടങ്ങാം. ക്രമേണ പ്രവർത്തനം ശക്തിപ്പെടുത്താം. ആദ്യം നാം നന്നാവണം. നമ്മുടെ ചുമതല നാം നിർവ്വഹിക്കണം. കണ്ണിൽ കാണുന്ന തെറ്റുകൾ തിരുത്തലാണ് ആദ്യത്തെ ചുമതല. അതിനൊരു മാർഗ്ഗരേഖ ഞാൻ നിർദ്ദേശിക്കാം. അത് ഫലപ്രദമാകുമോ എന്ന് നമുക്ക് പരിശോധിക്കാം. താരഭരാജ്യം മുഴുവൻ നന്നാക്കാൻ നമുക്കാവില്ല. ഭാവിയിൽ ആയിക്കൂടെന്നുമില്ല. മഹാലയ സംസ്ഥാനം നമുക്ക് ശരിപ്പെടുത്താൻ ശ്രമിക്കാം. ആദ്യമായി നമ്മുടെ മുന്നേറ്റം താലൂക്ക് എടുക്കാം. ഈ പട്ടണം താലൂക്കിന്റെ തലസ്ഥാനമാണ്. ഇവിടെ താലൂക്കാഫീസുണ്ട്. ബ്ലോക്കോഫീസ്, കറന്റ്, ബാങ്ക്, വില്ലേജാഫീസ്, പഞ്ചായത്താഫീസ്, പോസ്റ്റോഫീസ്, റജിസ്റ്റർ ആപ്പീസ് അങ്ങിനെ കുറെ സർക്കാർ സ്ഥാപനങ്ങളുണ്ട്. അതിലെ ജീവനക്കാർ ആപ്പീസിലിരുന്ന് പണിയെടുക്കുന്നില്ല. അവർ ബസാറിൽ ചുറ്റിത്തിരിഞ്ഞ് സമയം ചെലവാക്കുന്നു. ആപ്പീസ് പണികൾ മുടങ്ങുന്നു. ആളുകൾ അന്വേഷിച്ചുചെന്നാൽ കസേര കാണാം. ആളില്ല, ഇത് നിറുത്തലാക്കണം. അവരുടെ ഉത്തരവാദിത്വം നിറവേറ്റാൻ അവരെ നാം നിർബന്ധിക്കണം. അതിനു മുമ്പായി നാം നമ്മുടെ ഉത്തരവാദിത്വം നിറവേറ്റണം. നമ്മുടെ ഉത്തരവാദിത്വം എന്താണ്? നമ്മുടെ ചുറ്റും കാണുന്ന തെറ്റുകൾ തിരുത്തൽ തന്നെ ആദ്യത്തെ പണി. ഈ ഉദ്യോഗസ്ഥന്മാരും ക്ലർക്കുമാരും ജോലിസമയത്ത് ജോലിയെടുക്കാതെ ബസാറിൽ അലഞ്ഞുതിരിയാൻ വിടരുത്. അവരെ ആപ്പീസിലേക്ക് പായിക്കണം. രണ്ടാമത്തേത് ആപ്പീസ് സന്ദർശിക്കുന്ന പൗരന്മാരുടെ കാര്യങ്ങൾ നീതിയായും ന്യായമായും കൃത്രിമമായ തടസ്സവും താമസവും കൂടാതെയും കൈക്കൂലി

ആവശ്യപ്പെടാതെയും നിറവേറ്റിക്കൊടുക്കണം. മൂന്നാമത് അങ്ങനെ ചെയ്യാത്തപക്ഷം ആപ്പീസിലെ മേലുദ്യോഗസ്ഥനോട് ആക്ഷേപം പറഞ്ഞ് കാര്യനിർവ്വഹണത്തിന് മാർഗ്ഗമുണ്ടാക്കണം.

"ഇതെങ്ങനെ സാധിക്കും. നമ്മൾ കുറെ പേർ സന്നദ്ധഭടന്മാരായി അങ്ങാടിയിലുണ്ടായിരിക്കണം. ഓരോ ആപ്പീസിലെയും ഉദ്യോഗസ്ഥന്മാരെ മനസ്സിലാക്കണം. അവർ പ്രവർത്തി സമയം ആപ്പീസിലിരിക്കാതെ അങ്ങാടിയിൽ ചുറ്റിത്തിരിയുന്നത് കണ്ടാൽ അവരെ സമീപിച്ച് ഉപദേശിച്ച് വേണ്ടിവന്നാൽ ബലം പ്രയോഗിച്ച് അവരെ അവരുടെ കസേരയിലേക്ക് ആനയിച്ച് ഇരുത്തണം. ഇത് വിജയിച്ചാൽ ക്രമേണ മറ്റു കാര്യങ്ങൾ ഭംഗിയാകും. അവരെ നിരീക്ഷിക്കുന്ന ആളുകൾ പുറത്തുണ്ടെന്ന് അവർക്ക് മനസ്സിലാവണം. ഒന്നോ രണ്ടോ സംഭവമുണ്ടാകുമ്പോൾ ഒച്ചപ്പാടാകും. സംഗതി പരസ്യമാകും. അപ്പോൾ എല്ലാവരും ജാഗ്രതയാകും. മുന്നേറ്റം താലൂക്കിൽ ഇത് നടപ്പായാൽ പത്രത്തിലൂടെ സംഗതി പരസ്യമാവുമല്ലോ. അപ്പോൾ ഈ പ്രവർത്തനം ഗതിവേഗം താലൂക്കിൽ തുടങ്ങിക്കോളും. നാം തന്നെ അതിന് പ്രേരണ നൽകണം. അങ്ങനെ പ്രയാണം താലൂക്കിലും ആരംഭിക്കണം. ഇപ്രകാരം ഈ പ്രവർത്തനം നമ്മുടെ താലൂക്ക് വില്ലേജ് മുഴുവനും പിന്നെ എല്ലാ താലൂക്കിലും ജില്ലയിലും നടത്തണം. അപ്പോ സംസ്ഥാനം കുറെ നന്നാകും. പിന്നെ മന്ത്രിസഭാതലത്തിലേക്ക് പ്രവേശിക്കാം. അവരെയും ശരിയാക്കാം. ജനങ്ങളെയും നേരെയാക്കാം. അങ്ങനെ ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ പ്രക്രിയ ഒരേ സമയത്ത് നടത്താൻ സാധിക്കും. അതിന് സാഹിത്യകാരന്മാരേയും മതാചാര്യന്മാരേയും സാമൂഹ്യനേതാക്കളേയും ബുദ്ധിജീവികളേയും മനുഷ്യസ്നേഹികളായ സജ്ജനങ്ങളേയും കൂട്ടുപിടിക്കണം. അവരെല്ലാവരും ഒത്തുപിടിച്ചാൽ ഈ രാഷ്ട്രീയനേതാക്കന്മാരെ അമർച്ച ചെയ്യാം. രാഷ്ട്രീയം തന്നെ ഭാരതത്തിൽ നിന്ന് നിർമാർജ്ജനം ചെയ്യാൻ കഴിയും. നമുക്ക് രാഷ്ട്രീയനേതാക്കന്മാർ വേണ്ട, അവരുടെ അഴിമതിയിൽ നിന്ന് രക്ഷപ്പെടാം. സജ്ജനങ്ങളായ രാജ്യസ്നേഹികൾ ഭരണം നടത്തിയാൽ മതി. തെരഞ്ഞെടുപ്പ് രാഷ്ട്രീയാടിസ്ഥാനത്തിലല്ല വേണ്ടത്. ഓരോ വ്യക്തിയുടെയും ഗുണമഹാത്മ്യവും ജീവിതചര്യയും ജനസമ്മിതിയും നോക്കി അത്തരം കുറെ വ്യക്തികൾ അധികാരത്തിൽ വരണം.

"ഈ സാഹചര്യത്തിൽ മറ്റൊരു പരിഷ്കാരം സാദ്ധ്യമാകും. നമുക്ക് സംസ്ഥാനം തോറും മുഖ്യമന്ത്രിയും മന്ത്രിസഭയും അസംബ്ലിയും വേണ്ട. അവരുടെ ശമ്പളം, അലവൻസ്, പെൻഷൻ ഇതിനൊക്കെ നമ്മുടെ റവന്യൂ വലിയ ഒരു ഭാഗം ചെലവാകുന്നുണ്ട്. അത് ലാഭിക്കാം. അതുകൂടി നാടിന്റെ വികസനത്തിന് ചിലവാക്കാം. അവരുടെ അഴിമതി മൂലമുണ്ടാകുന്ന നഷ്ടവും ഇല്ലാതാക്കാം. ഭാരതത്തിൽ ഒരു പ്രസിഡണ്ട്, സംസ്ഥാനം തോറും ഒരു ഗവർണ്ണർ മതി. ഗവർണ്ണർമാരുടെ മേൽനോട്ടത്തിൽ വകുപ്പുദ്യോഗസ്ഥന്മാർ ഭരണം നടത്തും. ഭരണത്തിൽ ഇപ്പോഴും മന്ത്രിമാർക്ക് പങ്കില്ലല്ലോ. മന്ത്രികുലം അതോടെ

നശിക്കണം. നിയമനിർമ്മാണസഭാംഗങ്ങളുടെ വംശവും താവഴിയും നശിക്കണം. എല്ലാ സംസ്ഥാനങ്ങൾക്കും ആവശ്യമായ നിയമങ്ങൾ പ്രസിഡണ്ടിന്റെ അനുമതിയോടെ ഗവർണർമാർ കൊണ്ടുവരും. ഉദ്യോഗസ്ഥന്മാർ നടപ്പാക്കും. രാഷ്ട്രീയക്കാർ സ്വയരക്ഷയ്ക്കും ശത്രുസംഹാരത്തിനും അധികാരത്തിനും വേണ്ടി എന്തുമാത്രം ക്രൂരനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ റദ്ദാക്കണം. ജനങ്ങൾക്ക് ആശ്വാസമായി. ഇനിയും പലതും ചെയ്യാനുണ്ട്, പറയാനുണ്ട്. ഇതൊക്കെ എന്റെ ഭാവന മാത്രമാണ്. ഇരിക്കട്ടെ.

"ഇപ്പോൾ നാം നമ്മുടെ പ്രാരംഭചുമതല നിർവ്വഹിക്കുന്നതിനുള്ള ആരംഭം കുറിക്കാം. ഒരു വളണ്ടിയർ സംഘടന രൂപപ്പെടുത്തണം. 'ധർമ്മനിർവ്വഹണ സഭ'(DNS) എന്ന പേരിൽ ഒരു കൂട്ടായ്മ. നമ്മളൊക്കെ അതിൽ അംഗങ്ങൾ. നമ്മൾ ചെറിയ സംഘങ്ങളായി ഓരോ ആപ്പീസും ശ്രദ്ധിക്കുക. ബാങ്കും, പോസ്റ്റോഫീസും ഭംഗിയായി നടക്കുന്ന സ്ഥാപനങ്ങളാണ്. അവിടെ ഉഴപ്പന്മാർ ഇല്ല. മറ്റ് ആപ്പീസുകൾ കേന്ദ്രീകരിച്ച് നാം പ്രവർത്തിക്കണം. ചെറിയ ചെറിയ ഗ്രൂപ്പുകളായി (ഗണം) തിരിഞ്ഞ് ആപ്പീസ് ജീവനക്കാരുടെ ചലനങ്ങൾ വീക്ഷിച്ച് അവരെ നേരെയാക്കണം.

ആർക്കെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ഇപ്പോൾ പറയാം. പിന്നീടും പറയാം."

പിന്നെ വിശ്വസ്നേഹി പറഞ്ഞു.

"ലോകദാസൻ പറഞ്ഞത് നമ്മൾ കേട്ടു. ആദ്യമായി നമ്മുടെ പരിപാടി അങ്ങനെ തുടങ്ങാമെന്നാണ് എന്റെയും അഭിപ്രായം. ആവശ്യമാകുന്ന ഇതര നടപടികളും പരിഷ്ക്കരണങ്ങളും പിന്നീട് സാവകാശം കൊണ്ടുവരാം. നിങ്ങളുടെ അഭിപ്രായം പറയാം."

അതിന് മറുപടിയായി ജനവത്സൻ പറഞ്ഞു.

"ഇപ്പോൾ ഒരു കമ്മിറ്റി ഉണ്ടാക്കാം. ലോകദാസൻ പ്രസിഡണ്ടും വിശ്വസ്നേഹി ജനറൽ സെക്രട്ടറിയുമാവണം."

"ജനവത്സൻ വൈസ് പ്രസിഡണ്ട്" എന്നൊരാൾ പറഞ്ഞു.

"നിരാർത്ഥകൻ അസി. സെക്രട്ടറി"യെന്ന് വേറൊരാൾ പറഞ്ഞു.

"മനോജിതൻ ഖജാൻജിയുമായാൽ കമ്മിറ്റി അംഗങ്ങൾ പൂർത്തിയായിയി"- പിന്നൊരാൾ.

ഈ സദസ്സിൽ ഹാജരായിട്ടുള്ള മറ്റെല്ലാവരും 'ധർമ്മ നിർവ്വഹണ സഭ' യിലെ അംഗങ്ങൾ ആയിരിക്കുമെന്നും സമാന ചിന്താഗതിക്കാരെ സഭയിലെ അംഗങ്ങളായി ചേർക്കാൻ എല്ലാവരും ഉത്സാഹിക്കണമെന്നും ലോകദാസൻ ഉദ്ബോധിപ്പിച്ചു. യോഗം പിരിഞ്ഞു. എല്ലാവരും നാളെ ബജാറിലുണ്ടായിരിക്കണമെന്ന് വിശ്വസ്നേഹി ഓർമ്മപ്പെടുത്തി.

# മൂന്ന്

ഒമ്പത് മണിയോടെ 'ധർമ്മനിർവ്വഹണ സഭ'യിലെ ഭാരവാഹികളും അംഗങ്ങളിൽ പലരും അങ്ങാടിയിലെത്തി. ബസ് സ്റ്റാൻഡിൽ ലോകദാസനും വിശ്വസ്നേഹിയും നിൽപ്പുണ്ടായിരുന്നു. എല്ലാവരും അവിടെ കൂടി. ജനവത്സൻ, നിരാർത്ഥകൻ, മനോജിതൻ എന്നിവരും എത്തിച്ചേർന്നു.

നാലും അഞ്ചും പേർ ഓരോ ഗ്രൂപ്പായി പല ആപ്പീസുകളിലേക്കും നിയോഗിക്കപ്പെട്ടു. കസേരകൾ കാലിയായി കിടപ്പുണ്ടോ എന്നു പരിശോധിക്കുക. ജീവനക്കാർ പുറത്തുപോകുമ്പോൾ അവരെ പിന്തുടരുക. എവിടെ, എന്തിന് പോകുന്നു എന്ന് മനസ്സിലാക്കുക. ഉഴപ്പുകയാണെന്ന് ബോദ്ധ്യമായാൽ നേരിടുക. ഇതായിരുന്നു പരിപാടി.

DNS അംഗങ്ങൾ പല ശാഖകളായി പിരിഞ്ഞു. ലോകദാസനും വിശ്വസ്നേഹിയും കമ്പോളനിരത്തിൽ ഉലാത്തിക്കൊണ്ട് സമയം കഴിച്ചുകൂട്ടി. പലരും വന്നും പോയും സംസാരിച്ചു സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നു.

ബ്ലോക്കാപ്പീസിലെ ഒരു ഗുമസ്ഥൻ ഒരു സ്റ്റേഷനറി കടയിൽ ഇരിക്കുന്നത് അയോബലന്റെ ശ്രദ്ധയിൽപ്പെട്ടു. അര മണിക്കൂർ ആ ഗുമസ്ഥൻ കടയിൽ സംസാരിച്ചു സമയം കഴിച്ചുകൂട്ടി. പുറത്തുപോകുന്ന ലക്ഷണമില്ല. അയോബലനും കൂട്ടുകാരും കടയുടെ മുമ്പിൽ വന്നു നിന്നു. അൽപ്പം കഴിഞ്ഞ് അയോബലൻ കടയിൽ പ്രവേശിച്ചു. ആ ഗുമസ്ഥനോട്

“താങ്കൾ ബ്ലോക്കാപ്പീസിലെ ക്ലാർക്കല്ലേ?”

“അതെ” അയാളുടെ മറുപടി.

“ഇത് ബ്ലോക്കാപ്പീസല്ലല്ലോ, പിന്നെ താങ്കൾ ഇവിടെ വന്നിരിക്കുന്നതെന്തേ?”

“താനെന്തിനാ അതന്വേഷിക്കുന്നത്?” ഗുമസ്തന്റെ മറുചോദ്യം.

“അതു പറയാം. നിങ്ങൾ ആപ്പീസിൽ ഇരുന്ന് പണിയെടുക്കേണ്ട ആളാണ്. ഇവിടെയിരിക്കേണ്ട ആളല്ല. ദയവായി വേഗം ആപ്പീസിൽ പോകണം” അയോബലന്റെ നിർദ്ദേശം.

“അതെനിക്കറിയാം. അത് കൽപ്പിക്കാൻ താനാരാ?” ക്ലാർക്കിന് ചൂടായി.

“ഞാനോ? ഞാൻ തനിക്ക് ശമ്പളം തരുന്ന ആളാ” അയോബലൻ.

“എനിക്ക് ശമ്പളം തരുന്നത് മഹാലയ സർക്കാരാണ്. താനല്ല” ക്ലാർക്കിന്റെ വിശദീകരണം.

“മഹാലയ സർക്കാരിന്റെ പണം ഞാനും എന്നെപ്പോലുള്ളവരും കൊടുക്കുന്ന നികുതിയാണ്. അതിൽ നിന്നാണ് നിങ്ങൾക്ക് ശമ്പളം. മര്യാദയ്ക്ക് പറയുന്നു. നിങ്ങൾ ഉടനെ ആപ്പീസിൽ പോകണം.” ഗൗരവഭാവത്തിൽ അയോബലൻ പറഞ്ഞു.

“തന്റെ കൽപ്പനയ്ക്ക് വഴങ്ങാനുള്ള ആളല്ല ഞാൻ. എന്റെ പണി എനിക്കറിയാം. താനാരാ ഇത് പറയാൻ?” ഗൗരവഭാവത്തിൽ ക്ലാർക്ക്.

"എന്റെ കൽപ്പനയല്ല, സർക്കാർ കൽപ്പനയാണ്." അൽപ്പം ഉറക്കെ അയോബലൻ പറഞ്ഞു. "ആ കൽപ്പന അനുസരിക്കാൻ താൻ ബാദ്ധ്യസ്ഥനാണ്. പരസ്യമായി നിയമലംഘനം നടത്താൻ പാടില്ല. മനസ്സിലായോ, പൊതുജനങ്ങളെ ഭയപ്പെടണം."

ഈ ശബ്ദം കേട്ടിട്ടെന്നപോലെ പുറത്തുനിന്നിരുന്ന നാലു പേർ കടയിൽ കയറി. അവരിലൊരാൾ "എന്താ ഇവിടെ?"

"ഒന്നൂല്ല. ഇയാൾ ബ്ലോക്കോഫീസിലെ ഗുമസ്ഥനാണ്. ഏറെ നേരമായി ഇവിടെ. അയാളോട് ആപ്പീസിൽ പോകാൻ പറഞ്ഞതാണ്." അയോബലൻ നിസ്സാരമാക്കി പറഞ്ഞു.

"പോകാൻ മടിയാണെങ്കിൽ ഞങ്ങൾ അയാളെ കൊണ്ടാക്കിക്കൊടുക്കാം." അയാൾ പറഞ്ഞു.

"അയാൾ പൊയ്ക്കോളും. ഇന്ന് അയാളെ വിട്ടേക്ക്. നാളെ മുതൽ ഇങ്ങനെ വന്നിരുന്നാൽ സംഗതി മോശമാകും. ഇതൊരു മുന്നറിയിപ്പ്." വേറൊരാൾ. ഇത്രയും പറഞ്ഞ് അയോബലന്റെ കയ്യും പിടിച്ച് അവർ പുറത്തിറങ്ങി കടയുടെ മുമ്പിൽ നിന്നു.

ഒരു മിനിട്ട് കഴിഞ്ഞപ്പോൾ ഗുമസ്ഥൻ പുറത്തുവന്നു. കീഴോട്ട് നോക്കിക്കൊണ്ട് നടന്നകന്നു.

അനന്തരം അയോബലനും കൂട്ടുകാരും കടയിൽ കയറി കടയുടമയോട് പറഞ്ഞു. "ഞങ്ങൾ ധർമ്മനിർവ്വഹണസഭയിലെ അംഗങ്ങളാണ്. സർക്കാരുദ്യോഗസ്ഥന്മാരെ നേരെയാക്കാനുള്ള ശ്രമത്തിലാണ്. നിങ്ങൾ മറ്റൊന്നും കരുതണ്ട."

അയോബലനും കൂട്ടുകാരും ഈ സംഭവം ലോകദാസനോടും വിശ്വസ്നേഹിയോടും പറയുകയായിരുന്നു. അപ്പോഴേക്കും ഉത്സുകനും കൂട്ടുകാരും മറ്റൊരു റിപ്പോർട്ടുമായി വന്നു. ഉത്സുകൻ പറഞ്ഞത് ഇങ്ങനെയാണ്.

"ഞാനും ഈ കൂട്ടുകാരും മുനിസിപ്പൽ ആപ്പീസ് പരിസരം നിരീക്ഷിക്കുകയായിരുന്നു. ആപ്പീസിലെ ഒരു ഗുമസ്ഥൻ പുറത്തിറങ്ങി പോയി. പിന്നാലെ ഞങ്ങളും പോയി. അയാളൊരു സൈക്കിൾ കടയിൽ കയറിയിരുന്നു സംസാരിക്കുകയാണ്. ഞങ്ങൾ ദൂരെ നിന്ന് നിരീക്ഷണം തുടങ്ങി. ഒരു മണിക്കൂറോളം ഞങ്ങൾ അവിടെ നിന്നു. ഇയാൾ ഇറങ്ങിപ്പോകാനുള്ള ഭാവമില്ല. അപ്പോൾ ഞങ്ങൾ കടയുടെ മുമ്പിൽ പോയി നിന്നു. അവരുടെ ശ്രദ്ധയിൽപെടത്തക്കവിധം അവരെ ശ്രദ്ധിക്കാൻ തുടങ്ങി. പത്ത് പതിനഞ്ച് മിനിട്ട് കഴിഞ്ഞ് ഞാൻ കടയിൽ കയറി ആ ഗുമസ്ഥനോട് ചോദിച്ചു. "നിങ്ങൾ മുനിസിപ്പൽ ആപ്പീസിലെ ക്ലാർക്കല്ലേ?" അതേയെന്നയാൾ സമ്മതിച്ചു. അപ്പോൾ ഞാൻ " പിന്നെന്താ ഇവിടെയിരിക്കുന്നു? ആപ്പീസിലേക്ക് പോ" എന്നു പറഞ്ഞു. അതിനയാൾ തട്ടിക്കയറി. ഭംഗിയല്ലാത്ത മറുപടി പറഞ്ഞു. ഇതുകേട്ട ഉടൻ കൂട്ടുകാരും കടയിൽ കയറി. ഒരാൾ ഗുമസ്ഥന്റെ ഷർട്ടിന് പിടിച്ചു. "നിങ്ങൾ

സർക്കാർ ശമ്പളം പറ്റുന്ന ആളാണ്. നിങ്ങൾ ആപ്പീസിലിരുന്ന് പണിയെടുക്കണം. പുറത്ത് അലഞ്ഞുനടന്നാൽ ഞങ്ങൾ വിടില്ല." എന്നുപറഞ്ഞു. നന്നായൊന്നു കുലുക്കിവിട്ടു. അപ്പോൾ മറ്റൊരാൾ പറഞ്ഞു. "ഇന്ന് അയാളെ വിടൂ. നാളെ പുറത്തുകണ്ടാൽ നമുക്ക് കൈകാര്യം ചെയ്യാം." അങ്ങനെ ഞങ്ങൾ കടയിൽ നിന്ന് ഇറങ്ങിനിന്നു. കുറച്ച് കഴിഞ്ഞ് അയാൾ പുറത്തുവന്ന് ആപ്പീസിന്റെ നേരെ നടന്നകന്നുകൊണ്ടിരിക്കുന്നത് കണ്ടുകൊണ്ട് വിവരം പറയാൻ ഞങ്ങൾ ഇങ്ങോട്ടുപോന്നു."

രണ്ട് സംഭവങ്ങളുടെ റിപ്പോർട്ടും കേട്ട് ലോകദാസനും വിശ്വസ്നേഹിയും തൃപ്തി ഭാവിച്ചു. നാളെ മുതൽ പ്രവർത്തനം അൽപ്പം ഊർജ്ജസ്വലമാക്കാമെന്ന് അവർ നിശ്ചയിച്ചു. എല്ലാവരും പിരിഞ്ഞുപോയി.

പിറ്റേ ദിവസം ഒമ്പതു മണിക്ക് എല്ലാവരും ബസ് സ്റ്റാൻഡിൽ സമ്മേളിച്ചു. ചെറുസംഘങ്ങളായി പല ആപ്പീസുകളിലേക്കും പോയി. ആപ്പീസിൽ പ്രവേശിച്ചാൽ കസേരകൾ കാലിയുണ്ടോ എന്നു നോക്കും. അങ്ങനെയാണ് ജീവനക്കാർ അകത്തോ പുറത്തോ എന്ന് നിർണ്ണയിക്കുക. പുറത്തുള്ളവരെ തേടിപ്പിടിക്കലാണ് അടുത്തപണി.

അന്ന് താലൂക്കാഫീസിലെ ഒരു ഗുമസ്ഥനെ ഒരു കടയിലിട്ട് പിടികൂടി. അയാൾ അൽപ്പം മുഷ്ക്ക് കാണിച്ചു. നാലഞ്ച് പേർ വളഞ്ഞ് അയാളെ ശകാരിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുമെന്ന് ഭയപ്പെടുത്തുകയും ചെയ്ത ശേഷം മാത്രമാണ് അയാൾ പത്തിമടക്കി ആപ്പീസിലേക്ക് പോയത്. അപമാനിതനായ അയാൾ സംഗതി പുറത്താരോടും പറഞ്ഞില്ല.

പക്ഷേ, അന്ന് വൈകീട്ട് അതേ ആപ്പീസിലെ മറ്റൊരു ജീവനക്കാരനെ പിടികൂടി. ഉഴപ്പീസ് എന്ന് ഉറപ്പായാൽ മാത്രമേ പിടികൂടുകയുള്ളൂ. ആ സംഘത്തിന്റെ നേതാവ് പ്രിയതമനായിരുന്നു. ആപ്പീസിലേക്ക് പോകാൻ വിനയപൂർവ്വം അപേക്ഷിച്ചപ്പോൾ ഗുമസ്ഥൻ അപമര്യാദയായി സംസാരിച്ചു. അന്നേരം ഗ്രൂപ്പുകാർ വളഞ്ഞു. അപ്പോൾ അയാൾ അസഭ്യം പറഞ്ഞു. തുടർന്ന് പ്രിയതമനുമായി അടിപിടിയായി. ഉന്തും തള്ളും മാത്രം. തല്ല് നടന്നില്ല. അങ്ങനെ സംഘട്ടനം കലാശിച്ചു.

ആ ഗുമസ്ഥൻ ആപ്പീസിലെത്തി തഹസിൽദാരോടു വിവരം പറഞ്ഞു. അയാളെ കുറച്ചാളുകൾ ആക്രമിച്ചു എന്നായിരുന്നു റിപ്പോർട്ട്. ആക്രമണത്തിനുള്ള കാരണമോ സംഭാഷണത്തിന്റെ ചുരുക്കമോ തഹസിൽദാരെ അറിയിച്ചില്ല. തഹസിൽദാർ സംഭവം പോലീസിൽ റിപ്പോർട്ട് ചെയ്തു.

പിറ്റേ ദിവസം പോലീസ് സബ് ഇൻസ്പെക്ടർ തഹസിൽദാരുടെ ഓഫീസിലെത്തി. തഹസിൽദാരിൽ നിന്നും ആക്രമിക്കപ്പെട്ട ഗുമസ്ഥനിൽ നിന്നും സ്റ്റേറ്റ്മെന്റ് വാങ്ങി. തുടർന്ന് സബ് ഇൻസ്പെക്ടർ ബജാറിൽ വന്നു. അന്വേഷണം നടത്തിയതിൽ പ്രിയതമനും മറ്റ് മൂന്ന് പേരുമാണ് പ്രതികളെന്ന് മനസ്സിലാക്കി. അവർ അങ്ങാടിയിൽ പതിവ് പ്രവർത്തനത്തിൽ നിരതരായി തെരു

വിലുണ്ടായിരുന്നു. താമസിയാതെ പ്രിയതമനെയും മൂന്ന് കൂട്ടുകാരെയും അറസ്റ്റുചെയ്തു സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

ആദ്യമായി പ്രിയതമനെ ചോദ്യം ചെയ്ത് സ്റ്റേറ്റ്മെന്റ് വാങ്ങി. സ്റ്റേറ്റ്മെന്റ് ഇപ്രകാരമായിരുന്നു.

സർക്കാർ ആപ്പീസുകളിൽ ജോലി ചെയ്യുന്നവർ പ്രവർത്തിസമയങ്ങളിൽ തെരുവിൽ ചുറ്റിത്തിരിയുന്ന ശീലം വളരെ നാളായി നിലനിൽക്കുന്നു. പൊതുജനങ്ങൾക്ക് അതിനാൽ ബുദ്ധിമുട്ട് നേരിടുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഈ ദുശ്ശീലം മാറ്റിയെടുക്കുന്നതിനും അവരെ കർമ്മനിരതരാക്കാനും ഉദ്ദേശിച്ചുകൊണ്ട് ഈ പട്ടണത്തിൽ കുറേ പേർ ധർമ്മനിർവ്വഹണസഭ എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ജനദ്രോഹമല്ല, ജനസേവനമാണ്. അതിലെ അംഗങ്ങളെന്ന നിലയിൽ ഉഴപ്പി നടക്കുന്ന ഉദ്യോഗസ്ഥരെ ഉപദേശിക്കുകയും ആപ്പീസിലിരുന്ന് പണിയെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഞങ്ങളുടെ പ്രവർത്തനം. താലൂക്കാപ്പീസിലെ ഉദ്യോഗസ്ഥനെ ഉപദേശിച്ചപ്പോൾ അയാൾ അസഭ്യവും പുലഭ്യവും പറഞ്ഞു. അപ്പോൾ ഞാനുമായി ഉന്തും തള്ളുമായി. അടിപിടിയുണ്ടായില്ല. എന്റെ കൂട്ടുകാർ കാണികളായി നിന്നു. അതിലിടപെട്ടില്ല.

മറ്റുള്ളവരെ ചോദ്യം ചെയ്തപ്പോൾ പ്രിയതമന്റെ മൊഴികൾ എല്ലാവരും ശരിവെച്ചു.

എസ്.ഐ. പിന്നെ കൂടുതൽ ആഴത്തിൽ വിഷയം പരിശോധിച്ചു. അവരിൽ നിന്ന് തെളിവെടുത്തു. സഭയുടെ ഭാരവാഹികൾ ലോകദാസൻ, വിശ്വസ്നേഹി എന്നിവരാണെന്നും അവരുടെ നിർദ്ദേശമനുസരിച്ചാണ് സഭാംഗങ്ങൾ പ്രവർത്തിക്കുന്നതെന്നും സഭാംഗങ്ങൾ നിലവിലുള്ള ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിലെ അംഗങ്ങളല്ലെന്നും ധർമ്മനിർവ്വഹണസഭ ശുദ്ധസമുദായസേവനം ചെയ്യാൻ മാത്രമാണെന്നും ചോദ്യം ചെയ്യലിൽ വ്യക്തമായി.

അനന്തരം എസ്.ഐ. ഹെഡ് കോൺസ്റ്റബിളിനെ അയച്ചു. ലോകദാസൻ, വിശ്വസ്നേഹി, ജനവത്സൻ എന്നിവരെ വിളിപ്പിച്ചു. സ്റ്റേഷനിൽ വരുത്തി. അവർ ആഭിജാത്യവും യോഗ്യതയുമുള്ള മാന്യന്മാരായി എസ്.ഐ.ക്ക് അറിയാമായിരുന്നതിനാൽ അവരെ മാന്യമായി സ്വീകരിച്ചു. ഭംഗിയായി പെരുമാറി കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു. രാഷ്ട്രീയം തീണ്ടിയിട്ടില്ലാത്തതും സർക്കാർ ജോലിക്കാരെ കർമ്മനിരതരാക്കാൻ ഉദ്ദേശിച്ചുള്ളതുമാണ് സഭയുടെ പ്രവർത്തനമെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ആപ്പീസർ തൽക്കാലം കൂടുതൽ നടപടിയെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. അവരെ പിരിച്ചുവിട്ടു.

ഈ അനുഭവം സഭാംഗങ്ങൾക്ക് തങ്ങളുടെ പ്രവൃത്തിയിൽ പ്രോത്സാഹനവും ധൈര്യവും നൽകി. കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുവാൻ അത് പ്രേരകവുമായി. പിറ്റേ ദിവസത്തെ പത്രത്തിൽ വാർത്ത വന്നു. അതിപ്രകാരമായിരുന്നു.

മുന്നേറ്റം താലൂക്കാപ്പീസിലെ ജീവനക്കാരനെ ദേഹോപദ്രവമേൽപ്പിച്ചതിന് നാല് യുവാക്കൾ അറസ്റ്റിലായി. മുഷ്ക്കുപാണിയെന്ന അപ്പർ ഡിവിഷൻ ക്ലാർക്കിനാണ് ദേഹോപദ്രവമേറ്റത്. പട്ടണത്തിലെ പ്രിയതമനും അയാളുടെ മൂന്നുകൂട്ടുകാരുമാണ് അറസ്റ്റിലായത്. നഗരത്തിൽ ധർമ്മനിർവ്വഹണസഭ എന്ന പേരിൽ ഈയിടെ നിലവിൽ വന്ന സംഘടനയിലെ അംഗങ്ങളാണ് ഇവർ. രാഷ്ട്രീയപാർട്ടി ബന്ധമില്ലാത്ത ഈ സംഘടനയുടെ ലക്ഷ്യം സർക്കാർ ഉദ്യോഗസ്ഥരെ ആപ്പീസിലിരുത്തി പണിയെടുപ്പിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് നിവാരണം കാണുക എന്നതാണ്. ഇവർ എല്ലാ ആപ്പീസുകളും നിരീക്ഷിക്കുകയും ജോലി ചെയ്യാതെ പുറത്ത് അലയുന്നവരെ പിടികൂടി ഉപദേശിച്ചുനേരെയാക്കുകയും ചെയ്യുന്ന പ്രവൃത്തിയിൽ നിരതരായിരിക്കുകയാണെന്ന് അന്വേഷണത്തിൽ മനസ്സിലാകുന്നു. ഇത് എല്ലാ ആപ്പീസുജോലിക്കാർക്കും ഒരു മുന്നറിയിപ്പ് മാത്രമാണെന്നും കൂടുതൽ കർശനമായ നടപടികൾക്ക് സാദ്ധ്യതയുണ്ടെന്നും ജനസംസാരമുണ്ട്.

പത്രവാർത്തയുമായി സഭാംഗങ്ങൾ ബസ് സ്റ്റാൻഡിൽ വന്നുചേർന്നു. ലോകദാസൻ മുതൽപേർ എല്ലാവർക്കും സന്തോഷമായി. ജനങ്ങളുടെ ജോലിഭാരം കുറയാൻ ഈ പത്രവാർത്ത ഹേതുവായെന്ന് ലോകദാസൻ പറഞ്ഞു. ശരിയാണ്, ഇനി ഗുമസ്ഥന്മാർ ജോലിസമയത്ത് പുറത്ത് തെണ്ടിത്തിരിയാൻ ധൈര്യപ്പെടുകയില്ല. പിടികൂടുമെന്ന ഭയപ്പാടുണ്ടായിരിക്കും. എന്നാലും കുറച്ച് ദിവസം കൂടി എല്ലാ ആപ്പിസുകൾക്ക് ചുറ്റും ജാഗ്രത പാലിക്കണമെന്ന് അവർ തീരുമാനിച്ചു. ഗ്രൂപ്പുകളായി പിരിഞ്ഞു.

## നാല്

ബ്ലോക്കാപ്പീസിലെ ക്ലർക്കും അയോബലനുമായി തർക്കമുണ്ടായ വിവരമറിഞ്ഞ് അയോബലന്റെ ചങ്ങാതിമാരായ നാലഞ്ചുപേർ അയാളെ സമീപിച്ച് അത്തരം പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിയാൻ ആവശ്യപ്പെട്ടു. ഇവർ ATS (അഖില താരഭസംഘം) ൽപെട്ടവരാണ്. ആ ക്ലാർക്കും ATS അനുഭാവിയാണ്. ആ രാഷ്ട്രീയ ചായ്‌വ് അനുസരിച്ചാണ് അവരുടെ നീക്കം. അയോബലൻ അവരോട് പറഞ്ഞു. "നമുക്ക് ലേകദാസനുമായി ഒരഭിമുഖം നടത്താം. നമ്മുടെ മനോഭാവങ്ങൾ, ആശയങ്ങൾ, ലക്ഷ്യങ്ങൾ എല്ലാം കൈമാറാം. അങ്ങനെ ഒരു പ്രവർത്തനരീതി രൂപപ്പെടുത്താം"

അവർ സമ്മതിച്ചു. പിറ്റേ ദിവസം പോകാമെന്ന് പരിപാടി ഉറപ്പിച്ചു. അന്നു തന്നെ ആ വിവരം അയോബലൻ ലോകദാസന് കൊടുക്കുകയും ചെയ്തു.

പത്രവാർത്ത കണ്ട് പ്രിയതമന്റെ ചങ്ങാതിമാർ ചിലർ അയാളെ സമീപിച്ചു. അതിൽ നിന്നും അയാളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പ്രിയതമന്റെ അഭിപ്രായം സ്വീകരിച്ച് ആ ചങ്ങാതിമാർ ലോകദാസനുമായി നേരിട്ട് സംസാരിക്കാമെന്ന് സമ്മതിച്ചു. പിറ്റെ ദിവസം രാവിലെയെന്ന് സമയവും നിശ്ചയിച്ചു.

അവർ STY സർവ്വതാരഭയോഗം അംഗങ്ങളാണ്. മുഷ്ക്കുവാണി STY അനുഭാവിയാണ്. നാളത്തെ പരിപാടിയെപ്പറ്റി പ്രിയതമൻ ലോകദാസനെ അറിയിച്ചു.

ഈ അഭിമുഖത്തെക്കുറിച്ചുള്ള വിവരം DNS (ധർമ്മനിർവ്വഹണസഭ) അംഗങ്ങളെ എല്ലാവരെയും അറിയിച്ചിരുന്നു. അതനുസരിച്ച് പിറ്റേന്ന് രാവിലെ എട്ടുമണിയോടുകൂടി അയോബലനും ATS അംഗങ്ങളും പ്രിയതമനും STY അംഗങ്ങളും വിശ്വസ്നേഹി, ജനവത്സൻ, നിരാർത്ഥകൻ എന്നീ DNS ഭാരവാഹികളും കൂടാതെ DNS ലെ മനോജിതൻ, ത്രിഭാഷി, സഫലകർമ്മി, മനോരഞ്ജൻ, ശുഭവാഹൻ, ക്ഷേമദായൻ തുടങ്ങി മറ്റു പലരും ലോകദാസന്റെ ഭവനത്തിലെത്തിച്ചേർന്നു.

ആദ്യം തന്നെ ലോകദാസൻ ഒരു പ്രസ്താവന ചെയ്തു. അതിങ്ങനെയാണ്. "അയോബലനും പ്രിയതമനും എനിക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ATS, STY എന്നീ രാഷ്ട്രീയസംഘടനകളിലെ അംഗങ്ങൾ അവർ രണ്ടുപേരുടെയും സാമൂഹ്യപ്രവർത്തനങ്ങളിൽ നിന്ന് അവരെ നിരുത്സാഹപ്പെടുത്തുന്നു എന്നാണ് റിപ്പോർട്ട്. അത് ശരിയാണെന്ന് നിങ്ങളുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നു. അവർ രണ്ടുപേരും DNS ലെ അംഗങ്ങളാണ്. ആ സഭയുടെ പ്രസിഡണ്ടാണ് ഞാൻ. ഞങ്ങളുടെ ഉദ്ദേശം രാഷ്ട്രീയപാർട്ടികൾക്കെതിരല്ല. സർക്കാരുദ്യോഗസ്ഥന്മാരെ നിലക്ക് നിർത്താനും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് കുറക്കാനുമാണ് ഒരു കാര്യവും നീതിയായും സത്യമായും കൃത്യസമയത്ത് നടക്കുന്നില്ല എന്ന സത്യം നമുക്കെല്ലാവർക്കും അറിയാം. ആ നില മാറ്റാനാണ് നമ്മുടെ ശ്രമം. അതിനോട് നിങ്ങൾ സഹകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സഹകരിക്കാൻ അപേക്ഷിക്കുന്നു.

"ഇനി ഒരു കാര്യം എനിക്ക് ഉദ്ബോധിപ്പിക്കാനുണ്ട്. രാഷ്ട്രീയ അണികളായ യുവാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ATS, STY പരസ്പരം വൈരാഗ്യത്തിലാണ്. അധികാരം കൈക്കലാക്കുക എന്നതാണ് ഇരുസംഘടനകളുടെയും ലക്ഷ്യം. പിന്നെ SJS (സർവ്വജനസമിതി) ജനസംരക്ഷണസമാജം (JSS) താരഭപോഷണസംഘം (TPS) എന്നിങ്ങനെയുള്ള രാഷ്ട്രീയപാർട്ടികളോടു ചേർന്ന്നിന്ന് അധികാരം പങ്കിടുകയെന്ന ലക്ഷ്യത്തോടെ നീങ്ങുന്നവയാണ്. പാർട്ടികളുടെ വഴക്കും വക്കാണവും ബാധിക്കുന്നത് ആരെയാണ്? അണികളെ തല്ലാനും കൊല്ലാനും കൊള്ളയടിക്കാനും ചാകാനും അണികൾ. മുതലെടുക്കാൻ നേതാക്കന്മാർ. നേതാക്കന്മാർ വിയർക്കാതെ കാറിലേറി സഞ്ചരിക്കുന്നു. അധികാരം കിട്ടുമ്പോൾ സ്വാർത്ഥം നേടുന്നു. അങ്ങിനെ കുറേ വലിയോന്മാർ ധനം നേടുന്നു. സുഖിക്കുന്നു. അണികൾ തല്ലിട്ട് ചാകുന്നു. അമ്മമാർക്ക് മക്കൾ നഷ്ടപ്പെടുന്നു. സ്ത്രീകൾക്ക് ഭർത്താക്കന്മാർ നഷ്ടപ്പെടുന്നു. മക്കൾ അനാഥരായിത്തീരുന്നു. കുടുംബം പട്ടിണി, കഷ്ടപ്പാട്, എന്തിനീ വയ്യാവേലി - അവനവന്റെ ജോലി നോക്കി സമാധാനമായി കുഞ്ഞികുട്ടികളോടുകൂടി

കുടുംബത്ത് കഴിഞ്ഞുകൂടിയാ മതി. രാഷ്ട്രീയഭ്രാന്തുമായി ഓടിനടന്ന് അയൽവാസികളുമായി ശണ്ഠ കൂടി ചാവാൻ പോണ്ട. പോലീസിന്റെ തല്ല് കൊള്ളണ്ട. ജയിലിൽ പോകണ്ട. തടികേടാക്കണ്ട. മനഃക്ലേശം വേണ്ട. ഒരു രാഷ്ട്രീയവും വേണ്ട. നാട്ടിൽ സമാധാനം നിലനിൽക്കാൻ കഴിയും വിധം സേവനം ചെയ്യുക. സ്വയം ചിന്തിക്കുക. ഏതാണ് നല്ലതെന്ന് തീരുമാനിക്കുക."

STY ൽ പെട്ട ഒരാളുടെ ചോദ്യം "രാഷ്ട്രീയവും നേതാക്കന്മാരുമില്ലെങ്കിൽ രാജ്യം ഭരിക്കാൻ ആരാണുള്ളത്?"

"രാജ്യം ഭരിക്കാൻ നേതാക്കന്മാർ വേണം. രാഷ്ട്രീയക്കാർ വേണ്ട. രാഷ്ട്രീയക്കാർ ഭരിക്കാൻ തുടങ്ങിയാൽ എതിർപാർട്ടിക്കാർ കുഴപ്പം സൃഷ്ടിക്കും. മര്യാദയ്ക്ക് ഭരിക്കാൻ വിടില്ല. അധികാരം തട്ടിപ്പറിക്കാൻ എന്ത് വൃത്തികേടും ചെയ്യും. ഭരിക്കുന്നവരോ നാടും നാട്ടാരും നന്നാവാനല്ല, സ്വാർത്ഥലാഭത്തിനും അധികാരം നിലനിർത്താനുമുള്ള ശ്രമത്തിൽ ഭരിക്കാൻ മറന്നുപോകും. രാഷ്ട്രീയമില്ലാത്ത നേതാക്കന്മാരാണെങ്കിൽ നാടും നാട്ടാരും നന്നാവാൻ ശ്രമിക്കും. ജാതിമതഭേദമന്യേ താരഭനാട്ടിലെ എല്ലാവരും ഉയർന്നുവരണമെന്നാഗ്രഹിക്കും. അങ്ങിനെയുള്ള നേതാക്കന്മാർ ഉണ്ട്. ബുദ്ധിജീവികൾ, സാഹിത്യകാരന്മാർ, താത്വികന്മാർ, ത്യാഗിതുല്യന്മാർ... അത്തരക്കാരെ അധികാരത്തിലേറ്റണം." ഇതായിരുന്നു ലോകദാസന്റെ മറുപടി.

എല്ലാവരും നിശ്ശബ്ദം.

SJS (സർവ്വജനസമിതി) അംഗം ഒരാക്ഷേപം ഉയർത്തി. "നിങ്ങളുടെ DNS ന്റെ പ്രവർത്തനം പോലീസ് കേസായില്ലേ?"

അതിന് വിശ്വസ്നേഹി മറുപടി കൊടുത്തു. "ഞങ്ങൾ സമാധാനത്തിൽ ഉപദേശിക്കുക മാത്രമാണ് ചെയ്യുന്നത്. അത് ഫലപ്പെട്ടില്ലെങ്കിൽ സമാധാനപരമായ മറ്റു മാർഗങ്ങൾ ആരായും. മുഷ്ക്കുവാണി അസഭ്യം പറഞ്ഞതുമൂലം ഒരു ചെറിയ ബഹളമുണ്ടായി. അത്ര മാത്രം. അത് മറ്റൊരു നിലയ്ക്ക് നന്നായി. പത്രവാർത്ത കണ്ട് മറ്റുള്ള ആപ്പീസിലെ ജോലിക്കാരും ഉഴപ്പാൻ പോകാതെ കൃത്യനിഷ്ഠയോടെ ജോലിചെയ്യുന്നുണ്ട്."

പിന്നെയും മൗനം.

അൽപ്പം കഴിഞ്ഞ് "DNS ന്റെ ജോലിക്ക് സമയമായി. നമുക്ക് ടൗണിലേക്ക് പുറപ്പെടാം." ലോകദാസന്റെ നിർദ്ദേശം.

അതോടെ എല്ലാവരും പുറത്തേക്കിറങ്ങി, ബസാറിലേക്ക് പോയി. DNS അംഗങ്ങൾ പല ആപ്പീസുകളുടെ പരിസരങ്ങളിൽ ഉലാത്തിക്കൊണ്ടിരുന്നു. ആപ്പീസിലെ കസാരകളിൽ ആളുണ്ടോ എന്നും പരിശോധിക്കയായി.

സബ് ഇൻസ്പെക്ടർ തഹസിൽദാരെ കണ്ട് ഒരു കാര്യം അദ്ദേഹത്തെ ഉണർത്തി. "DNS എന്ന സംഘടന പ്രവർത്തനനിരതരാണ്. ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയും പത്രത്തിൽ വരികയും ചെയ്താൽ അത്

ആപ്പീസിനും സർക്കാരിനും അപമാനകരമാണ്. ആകയാൽ സ്റ്റാഫിനെ താക്കീത് ചെയ്ത് കൃത്യനിഷ്ഠയോടെ ആപ്പീസിലിരുന്ന് ജോലിചെയ്യാൻ അവരെ സജ്ജമാക്കണം."

രണ്ടാഴ്ച DNS പ്രവർത്തിച്ചപ്പോൾ എല്ലാ സർക്കാർ സ്ഥാപനങ്ങളും മര്യാദയ്ക്ക് പണി ചെയ്യാൻ തുടങ്ങി. ആരും പ്രവർത്തനസമയത്ത് ഉഴപ്പാനും ലാത്തിയടിക്കാനും പുറത്തിറങ്ങാതായി. DNS പ്രവർത്തകർ എപ്പോഴും കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്നുണ്ടെന്ന ധാരണ പരന്നുകഴിഞ്ഞു. കാര്യം മംഗളം, ശുഭം.

## അഞ്ച്

മുൻ നിശ്ചയപ്രകാരം ഒരു ദിവസം DNS ന്റെ യോഗം ലോകദാസന്റെ വീട്ടിൽ കൂടി. പ്രസിഡണ്ടിന്റെ ആമുഖം ഇപ്രകാരമായിരുന്നു.

"നാം ഏതാണ്ട് ഒരു മാസമായി നമ്മുടെ പ്രവർത്തനം സംഘടിതമായി നടത്തുന്നു. അതിന്റെ ഫലവും നാം കണ്ടു. ഗുമസ്ഥന്മാരെല്ലാവരും കൃത്യമായി ആപ്പീസിലെത്തി പണിയെടുക്കുന്നുണ്ട് എന്നുറപ്പായി. പക്ഷേ, അതുകൊണ്ട് നമ്മുടെ ജോലി തീർന്നുവെന്ന് ധരിക്കരുത്. പൊതുജനങ്ങളുടെ കാര്യങ്ങൾ ന്യായമായും സത്യനിഷ്ഠയോടെയും നിർവ്വഹിക്കപ്പെടുന്നുണ്ടോയെന്ന് നാം അന്വേഷിക്കണം. കൈക്കൂലിക്കാർ ഒരു കാര്യവും ഭംഗിയാക്കുകയില്ല. കക്ഷികളെ ഓരോന്നു പറഞ്ഞ് ബുദ്ധിമുട്ടിക്കും. ഒരാവശ്യത്തിന് എത്ര പ്രാവശ്യം നടന്നാലാണ് കാര്യം നടക്കുക. ആപ്പീസിനകത്ത് ഇരുന്നുകൊണ്ട് ജനങ്ങളെ ദ്രോഹിക്കാൻ ജീവനക്കാർക്ക് കഴിയും. ആപ്പീസിലെ മേലുദ്യോഗസ്ഥൻ ഇതൊന്നും അറിഞ്ഞെന്ന് വരില്ല. ഇനി അറിഞ്ഞാലും ഒന്നും ചെയ്യാൻ കഴിഞ്ഞെന്നുവരില്ല. യൂണിയന്റെ കാലമല്ലേ. കണ്ടാലും കണ്ണടക്കും. കുഴപ്പം ഉണ്ടാക്കേണ്ട എന്നുകരുതും. അതുകൊണ്ട് നമുക്ക് ചിലത് ചെയ്യാം. നമ്മൾ എല്ലാ ആപ്പീസിനു ചുറ്റും നിലയുറപ്പിക്കണം. ആപ്പീസ് സന്ദർശിച്ച് മടങ്ങുന്നവരോട് അവർ വന്ന കാര്യം നിറവേറിയോ എന്നന്വേഷിക്കണം. അവർക്ക് വല്ല ബുദ്ധിമുട്ടും നേരിടുന്നുണ്ടോ എന്നറിയണം. കരുതിക്കൂട്ടി ദ്രോഹിക്കയാണെന്ന് സംശയം ജനിച്ചാൽ നമ്മളതിലിടപെടണം. വർഷങ്ങൾ പഴക്കമുള്ള അനേകം ഫയലുകൾ കെട്ടിക്കിടക്കുന്നു എന്ന് സർക്കാർ സമ്മതിക്കുന്നു. എല്ലാ ആപ്പീസിലും പണിയെടുക്കാതെ ശമ്പളം പറ്റുന്ന ഗുമസ്തരും അധികാരികളും മേലധികാരികളും ഉണ്ടെന്നർത്ഥം. അതിന് തടയിടാനുള്ള പ്രയത്നം നാം തുടങ്ങിവെയ്ക്കണം. ആപ്പീസ് സന്ദർശിക്കുന്നവരെ സഹായിക്കുക. അവരുടെ കൂട്ടുകാരെന്ന നിലയിൽ വിഷയം മനസ്സിലാക്കി ഗുമസ്ഥനോ ആപ്പീസറോ പറയുന്ന മറുപടി ശ്രദ്ധിക്കുക. കാര്യത്തിന്റെ പുരോഗതി വീക്ഷിക്കുക. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ദ്രോഹകരമായാണോ പ്രവർത്തിക്കുന്നതെന്ന് എളുപ്പം തീരുമാനിക്കാൻ കഴിയും. അങ്ങനെ സംശയമുണ്ടായാൽ ഒച്ചപ്പാടുണ്ടാക്കണം.

സംഭവം പരസ്യമാക്കണം. പത്തുപേരറിയണം. പൊതുജനം ഇടപെടുമെന്ന സൂചന കൊടുക്കണം. അപ്പോൾ കാര്യം നേരെയാകും.

"രണ്ടോ മൂന്നോ സംഭവങ്ങൾ പരസ്യമായാൽ പിന്നെ വൃത്തികേടുകൾ ആപ്പീസിൽ ഉത്ഭവിക്കുകയില്ല. ന്യായമായ ആവശ്യങ്ങൾ നിറവേറ്റിയില്ലെങ്കിൽ പൊതുജനം അറിയും, അവർ ഇടപെടും എന്ന ഭയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുണ്ടാകും. മാത്രമല്ല നമ്മുടെ ശ്രദ്ധയില്ലെങ്കിലും കക്ഷികൾ അവരുടെപ്രശ്നങ്ങളുമായി DNS അംഗങ്ങളെ സമീപിക്കാൻ തുടങ്ങും. അപ്പോൾ നമ്മുടെ യത്നം ലഘൂകരിക്കപ്പെടും."

നമ്മുടെ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമാണിത്. ഇത് വിജയിച്ചാൽ മൂന്നാം ഘട്ടത്തിലേക്ക് നീങ്ങാം. രണം ഇല്ലാതെ ഭരണമില്ല.

വിശ്വസ്നേഹി ഈ പരിപാടി പിന്താങ്ങി. എല്ലാവരും മൗനസമ്മതത്തോടെ പിരിഞ്ഞു.

പതിവുപോലെ ചെറുഗ്രൂപ്പുകൾ അഞ്ചും ആറും ആളുകൾ ഓരോ ആപ്പീസിലും സ്ഥിരം നിരീക്ഷകരായി നിലകൊണ്ടു. കാര്യസാദ്ധ്യത്തിനായി ആപ്പീസ് സന്ദർശിക്കാൻ വരുന്നവരെ ഒരു DNS കാരൻ അകമ്പടിയായി ആപ്പീസിൽ പ്രവേശിക്കും. കാര്യം മനസ്സിലാക്കി സ്ഥിതിഗതികൾക്കനുസരിച്ച് സന്ദർശകനെ ഉപദേശിച്ചയക്കും. അയാളുടെ അടുത്ത സന്ദർശനത്തിന് ഇയാൾ അകമ്പടിയായി കൂടും. കാര്യം നിറവേറുന്നതിന് അന്യായമായോ അമിതമായോ തടസ്സമോ താമസമോ സംഭവിക്കുന്നതായി കണ്ടാൽ ആപ്പീസറെയോ മേലുദ്യോഗസ്ഥനെയോ കണ്ട് ആക്ഷേപം ബോധിപ്പിക്കുകയും കാര്യം നടത്തിച്ചെടുക്കുകയും ചെയ്യും. എല്ലാ ആപ്പീസിലും ഈ സമ്പ്രദായം ഒരു മാസം തുടർന്നു. പിന്നെപ്പിന്നെ ആപ്പീസ് സ്റ്റാഫിന് സംഗതിയുടെ കിടപ്പ് മനസ്സിലായി. DNS ഇതിന്റെ പിന്നലുണ്ടെന്നും. ഉരുട്ടും പിരട്ടും പിത്തലാട്ടവും ഇനി നടക്കുകയില്ലെന്നും കൈക്കൂലി കിട്ടാനുള്ള മോഹം വെച്ചുപുലർത്തിയാൽ പണ്ടത്തെപ്പോലെ ഇനി നടക്കുകയില്ലെന്നും അവർക്ക് ബോദ്ധ്യമായി. തൽഫലമായി മുന്നേറ്റം പട്ടണത്തിലെ എല്ലാ ഓഫീസുകളും വളരെ കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങി. ആർക്കും ഒരാക്ഷേപവുമില്ലാതെ സർക്കാർ കാര്യങ്ങൾ വേണ്ടപോലെ നടക്കുകയാണ്.

ഇപ്പോഴത്തെ അവസ്ഥ കൂടുതൽ ലളിതമായി. DNS ആപ്പീസിന് കാവൽ നിന്നില്ലെങ്കിലും ആപ്പീസ് സന്ദർശകന്മാർ DNS നെ മുൻകൂട്ടി അവരുടെ കാര്യം ധരിപ്പിക്കുകയും സേവനം ആവശ്യപ്പെടുകയും ചെയ്യാൻ തുടങ്ങി. ഇതുമൂലം നഗരത്തിലെ എല്ലാ സർക്കാർ ജീവനക്കാരും DNS ന്റെ സാന്നിദ്ധ്യം ഭയപ്പെടുകയും സ്വന്തം ഉത്തരവാദിത്വത്തിൽ ബോധവാന്മാരായിത്തീരുകയും ചെയ്തു.

വാർത്താമാദ്ധ്യമങ്ങളിലൂടെയും കർണ്ണാകർണ്ണികയായും മുന്നേറ്റം ടൗണിലെ DNS പ്രവർത്തനത്തെക്കുറിച്ച് മുന്നേറ്റം താലൂക്കിലെ എല്ലാ വില്ലേജുകളിലും വിവരം പരസ്യമായിത്തീർന്നു. രാഷ്ട്രീയ ഭ്രാന്തില്ലാത്ത മാന്യന്മാർ

ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുന്നേറ്റക്കാരെ അനുകരിക്കുന്ന കാര്യം ആലോചിച്ചുതുടങ്ങി. നാട്ടുകാരുടെ ബുദ്ധിമുട്ടുകൾ അറിഞ്ഞിട്ടും ഒരു ചലനവുമില്ലാതെ നിസ്സംഗരായി കഴിഞ്ഞുകൂടിയിരുന്ന നേതൃമാന്യന്മാർ മുന്നേറ്റത്ത് വന്ന് ലോകദാസനെയും വിശ്വസ്നേഹിയെയും കണ്ടു. അവരുടെ പ്രവർത്തനരീതി ചോദിച്ചറിഞ്ഞു. അവരുടെ ഉപദേശവുമായി നാട്ടിൻപുറത്ത് തിരിച്ചുവന്ന് സമാനചിന്തകരായവർ സംഘടിച്ചു. സർക്കാർ ആപ്പീസ് പ്രവർത്തനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. ഇപ്പോഴെന്തുണ്ടായി എന്നുവെച്ചാൽ മുന്നേറ്റം താലൂക്ക് സൽഭരണത്തിന് പ്രശസ്തമായിത്തീർന്നു.

ലോകദാസന്റെ പ്രസ്താവന കേട്ടു മൗനം ദീക്ഷിച്ച് തിരിച്ചുപോയ ATS, STY അണികൾ സ്വയം ഉള്ളിലേക്ക് വലിഞ്ഞുചിന്തിക്കാൻ തുടങ്ങി. നേതാക്കളുടെ സുഖസൗകര്യത്തിനും ക്ഷേമൈശ്വര്യങ്ങൾക്കും ജീവിതാസ്വാദനത്തിനും ഇതരസ്വാർത്ഥലാഭത്തിനും വേണ്ടി നാമെന്തിന് കഷ്ടപ്പെട്ട് പാഞ്ഞുനടന്നു മുദ്രാവാക്യം വിളിച്ചും ജനങ്ങളുമായി ശണ്ഠ കൂടി നാട്ടിൽ കുഴപ്പം സൃഷ്ടിച്ച് ജീവത്യാഗം ചെയ്യുന്നു എന്നിങ്ങനെയായിരുന്നു അവരുടെ ചിന്ത. രാഷ്ട്രീയ നേതാക്കൾ അംഗീകാരത്തിനും സ്വാർത്ഥലാഭത്തിനും വേണ്ടി അണികളെ ചൂഷണം ചെയ്കയാണെന്ന് അവർക്ക് മനസ്സിലായി. തൽഫലമായി അവർ രാഷ്ട്രീയം വിടാൻ തീരുമാനമെടുത്തു. അവർ പാർട്ടി സെക്രട്ടറിക്ക് രാജിക്കത്തുകൾ ഒറ്റയായും കൂട്ടായും അയച്ചുതുടങ്ങി. ഈ പ്രവണത ATS, STY, SJS, JSS, TPS എന്നിങ്ങനെയുള്ള രാഷ്ട്രീയപാർട്ടികളിലെല്ലാം ദൃശ്യമായി. കൂട്ടരാജി വാർത്ത പത്രദ്വാരാരാജ്യമെങ്ങും പരന്നു. യുവാക്കൾ ഭൂരിഭാഗവും ഈ പുതിയ ചിന്താഗതിയിൽ ആകൃഷ്ടരാവുകയും അതിലെ യുക്തിഭദ്രത ബോധ്യമാകുകയും ചെയ്തു. അങ്ങനെ താലൂക്കിലെ സിംഹഭാഗം ജനങ്ങളും രാഷ്ട്രീയം ഉപേക്ഷിച്ചു എന്നുമാത്രമല്ല, DNS ൽ അംഗങ്ങളായി അവരോട് സഹകരിക്കാൻ തുടങ്ങുകയും ചെയ്തു.

അണികളിൽ അനേകം പേർ അനിശ്ചിതാവസ്ഥയിൽ അവശേഷിച്ചിട്ടുണ്ട്. പാർട്ടി വിടാനോ DNS ൽ ചേരാനോ ഒരു തീരുമാനവും എടുക്കാതെ ആകാശഭൂമികൾക്കിടയിൽ കുറേപ്പേർ തൂങ്ങിക്കിടന്നു. സ്നേഹിതനിൽ കുറ്റം കണ്ടാൽ പെട്ടെന്ന് അയാളെ ദൂരപ്പെടുത്താൻ മനസ്സ് സമ്മതിക്കില്ലല്ലോ. അറ്റാലൊരു തീരുമാനമെടുക്കാനുള്ള ഒരു നിമിഷം നേരിടുമെന്ന പ്രതീക്ഷയിൽ അവർ കഴിഞ്ഞുകൂടുകയാണ്.

രാജിവാർത്ത നാടു നിറഞ്ഞു. മുന്നേറ്റം താലൂക്കിലെ സമാധാന അന്തരീക്ഷം ജനങ്ങൾ അറിഞ്ഞു. ഈ പ്രവർത്തനം അടുത്ത താലൂക്കായ ഗതിവേഗം വേഗം പകർത്തി. അങ്ങനെ ശീഘ്രപാതി, ഉയിർപ്പത്തി മുതലായ എല്ലാ താലൂക്കിലും DNS സ്ഥാപിച്ചു പ്രവർത്തനനിരതമായി. ആപ്പീസുകൾ നന്നായി. പ്രവർത്തനങ്ങൾ ഉത്തമനിലവാരത്തിലായി. ഉദ്യോഗസ്ഥന്മാർ സത്യസന്ധന്മാരും രാഷ്ട്രസേവകന്മാരുമായി രൂപാന്തരപ്പെട്ടു. അഞ്ചാറുമാസങ്ങൾ കഴി

ഞ്ഞപ്പോഴേക്കും DNS പ്രവർത്തനം എല്ലാ ജില്ലകളിലേക്കും വ്യാപിച്ചു. യുവാക്കൾ രാഷ്ട്രീയം കൈവിട്ടു സമൂഹത്തെ പിടിച്ചു. താമസിയാതെ മഹാലയ സംസ്ഥാനം മാതൃകാ സംസ്ഥാനമായി തീർന്നുവെന്ന് പറയാം.

ലോകദാസന്റെ ഒരു പ്രാരംഭചിന്ത വിശ്വസ്നേഹിയുടെ പിന്തുണയോടെ ഒരു വിപ്ലവമായി രൂപം പ്രാപിച്ചു. മഹാലയ സംസ്ഥാനത്തെ ഈ അരാഷ്ട്രീയ വിപ്ലവം ജയഹർഷം, സർവ്വഭോഗി, ഗുണദായിനി, വിശാലഗേഹം, ഭദ്രകോമളം, ശുദ്ധാത്മിനി മുതലായ സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചു. അവിടെയുള്ള ബുദ്ധിജീവികളും സാഹിത്യകാരന്മാരും ഉന്നതന്മാരും ഈ ചിന്താതരംഗം ഏറ്റുപിടിച്ചു. അങ്ങനെ താരഭനാട്ടിൽ ഒരു പുതിയ കോളിളക്കം സംസൃഷ്ടമായി.

ലോകദാസൻ താരഭനാട്ടിലെ ശ്രദ്ധേയനായ വ്യക്തിയായി മാറി. സകല പത്രങ്ങളും അദ്ദേഹത്തിന്റെ മാതൃകാസേവനങ്ങളെ പ്രശംസിക്കുകയും അതിന്റെ മഹാവിജയത്തിൽ ആഹ്ലാദിക്കുകയും ചെയ്തു. താരഭത്തിൽ അറിയപ്പെടുന്ന ധനികന്മാരും സമുദായനേതാക്കളും ലോകദാസനെ സ്വീകരിച്ചാദരിക്കാനും പുതിയ ചിന്താഗതിക്കനുസരിച്ചുള്ള ഭരണം നാട്ടിൽ സ്ഥാപിക്കാനും ആഗ്രഹം പ്രകടിപ്പിച്ചു. വിശ്രുതരായ വിശ്വമോഹനൻ, ജ്ഞാനഭൂഷണൻ, അതിശയപ്രജ്ഞൻ, മതിപുംഗവൻ, പ്രഭാപൂരിതൻ എന്നിവർ കൂട്ടായി ഒരു പ്രസ്താവന പത്രത്തിൽ കൊടുത്തു. താരഭതലസ്ഥാനനഗരിയായ ഉത്തുംഗപുരിയിൽ ലോകദാസന്നും കൂട്ടുകാർക്കും ഒരു സ്വീകരണം നൽകുവാനും അതോടുകൂടി താരഭനാട്ടിന് മൊത്തമായി DNS കമ്മിറ്റി സ്ഥാപിക്കാനുമുള്ള തീരുമാനമായിരുന്നു ആ പ്രസ്താവന.

ഉത്തുംഗപുരിയിൽ വിശ്വമോഹനന്റെ മേൽനോട്ടത്തിൽ ഒരു സ്വീകരണസമിതി രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. എല്ലാ സ്റ്റേറ്റിൽ നിന്നും സ്വീകരണയോഗത്തിലേക്ക് സമാനചിന്താഗതിക്കാരെ ക്ഷണിച്ചു. ലോകദാസന്നും കൂട്ടുകാർക്കും ക്ഷണക്കത്തുകളയച്ചു, അതനുസരിച്ച് നിശ്ചിതദിവസം ഉത്തുംഗപുരയിൽ ഒരു മഹായോഗം നടന്നു. ലോകദാസൻ, വിശ്വസ്നേഹി, ജനവത്സൻ, നിരാർത്ഥകൻ, മനോജിതൻ എന്നിവരെ പൊന്നാടകൾ അണിയിച്ച് സ്വീകരിച്ച് അനുമോദിച്ചു. ആ യോഗത്തിൽ അഖില താരഭധർമ്മനിർവ്വഹണസമിതിക്ക് (ATDNS) ജന്മം നൽകി. വിശ്വമോഹൻ പ്രസിഡണ്ടായും ജ്ഞാനഭൂഷണൻ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. മതിപുംഗവനാണ് വൈസ് പ്രസിഡണ്ട്. പ്രഭാപൂരിതൻ അസി. സെക്രട്ടറിയും ഖജാൻജിയായി സുഭാഷിതനെ തെരഞ്ഞെടുത്തു. സഭയുടെ ഭരണഘടനയുണ്ടാക്കുവാൻ അതിശയപ്രജ്ഞനെ ചുമതലപ്പെടുത്തി. എല്ലാ സംസ്ഥാനത്തിലും സഭ രൂപീകരിക്കുന്നതിന് അതാത് സംസ്ഥാനത്തിൽ നിന്നുവന്ന പ്രതിനിധികളെ ഭാരപ്പെടുത്തി.

ലോകദാസനും കൂട്ടുകാരും മുന്നേറ്റത്ത് മടങ്ങിയെത്തിയപ്പോൾ നാട്ടുകാരുടെ ഗംഭീരസ്വീകരണമുണ്ടായി. അനന്തരം മുന്നേറ്റം താലൂക്കിന്റെ വക ഒരു സ്വീകരണം മുന്നേറ്റം പട്ടണത്തിൽ സംഘടിപ്പിച്ചു. ആ സ്വീകരണയോഗത്തിൽ

ലോകദാസൻ പറഞ്ഞു.

"ഞങ്ങൾക്ക് തന്ന സ്വീകരണത്തിന് എല്ലാവരുടെയും പ്രതിനിധിയായി ഞാൻ നന്ദി പറയുന്നു. എന്റെ മനസ്സിൽ തോന്നിയ ചെറിയൊരു ആശയം നാം എല്ലാവരും സഹകരിച്ച് പ്രവർത്തിച്ചപ്പോൾ അത് താരഭം മുഴുവൻ വ്യാപിച്ച വലിയ ഒരു പ്രസ്ഥാനമായി വളർന്നു. നാട്ടിലെ ഭരണം ഒട്ടുമുക്കാലും ഭംഗിയായിത്തീർന്നു. അഴിമതി തീരെ ഇല്ലെന്ന് തന്നെ പറയാം. അതാണ് ഞാൻ പറഞ്ഞത് രണമില്ലാതെ ഭരണമില്ലെന്ന്. ഇനിയും നമുക്ക് പരിഷ്ക്കാരങ്ങൾ ഭരണത്തിൽ വരുത്താനുണ്ട്. അതിന് നമ്മുടെ രണം തുടർന്നുകൊണ്ടിരിക്കണം. എന്നാൽ ഭരണം നിശ്ചയമായും നാടിന് ആഭരണമായിത്തീരുന്നതാണ്. അതിന് ഞാനും നിങ്ങളും കൂട്ടായുള്ള പ്രവർത്തനം അനവരതം തുടരേണ്ടിയിരിക്കുന്നു. ആ കാര്യത്തിൽ നിങ്ങളുടെ സഹകരണമുണ്ടാകുമെന്ന് വിശ്വസിക്കുകയും ഉണ്ടാകണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ഇപ്പോൾ താരഭരാജ്യത്തിന് മൊത്തമായി അഖില താരഭ ധർമ്മനിർവ്വഹണസഭ (ATDNS) ഉത്തുംഗപുരിയിൽ സ്ഥാപിച്ചുകഴിഞ്ഞിരിക്കയാണ്. അതിന്റെ പ്രസിഡണ്ടായ വിശ്വമോഹന്റെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും കീഴ്പ്പെട്ട് നാം എല്ലാവരും നിസ്വാർത്ഥമായി അച്ചടക്കത്തോടെ ഐക്യത്തോടെ ജീവിക്കാൻ തുടങ്ങിയാൽ നിശ്ചയമായും ഈ നാട് ഭൂമിയിലെ സ്വർഗമായിത്തീരും. ഈ നാടും നാട്ടാരും ലോകത്തിന് മാതൃകയായിത്തീരുന്നതാണ്. എല്ലാം നമ്മെ ആശ്രയിച്ചിരിക്കുന്നു.

ഇപ്പോൾ ദേശീയാന്തരീക്ഷത്തിൽ ഒരു കോളിളക്കവുമില്ല. കാറ്റടങ്ങി ശാന്തമായ ഒരവസ്ഥ. കെട്ടിടം, ആപ്പീസ്, പാലം, റോഡ് എന്നിവ ഉദ്ഘാടനം ചെയ്യാൻ മന്ത്രിമാർ വരുന്നില്ല. കാരണം അവർ വരുന്നേടത്ത് മുമ്പത്തെപ്പോലെ ആൾക്കൂട്ടമില്ല, ആർഭാടമില്ല. പാർട്ടി പ്രചരണയോഗങ്ങളിൽ ഇപ്പോൾ ആളുകളില്ല. മണ്ഡലം കമ്മിറ്റി തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളാവാൻ ആരും മുന്നോട്ട് വരുന്നില്ല. ചുരുക്കത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളോടും ജനങ്ങൾ നിസ്സഹകരിക്കുകയാണ്. രാഷ്ട്രീയം നിലനിൽക്കുന്നത് നാടിനും നാട്ടാർക്കും ശ്രേയസ്കരമല്ലെന്നു മാത്രമല്ല നാശകാരണമാണെന്നുകൂടി ബഹുജനങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. പഴയ ബഹളമില്ലാതെ നാടുനീങ്ങുകയാണ്.

## ആറ്

അനേകം വർഷങ്ങളായി സ്വൈര്യമില്ലാത്ത നാട്. ഉച്ചഭാഷിണിയിൽ ശബ്ദമുഖരിതമാകാത്ത ദിനങ്ങൾ ദുർലഭം. ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ വകയായി യോഗമോ, വാർഷികമോ, അനുസ്മരണമോ, പ്രതിഷേധമോ, ഘോഷയാത്രയോ, ധർണയോ എന്തെങ്കിലുമൊന്ന് ഇല്ലാത്ത നാൾ വല്ലപ്പോഴും സംഭവിച്ചെങ്കിലായി. എന്തൊരു മാറ്റം. ഇപ്പോൾ നാട് നിശ്ശബ്ദം. ജനങ്ങൾ രാഷ്ട്രീയക്കാരെ തഴയാൻ തുടങ്ങിയിരിക്കുന്നു. യോഗങ്ങളും ഘോഷയാ

ത്രയും മുദ്രാവാക്യവും പ്രസംഗങ്ങളുമില്ല. മന്ത്രിമാരും എംഎൽഎമാരും രാഷ്ട്രീയനേതാക്കളും പുറത്തധികം സഞ്ചരിക്കുന്നില്ല. രാഷ്ട്രീയക്കാരുടെ അടിപിടികളും പ്രസ്താവനകളും നിഷേധങ്ങളും ഞെട്ടിത്തെറിക്കലും പ്രതിഷേധങ്ങളും ഹർത്താലുകളും ബന്ദുകളും പണിമുടക്കുകളും ധർണ്ണകളും സത്യാഗ്രഹങ്ങളും ഒന്നും ഇപ്പോൾ നടക്കുന്നില്ല. പകൽക്കൊള്ളകളും കൊലപാതകങ്ങളും ഭവനഭേദനങ്ങളും കേൾക്കാനില്ല. പത്രങ്ങളിൽ ചൂടുള്ള വാർത്തകളില്ല. അന്തരീക്ഷം തണുത്തിരിക്കുന്നു. രാഷ്ട്രീയത്തിൽ മഞ്ഞുവീണിരിക്കുന്നു. ഈ അവസരത്തിലാണ് അസംബ്ലിയിലേക്കും പാർലമെന്റിലേക്കും തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടത്.

സകല രാഷ്ട്രീയനേതാക്കളും ഇടിവെട്ടേറ്റപോലെ ഉൾക്കിടിലം കൊണ്ടു. നാട്ടിലുണ്ടായിട്ടുള്ള സാമൂഹ്യബോധം അവരെ നിരാശരാക്കിയിരിക്കയാണ്. ഇനി ഭരണാധികാരം ഏറ്റെടുക്കാൻ കഴിയുമെന്ന പ്രതീക്ഷ ആരിലും ഇല്ല. ഉള്ളിൽ ഭയമുണ്ടെങ്കിലും പുറമെ ധൈര്യം അഭിനയിച്ച് തെരഞ്ഞെടുപ്പിൽ പതിവുപോലെയുള്ള ഭാഗഭാഗിത്വം പ്രകടിപ്പിക്കാതിരിക്കാൻ വയ്യെന്ന് ഓരോ പാർട്ടിക്കും അറിയാം. അങ്ങനെ അസംബ്ലി നിയോജകമണ്ഡലങ്ങളിലേക്കും പാർലമെന്റ് നിയോജകമണ്ഡലങ്ങളിലേക്കും എല്ലാ രാഷ്ട്രീയക്കാരും പതിവ് പോലെ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുകയും പതിവ് പ്രക്രിയകൾ നിറവേറ്റുകയും ചെയ്തു.

എല്ലാ പാർട്ടികളും പ്രചരണയോഗങ്ങൾ നടത്തുകയും മറ്റ് പാർട്ടികളെ ആക്ഷേപിക്കുകയും സ്വന്തം പാർട്ടിയുടെ സേവനമഹിമകൾ ഉദ്ഘോഷിക്കുകയും ചെയ്തു. യോഗങ്ങൾ പണ്ടത്തെപ്പോലെ ജനബാഹുല്യമുള്ളവയായിരുന്നില്ല. എല്ലാം ശുഷ്ക്കിച്ച യോഗങ്ങളായിരുന്നു. ആൾക്കൂട്ടം ഇല്ലേഇല്ല. ആരുടെ പ്രസംഗവും പൊതുജനങ്ങളുടെ മനസ്സിനെ വശീകരിക്കുന്നില്ല. പൊതുജനം രാഷ്ട്രീയക്കാരുടെ ചെയ്തികളും ഭരണരീതികളും വേദനയോടെ, അമർഷത്തോടെ, വൈരാഗ്യത്തോടെ സ്മരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു സ്ഥാനാർത്ഥി വ്യക്തിപരമായി സ്വീകാര്യനാണെങ്കിലും അയാളുടെ പാർട്ടിക്ക് ജനസമ്മതിയില്ല. പാർട്ടി ജനങ്ങൾക്ക് തൃപ്തികരമാണെങ്കിലും അതിന്റെ സ്ഥാനാർത്ഥി ജനങ്ങൾക്ക് സ്വീകാര്യനല്ല. ഇങ്ങനെ രാഷ്ട്രീയസ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാൻ ജനങ്ങൾ വിമ്മിഷ്ടപ്പെട്ട് നിൽക്കുന്ന കാലഘട്ടമാണ് ഇപ്പോൾ നേരിട്ടിരിക്കുന്നത്.

ഈ അവസരത്തിൽ വിശ്വമോഹനൻ മുന്നേറ്റത്ത് നിന്ന് ലോകദാസൻ, വിശ്വസ്നേഹി എന്നിവരെ ഉത്തുംഗപുരിയിലേക്ക് ക്ഷണിച്ചു. അതനുസരിച്ച് അവർ അവിടെയെത്തി. എല്ലാവരും മതിപുംഗവൻ, അതിശയപ്രജ്ഞൻ, ജ്ഞാനഭൂഷണൻ എന്നിവരുമായി ഒരു കൂടിയാലോചന നടന്നു. ആ സ്വകാര്യയോഗത്തിൽ ലോകദാസൻ തന്റെ മനസ്സിലുള്ള ഭാവിപരിപാടികളുടെ ഒരു ചുരുക്കസൂചന അവർക്ക് കൈമാറി. ഈ പരിഷ്ക്കരണങ്ങളെല്ലാം ക്രമപ്രവൃ

ദ്ധമായി ഭാവിയിൽ കൊണ്ടുവരണമെന്നും ഇപ്പോൾ വസ്തുത വളരെ രഹസ്യമായി മനസ്സിൽ സൂക്ഷിക്കണമെന്നും അവർ തീരുമാനിച്ചു. തത്സമയം DNS ന്റെ ഭാവി നയങ്ങളെക്കുറിച്ചും രൂപരേഖയും ഉണ്ടാക്കി.

ഈ അവസരം മുതലെടുത്ത് അഖിലതാരഭധർമ്മനിർവ്വഹണസഭ (ATDNS) തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തീരുമാനിച്ചു. അഴിമതിക്കാരായി ദുർഭരണം നടത്തിയ രാഷ്ട്രീയക്കാരെ പൊതുജനം തഴഞ്ഞുവെന്ന് ബോദ്ധ്യം വന്നിരിക്കയാൽ കാറ്റുള്ളപ്പോൾ തൂറ്റുക എന്ന ന്യായേന രാഷ്ട്രീയക്കാരെ ഭ്രഷ്ടരാക്കാനും ഒരു സൽഭരണം സ്ഥാപിക്കാനുമുള്ള യത്നം വിജയകരമാകുമെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. മുൻ രഹസ്യപ്ലാൻ അനുസരിച്ച് എല്ലാ സംസ്ഥാനങ്ങളിലും ഐക്യരൂപമുള്ള പ്രചരണരീതി നടപ്പാക്കാൻ വേണ്ടി വിശ്വമോഹനനും ജ്ഞാനഭൂഷണനും അതിശയപ്രജ്ഞനും സഹപ്രവർത്തകരും കൂടിയാലോചിച്ച് ഒരു പദ്ധതിയുണ്ടാക്കി. പല ദശകങ്ങളായി രാഷ്ട്രീയക്കാർ പല പാർട്ടിക്കാർ മാറി മാറി ഭരണം നടത്തിയതിന്റെ ഫലമായി നാടിനുണ്ടായിട്ടുള്ള നാശനഷ്ടങ്ങളും രാഷ്ട്രീയക്കാർ ചെയ്തിട്ടുള്ള അഴിമതികളും എണ്ണിയെണ്ണിപ്പറഞ്ഞ് ജനങ്ങളെ രാഷ്ട്രീയക്കാരിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള പരിപാടിയാണ് അവർ ആസൂത്രണം ചെയ്തത്. പ്രചരണവസ്തുതകൾ സർക്കുലറായി എല്ലാ സംസ്ഥാനങ്ങളിലേക്കും ഉത്തുംഗപുരിയിൽ നിന്ന് അയച്ചുകൊടുത്തു. അതിപ്രകാരമായിരുന്നു.

നാം ഒരു തെരഞ്ഞെടുപ്പിനെ നേരിടുകയാണ്. ഇതുവരെ താരഭം ഭരിച്ചിരുന്നഅഖില താരഭസംഘം (ATS) സർവ്വതാരഭയോഗം (STY) സർവ്വജനസമിതി (SJS) ജനസംരക്ഷണസമാജം (JSS) താരഭപോഷണസംഘം (TPS) എന്നീ രാഷ്ട്രീയ പാർട്ടികൾ ജനങ്ങളുടെ ഭാഗധേയങ്ങളിൽ മതിയായ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്ന് നമുക്ക് അറിയാം. ആ പാർട്ടികളെല്ലാം ഇപ്പോൾ ഒറ്റയായും കൂട്ടായും സ്ഥാനാർത്ഥികളെ നിറുത്തുമെന്ന കാര്യം ഉറപ്പാണ്. അവരുടെ മുൻകാലങ്ങളിലെ ഭരണരീതി പൊതുജനം അവലോകനം ചെയ്യേണ്ട സമയമാണിത്. അവരെത്തന്നെ വീണ്ടും രാജ്യഭരണം ഏൽപ്പിക്കാമോയെന്ന് ജനം തീരുമാനിക്കട്ടെ.

സാർവ്വദേശീയ പ്രശസ്തി നേടിയ അനേകം അഴിമതികൾ ഈ രാഷ്ട്രീയക്കാർ ചെയ്തുകൂട്ടിയിട്ടുണ്ട്. അതെല്ലാം പരസ്യമാകുമ്പോൾ ഭരണപക്ഷം ഉടനെ നിഷേധിക്കുകയും പിന്നെ വിഷയം വളച്ചൊടിക്കുകയും ചെയ്യുക പതിവാണ്. അധികാരത്തിലിരിക്കുന്നവർ അവ ഒതുക്കാൻ ശ്രമിക്കുമ്പോൾ പ്രതിപക്ഷക്കാരായ എതിർപാർട്ടിക്കാർ സത്യാവസ്ഥ കണ്ടുപിടിച്ച് പരസ്യപ്പെടുത്തും. ബഹളമാക്കും, ചോദ്യം ചെയ്യും. നിൽക്കക്കള്ളിയില്ലാതാവുമ്പോൾ അന്വേഷണ ഉത്തരവിടുകയും അന്വേഷണത്തിൽ കൈകടത്തി വസ്തുതകൾ ഒളിപ്പിച്ച് ഒന്നുമില്ലാതാക്കുകയും ചെയ്യും. ചിലപ്പോൾ അന്വേഷണറിപ്പോർട്ടിൽ അഴിമതി സ്ഥാപിച്ചെന്ന് വരും. അപ്പോൾ സർക്കാർ ആ റിപ്പോർട്ട് സ്വീകരിക്കാതെ തള്ളി

ക്കളയും. അതിന് കഴിയാതെ വരുന്ന ഘട്ടത്തിൽ ചാർജ്ജ്ഷീറ്റ് കോടതിയിൽ ഹാജരാക്കി വിചാരണ നടത്തിയാൽ സർക്കാർ കോടതിയെ സ്വാധീനിച്ച് കക്ഷിയെ കുറ്റവിമുക്തനാക്കും. ഇനി ശിക്ഷിക്കപ്പെട്ടാൽ സർക്കാർ ആ വിധി നടപ്പിൽ വരുത്താതിരിക്കും. പല കുറ്റങ്ങളും അന്വേഷിക്കാതെ നീട്ടി നീട്ടി വിസ്മൃതിയിൽ പൂഴ്ത്തിക്കളഞ്ഞിട്ടുണ്ട്. സാമ്പത്തികമായും സാമുദായിക മായും സാമൂഹ്യമായും അനേകം കുറ്റകൃത്യങ്ങൾ നടത്തുന്നു. നിയമവിരുദ്ധ മായ കർമ്മങ്ങളുടെ ഉത്തരവാദികൾ ശിക്ഷിക്കപ്പെടുന്നില്ല. ഇത് രാഷ്ട്രീയ പാർട്ടികളുടെ സംരക്ഷണമുള്ളതുകൊണ്ടാണ്. രാഷ്ട്രീയക്കാർ അധികാരദുർവി നിയോഗം ചെയ്യുന്നു. അവരുടെ ശിങ്കിടികൾ അവരുടെ സംരക്ഷണയിൽ കുറ്റ കൃത്യങ്ങൾ ചെയ്ത് സുരക്ഷിതരായി നടക്കുന്നു. രാഷ്ട്രീയക്കാരുടെയും ലക്ഷ്യം രാജ്യപുരോഗതിയല്ല. വ്യക്തിപരമായ സാമ്പത്തികനേട്ടമാണ്. ഇക്കാ ര്യത്തിൽ എല്ലാ പാർട്ടിക്കാരും തുല്യമാണ്. അനേകം ഉദാഹരണങ്ങൾ എടു ത്തുകാണിക്കാനുണ്ട്.

സർക്കാർ തലത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയ കേസുകൾ പലതുണ്ട്. ചിലത് ഇപ്പോഴും അവസാനിക്കാതെ അന്വേഷണത്തിലോ കോടതിയിലോ ആണ്. ഏറ്റവും ഒടുവിലെ ചില കേസുകൾ സൂചിപ്പിക്കാം.

ബോഫോഴ്സ് - തോക്ക് ഇടപാട്, ഹവാല കേസുകൾ - പണമിടപാട്, ഝാർഖണ്ഡ് മുക്തിമോർച്ച, കാലിത്തീറ്റ കുംഭകോണക്കേസ് - (900 കോടി രൂപ), ഓയിൽ ഇറക്കുമതി, പഞ്ചസാര ഇറക്കുമതി, ഗോതമ്പ് ഇറക്കുമതി, ടെലികോം കുഭകോണം, എൻറോൺ കരാർ, തെഹൽക ഡോട്ട് കോം - രാജ്യ രക്ഷാ ഇടപാടുകളിലെ അഴിമതി, യു.ട്ടി.ഐ. ഓഹരി വിൽപ്പനക്കേസ്, ശവ പ്പെട്ടി കുംഭകോണം, പെട്രോൾ പമ്പ് വിതരണ അഴിമതി, സർക്കാർ ഭവന ങ്ങൾ വാടകയ്ക്ക് കൊടുക്കൽ, കൊപ്രസംഭരണ കുംഭകോണം, വ്യാജമുദ്ര പത്രവിതരണം, സർക്കാർ ഉദ്യോഗസ്ഥരുടെയും ഭരണാധികാരമുള്ള രാഷ്ട്രീ യക്കാരുടെയും അറിവോടും അനുമതിയോടും അനുകൂലത്തോടും കൂടി സ്വകാ ര്യവ്യക്തികൾ നടത്തുന്ന നിയമലംഘനങ്ങളും ചെയ്യുന്ന അധാർമ്മിക പ്രവർത്തനങ്ങളും മദ്യദുരന്തക്കേസുകൾ.

പെൺവാണിഭക്കേസുകൾ - സൂര്യനെല്ലി, ഐസ്ക്രീം പാർലർ, കോതമം ഗലം, വിതുര, തിരുവനന്തപുരം, കൊച്ചി.

ഭൂമി സ്വന്തമാക്കുകയോ അന്യർക്ക് അന്യായമായി പതിച്ച് പട്ടയം കൊടു ക്കുകയോ ചെയ്ത കേസുകൾ - രാഷ്ട്രീയക്കാരും റവന്യൂ ഉദ്യോഗസ്ഥരും പങ്കാളികൾ

പൊതുജനങ്ങൾക്ക് ദ്രോഹകരമായ നടപടികൾ - അണക്കെട്ട് നിർമ്മാ ണം. ജനം ഭവനരഹിതർ ആയി.

ദേശീയോദ്ഗ്രഥന ലക്ഷ്യത്തിന് ഹാനികരമായ നടപടികൾ മൂലം ജനങ്ങൾ ശത്രുക്കളായിത്തീർന്നു. ഭാഷാ സംസ്ഥാനരൂപീകരണം, അതുമൂലം നാം എല്ലാ

വരും ഒരു ജനത എന്ന ധാരണയിൽ ഐക്യപ്പെടുന്നതിന് പകരം നാം വിവിധ ഭാഷക്കാർ എന്ന വിഭാഗീയ ചിന്തയിൽ ശത്രുതയോടെ അകന്നകന്നുപോയി. അതോടൊപ്പം സംസ്ഥാനതിർത്തിയിലുള്ള ജനങ്ങൾ ഭാഷയുടെ പേരിൽ മറ്റു സംസ്ഥാനത്തിന്റെ ഭാഗമായിത്തീരാൻ മുറവിളി കൂട്ടുകയും അത് സംസ്ഥാന ഗവൺമെന്റുകൾ അന്യോന്യം ശണ്ഠ കൂടാൻ കാരണമാകുകയും ചെയ്തു. ഒന്നിലധികം സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന നദികളിലെ ജലംപങ്കിടുന്ന കാര്യത്തിൽ സംസ്ഥാനത്തിലെ ജനങ്ങൾ തർക്കിക്കാൻ തുടങ്ങി. രഹസ്യമായി അണ കെട്ടി വെള്ളം തടഞ്ഞുനിർത്തി ബലമായി വെള്ളം ഒരു സംസ്ഥാനത്ത് നിന്ന് മറ്റ് സംസ്ഥാനത്തിലേക്ക് ചോർത്തിക്കൊണ്ടുപോകുകയുമുണ്ടായി. നമ്മളൊന്ന്, എല്ലാവർക്കും ജീവിക്കണം. എല്ലാവർക്കും ഭക്ഷണം വേണം. അതിന് എല്ലാവർക്കും വെള്ളം വേണം എന്ന ധാരണയിൽ ജലം ന്യായമായ വിതരണം നിർവ്വഹിക്കുന്നതിന് പകരം സ്വാർത്ഥചിന്തയിലൂടെ അന്യത്വം ഭാവിച്ച് ബലപ്രയോഗത്തിനൊരുങ്ങുകയായിരുന്നു. അന്യരുടെ ആവശ്യം പരിഗണിക്കാതെ കഴിയുന്നത്ര ജലം സ്വന്തമാക്കാൻ ഓരോ സംസ്ഥാനവും ശ്രമിക്കുകയായിരുന്നു.

ഉൽഗ്രഥനാശയത്തിന് ഇതിലും ഗൗരവമേറിയ ഹാനി ഏൽക്കേണ്ടി വന്നിട്ടുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള ചിന്താഗതി അധികാര രാഷ്ട്രീയക്കാരെ സ്വാധീനിച്ചു. തൽഫലമായി നാടിന്റെ ഗുണഭോക്താക്കളെ തുല്യമായിക്കാണാൻ അവർക്ക് കഴിഞ്ഞില്ല. ഭരണഘടനയിൽ ന്യൂനപക്ഷസമുദായക്കാർക്ക് ഉദ്യോഗസംവരണം ചെയ്തിട്ടുണ്ട്. പക്ഷേ നിയമനവേളയിൽ അവർക്കുള്ള ഓഹരി തികച്ചും കൊടുക്കാൻ ഉദ്യോഗസ്ഥ പ്രമുഖർ തയ്യാറായില്ല. അവർ ആ നിയമം ലംഘിച്ചു. സ്വജാതി സ്നേഹം കാണിച്ച് ന്യൂനപക്ഷത്തിന്റെ അവകാശം കവർന്നെടുത്തു. അതാരും ചോദ്യം ചെയ്തില്ല. ഭരണകർത്താക്കൾ കണ്ടു, കണ്ണടച്ചു. അങ്ങനെ സമുദായങ്ങളുടെയിടയിൽ സ്പർദ്ധയും വിദ്വേഷവും ഉണ്ടാവാനിടയാക്കി. ഇതിനും പുറമെ ചില സമുദായങ്ങളുടെ മതാചാരങ്ങൾക്ക് വിരുദ്ധമായി നിയമനിർമ്മാണത്തിനുള്ള തയ്യാറെടുപ്പുമുണ്ടായി. ഗോവധ നിരോധം, ഏകസിവിൽ കോഡ്, ഏകഭാര്യാവ്രതം, വിവാഹമോചന നിയമം ഇതിലൊക്കെ സർക്കാർ കൈകടത്തി. ഇങ്ങനെ മതത്തിന്റെ പേരിൽ അനൈക്യമുണ്ടായി. ജനം അകലാൻ തുടങ്ങിയതോടെ അതിന്റെ അനന്തരഫലമെന്നോണം സമുദായലഹളകൾ പൊട്ടിപ്പുറപ്പെട്ടു. മുറാദാബാദ്, മീററ്റ്, അഹമ്മദാബാദ്, ഭീവണ്ടി, ഭഗൽപൂർ, സൂറത്ത്, ബോംബെ എന്നിവിടങ്ങളിൽ ഹിന്ദു-മുസ്ലിം ലഹളകളുണ്ടായി. സർക്കാർ പിന്തുണയോടെ ബാബരി മസ്ജിദ് പൊളിച്ചു. അനേകം മുസ്ലിം ദേവാലയങ്ങൾ ഹിന്ദുക്കൾ കയ്യടക്കി. സമുദായമദ്ധ്യേ ശത്രുതയും ശക്തമായ ഗൂഢാലോചനയും ഉണ്ടായെന്നർത്ഥം.

ഗുജറാത്തിലുണ്ടായ കൂട്ടക്കൊല കുപ്രസിദ്ധമാണ്. പണ്ട് ജർമ്മനിയിൽ

ഹിറ്റ്ലർ ജൂതന്മാരെ കൊന്നൊടുക്കിയതുപോലെ മുസ്ലിംകളെ കൂട്ടത്തോടെ കൊന്നൊടുക്കുകയായിരുന്നു. ബെസ്റ്റ് ബേക്കറി കൊലപാതകം, ബലാൽസംഗം, ഗോധ്ര തീവണ്ടിക്ക് തീവെയ്പ്പ്, 'മതശത്രുത'യിൽ മനോനില തെറ്റിയ ഭൂരിപക്ഷ സമുദായാംഗമായ രാഷ്ട്രീയക്കാരാണ് ഈ മൃഗീയ സംഹാരം നടത്തിയത്. അത് തടയാൻ താരഭ ഭരണഘടനയിൽ വകുപ്പുണ്ടായിരുന്നില്ലെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ട്. പ്രധാനമന്ത്രിയും പ്രസിഡണ്ടും അനങ്ങിയില്ല. ഈ കൂട്ടക്കൊല മാസങ്ങളോളം നീണ്ടുനിന്നു.

മതവൈരാഗ്യത്തിന്റെ മറ്റൊരു ഫലം മതപ്രചരണം, മതപരിവർത്തനം പാടില്ലയെന്ന നിർദ്ദേശമാണ്. മതപ്രചാരകന്മാരെ കൊലചെയ്തു. അവരുടെ (ക്രൃസ്ത്യാനികളുടെ) ചർച്ചുകൾ ആക്രമിച്ചു. കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തു. അങ്ങനെ സമുദായങ്ങൾക്കിടയിൽ പിരിമുറുക്കം ഉണ്ടാക്കിയത് ഈ രാഷ്ട്രീയനേതൃത്വമാണ്. ഭരണഘടനയിൽ മതസ്വാതന്ത്ര്യം ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിലും ആ നിയമം പ്രാവർത്തികമാക്കാൻ രാഷ്ട്രീയ ഭരണകർത്താക്കൾ തയ്യാറായില്ല.

പൊതുധനം നശിപ്പിച്ച ചില നടപടികളുണ്ടായിട്ടുണ്ട്. ലാഭത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്ക് വിറ്റു. സർക്കാർ വകുപ്പുകൾ ജനങ്ങൾക്ക് നടത്താൻ വിട്ടുകൊടുത്തു. സർക്കാർ സ്കൂളുകൾ, കോളേജുകൾ അവഗണിച്ചുകൊണ്ട് സ്വകാര്യസ്ഥാപനങ്ങൾ വളരാൻ വിട്ടു. വിദ്യാർത്ഥികളുടെ പണച്ചിലവ് കൃത്രിമമായി വർദ്ധിപ്പിച്ചു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളും ടെക്നിക്കൽ കോളേജുകളും നടത്താൻ വ്യക്തികളെ അനുവദിച്ചു. തോന്നിയമാതിരി ഉയർന്നഫീസ് ചുമത്തി വ്യവസായവൽക്കരിക്കാൻ സ്വകാര്യവ്യക്തികൾക്ക് സ്വാതന്ത്ര്യം നൽകി. ധനികർക്ക് മാത്രമേ ആ ചിലവ് താങ്ങാൻ കഴിയുകയുള്ളൂ. അങ്ങനെ ബഹുജനങ്ങൾ രണ്ട് തട്ടിലായി വിഭജിക്കപ്പെട്ടു. ടെലഫോൺ സർക്കാർ നടത്തുന്നതിൽ ജനങ്ങൾക്ക് വിഷമകരമായ നയങ്ങൾ സ്വീകരിച്ചു. ചാർജ്ജ് വർദ്ധിപ്പിച്ചു. കർക്കശ നിയമങ്ങൾ ഉണ്ടാക്കിയും പൾസ് നീളം കുറച്ചും അതേ സമയം സ്വകാര്യവ്യക്തികളെ ഫോൺ സിസ്റ്റം നടത്താൻ അനുവദിക്കുകയും പല സൗകര്യങ്ങളും വിട്ടുവീഴ്ചകളും ഇളവുകളും ചെയ്തുകൊടുക്കുകയും ചെയ്തു. ഫലമെന്തായി? ജനങ്ങൾ സർക്കാർ ഫോൺ എടുക്കാതെ സ്വകാര്യകമ്പനി ഫോൺ എടുക്കാൻ ചേക്കേറി. സർക്കാരിന് നികുതി കുറഞ്ഞു. വിദേശികൾക്ക് കമ്പനി സ്ഥാപിക്കാനും അമിതലാഭമെടുത്ത് നാടിന്റെ സമ്പത്ത് ചൂഷണം ചെയ്യാനും വഴിയൊരുക്കി. ജനങ്ങൾക്ക് കുടിക്കാൻ പോലും വെള്ളം ലഭ്യമല്ലാത്തപ്പോൾ ഭൂമിയിലെ ജലം വിദേശകമ്പനികൾക്ക് വിറ്റു. ജനം ബഹളം കൂട്ടിയിട്ടും സർക്കാർ പിന്മാറിയില്ല. കോടതി ഇടപെടേണ്ടി വന്നു. ഇതിലെല്ലാം അനേക കോടിയുടെ അഴിമതിയുണ്ട് എന്ന് പറയേണ്ടതില്ലല്ലോ.

പല സർക്കാർ വകുപ്പുകളിലും ധാരാളം സ്ഥാനങ്ങൾ ഒഴിഞ്ഞു കിടക്കു

ന്നു. ആ സ്ഥാനങ്ങൾ പുതിയ ഉദ്യോഗാർത്ഥികളെ നിയമിച്ചു പൂരിപ്പിക്കുന്നി ല്ല. PSC പരീക്ഷകൾ നടത്തി വിജയികളുടെ പട്ടിക തയ്യാറാക്കി വെച്ചിട്ടുണ്ട്. പല വർഷങ്ങൾ പഴക്കമുള്ളവയുണ്ട്. എന്നിട്ടും നിയമനം നടത്താതെ മേലു ദ്യോഗസ്ഥന്മാർ ഇഷ്ടജനങ്ങളെയും സ്വജനങ്ങളെയും താൽക്കാലികക്കാരായി പിൻവാതിലിലൂടെ നിയമിക്കുകയാണ്. ഈ ലിസ്റ്റ് ഒന്നോ രണ്ടോ വർഷം കഴി യുമ്പോൾ റദ്ദാക്കുകയും വീണ്ടും പരീക്ഷ നടത്തുകയും ചെയ്യും. ഇത് അനേകം ഉദ്യോഗാർത്ഥികളെ നിരാശരാക്കുന്നു. ഇങ്ങനെ പൊതുജനദ്രോഹം നടത്തിക്കൊണ്ടിരിക്കുകയാണ്.

സർക്കാർ ജീവനക്കാർക്ക് പല ആനുകൂല്യങ്ങളും മുൻകാലങ്ങളിൽ കൊടുത്തിരുന്നത് നിർത്തലാക്കി. നിയമപ്രകാരം കൊടുക്കേണ്ടതായ DA അതാത് സമയങ്ങളിൽ കൊടുക്കാതെ കുടിശ്ശികയാക്കി. മരാമത്ത് വകുപ്പിൽ ബിൽ പാസ്സാക്കാതെ കോൺട്രാക്ടർമാർ കരാർ എടുക്കുന്നില്ലെന്ന് തീരുമാ നിക്കേണ്ടി വന്നിട്ടുണ്ട്. ആസ്പത്രികളിൽ മരുന്നില്ല. റോഡുകൾ നന്നാക്കുന്നി ല്ല. പാലങ്ങൾ കേടുതീർക്കാതെ പൊളിഞ്ഞ് അപകടമുണ്ടാകുന്നു. പല പണി കളും ചെയ്യാൻ ബാക്കിയുണ്ട്. ഖജനാവിൽ പണമില്ലാത്തത് കാരണമായി കാണിക്കപ്പെടുന്നു. സർക്കാർ ഫീസുകളും നികുതികളും കൃത്യമായി ജന ങ്ങൾ അടക്കുന്നു. ഈ ചാർജ്ജുകൾ കാലാനുഗതമായി വർദ്ധിപ്പിക്കുന്നുമുണ്ട്. അന്തർദേശീയ ഫണ്ടിൽ നിന്നും കൂടാതെ ADBയിൽ നിന്നും മറ്റും ധാരാളം പണം കടമെടുക്കുന്നുണ്ട്. എന്നിട്ടും ക്ഷാമം തീരുന്നില്ല. സെയിൽ ടാക്സ്, ഇൻകം ടാക്സ്, ഇലക്ട്രിസിറ്റി ചാർജ് ഈ വകയിൽ കോടികൾ പിരിഞ്ഞു കിട്ടാനുണ്ട്. ആ കുടിശ്ശിക വസൂലാക്കുന്നില്ല. സ്വജനങ്ങളെ സഹായിക്കുന്ന തിന് വേണ്ടി അത് പിരിക്കാതെ വിട്ടിരിക്കയാണ്. കോടികൾ കടം തരുന്ന കുത്തകമുതലാളിമാരുടെ സമ്മർദ്ദത്തിന് വഴങ്ങി അവർ നിർദ്ദേശിക്കുന്നത നുസരിച്ച് ഭരണച്ചിലവ് ചുരുക്കുന്ന നടപടി സ്വീകരിക്കുകയുണ്ടായി. ജീവന ക്കാരുടെ എണ്ണം ചുരുക്കുക. അവർക്കുള്ള ആനുകൂല്യങ്ങൾ കുറക്കുക. സ്കൂളുകൾ അടക്കുക. ആസ്പത്രികൾ അവഗണിച്ച് പ്രയോജനകരമല്ലാതാ ക്കുക. പദ്ധതികൾ വെട്ടിച്ചുരുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക എന്നി ങ്ങനെയുള്ള ദ്രോഹകരങ്ങളായ പലതും ചെയ്തുകൂട്ടി. എന്നിട്ടും ക്ഷാമം തീരു ന്നില്ല. പൊതുധനം സ്വകാര്യമടിശ്ശീലയിലേക്ക് ചോർന്നുപോയാൽ ക്ഷാമം വർദ്ധിക്കുകയല്ലേ ചെയ്യുക.

ഇങ്ങനെയുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലും രാഷ്ട്രീ യക്കാർ സ്വന്തം കാര്യം ഭംഗിയായി നിറവേറ്റുന്നുണ്ട്. മന്ത്രിമാരുടെയും എംഎൽഎമാരുടെയും എംപിമാരുടെയും ശമ്പളം, അലവൻസ് എല്ലാം ഇട ക്കിടെ വർദ്ധിപ്പിച്ചു. അതോടൊപ്പം മറ്റാനുകൂല്യങ്ങളും. ടെലഫോൺ, തീവ ണ്ടിയാത്ര, വിമാനയാത്ര, താമസസൗകര്യം, വാഹനം എല്ലാം സർക്കാർ വക സൗജന്യം. ഇപ്പോൾ എംഎൽഎ. മാർക്ക് പെൻഷൻ കൊടുക്കാനും തുടങ്ങി

യിരിക്കുന്നു. പലവക അനുചിതമായ നടപടികളിലൂടെയുള്ള വരുമാനം വേറെ. അങ്ങനെ രാഷ്ട്രീയക്കാർ നാടിന്റെ സമ്പത്ത് വലിയൊരംശം സ്വന്തമാക്കി ക്കൊണ്ടിരിക്കുകയാണ്. ഒരു എം.പി.യുടെ വരുമാനം നോക്കുക.

മാസശമ്പളം 12000/-

മണ്ഡലബത്ത 10000/-

ഓഫീസ് ബത്ത 14000/-

ദിനബത്ത 500/- (യോഗം ഉള്ളപ്പോൾ)

യോഗങ്ങൾക്ക് വരാൻ വിമാനടിക്കറ്റ്, ഇത് കൂടാതെ രാജ്യത്ത് എവിടെയും പോകാൻ 32 വിമാനടിക്കറ്റ്, തീവണ്ടിയിൽ ഒന്നാം ക്ലാസ് എസി. ഭാര്യക്കും ഭർത്താവിനും സഹായിക്കും യാത്രാസൗകര്യങ്ങൾ. ആകെ 540 എം.പി. മാർ. മന്ത്രിമാരുടേത് വേറെ.

ഇതുപോലെ ഓരോ സംസ്ഥാനത്തിലും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, എംഎൽ എമാർ, ഇവരുടെ ശമ്പളം, അലവൻസ്, ബത്ത, പെൻഷൻ എല്ലാം കൂടി വമ്പിച്ച തുക ആവശ്യമാണ്.

ചില സംസ്ഥാനങ്ങളിൽ കൂറ്റൻ മന്ത്രിസഭകളാണ്. മുപ്പതും നാൽപ്പതും മന്ത്രിമാർ ഭരണനിർവ്വഹണത്തിന് വേണ്ടിയല്ല, ഇത്രയും മന്ത്രിമാർ, മുഖ്യമ ന്ത്രിയുടെ നിലനിൽപ്പിന് വേണ്ടി. എല്ലാ പാർട്ടികളേയും തൃപ്തിപ്പെടുത്തി സ്വന്തം കസേര ഭദ്രമാക്കാൻ. ഒരു സംസ്ഥാനത്ത് 91 ജംബോ മന്ത്രിസഭ. (രാ ജ്യത്തിന് വലിയ ഭാരവും ബാദ്ധ്യതയുമാണിത്. 30 കൊല്ലം സർക്കാരിന് വേണ്ടി പണിയെടുത്ത ഉദ്യോഗസ്ഥന്മാർക്ക് എന്തുണ്ട്? അവർക്ക് ജോലിയുള്ളപ്പോഴും പെൻഷനായാലും ജീവിതം തൃപ്തികരമല്ല. അവർക്ക് വല്ല ആനുകൂല്യങ്ങ ളും ചെയ്തുകൊടുക്കാൻ രാഷ്ട്രീയക്കാർ തയ്യാറല്ല. കാര്യമായ അദ്ധ്വാനം കൂടാതെ തടിച്ച ശമ്പളം വാങ്ങി സുഖഭൂയിഷ്ടമായി സുഭിക്ഷമായി രാഷ്ട്രീ യക്കാർ വിലസുമ്പോൾ അദ്ധ്വാനിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് കുമ്പിൾകഞ്ഞി.

രാഷ്ട്രീയക്കാർ അവരുടെ സൗകര്യത്തിനുവേണ്ടി ചില നിയമങ്ങൾ പാസ്സാ ക്കാറുണ്ട്. പാർട്ടിക്കുള്ളിൽ കാല് മാറ്റം നിയന്ത്രിക്കാൻ, തോൽക്കുമെന്ന് ഭയ മുള്ളവർ ഒന്നിലധികം നിയോജകമണ്ഡലങ്ങളിൽ ഒരേസമയം സ്ഥാനാർത്ഥി കളായി നിൽക്കാൻ, തെരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധിയല്ലാത്തവരെ മന്ത്രി യാക്കാൻ ഇതിനൊക്കെയുള്ള നിയമസംവിധാനം ആയിക്കഴിഞ്ഞു.

സ്വന്തം നില ഭദ്രമാക്കാൻ, എല്ലാ രാഷ്ട്രീയക്കാരും വേണ്ടതൊക്കെ ചെയ്തുകൊണ്ടിരിക്കുന്നു. ആ കാര്യത്തിൽ എല്ലാ പാർട്ടിക്കാരും ഏകാഭിപ്രാ യക്കാരാണ്. പണ്ട്, പെൻഷനുണ്ടായില്ല. ഇപ്പോൾ ഇടക്കാലത്താണ് പെൻഷൻ ഏർപ്പെടുത്തിയത്. ഇന്ന് ഏറ്റവും നല്ല തൊഴിൽ രാഷ്ട്രീയമാണ്. അതിന് വിദ്യാഭ്യാസ യോഗ്യതയൊന്നും ആവശ്യമില്ല. എൻട്രൻസ് പരീക്ഷയുമില്ല. അധികാരമില്ലാതായാലും മരണം വരെ ആനന്ദകരമായി ജീവിക്കാനുള്ള വക പൊതുധനത്തിൽ നിന്ന് ലഭ്യമാകുമല്ലോ.

കൊലയാളികളും ക്രിമിനൽ കുറ്റക്കാരും ജനദ്രോഹികളുമായ നാടൻ നേതാക്കൾ MLAമാരായും MPമാരായും മന്ത്രിമാരായും ഭരണരംഗത്ത് വരുന്നു. അത് പൊതുജനങ്ങളുടെയിടയിൽ അസ്വസ്ഥതക്കും നിരാശക്കും സമാധാനഭഞ്ജനത്തിനും ഭയത്തിനും കാരണമായിത്തീരുകയാണ്.

രാഷ്ട്രീയക്കാർ അധമവും അക്ഷന്തവ്യവുമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്യാൻ മടിക്കാറില്ല. പാർട്ടിയിൽ ആത്മാർത്ഥ പ്രവർത്തകരും പ്രബല വാഗ്മികളും രംഗത്തുണ്ടെങ്കിൽ എതിർപാർട്ടിയുടെ ശ്രമഫലമായി അവർ കൊല ചെയ്യപ്പെട്ട സംഭവങ്ങളുണ്ടായിട്ടുണ്ട്. കൊലയാളിക്ക് രാഷ്ട്രീയസംരക്ഷണമുണ്ട്.

മറ്റൊരു വേദനാജനകമായ വസ്തുത എല്ലാ രാഷ്ട്രീയപാർട്ടികൾക്കും ഗുണ്ടാസംഘം ഉണ്ടെന്നുള്ളതാണ്. അവരുടെ ആധിപത്യവും മേൽക്കോയ്മയും ജനങ്ങളുടെ മേൽ വെച്ചുകെട്ടി തൻപോരിമയും പ്രതാപവും പ്രദർശിപ്പിക്കാനും സ്ഥാപിക്കാനും ഗുണ്ട ആവശ്യമാണല്ലോ. ഇതിനാലുണ്ടാകുന്ന മറ്റൊരു കെടുതി, ഈ ഗുണ്ടകൾ രാഷ്ട്രീയസംരക്ഷണമുണ്ടെന്ന ധൈര്യത്തിലും അഹമ്മതിയിലും ജനങ്ങളുടെ മേൽ കുതിര കയറുമെന്നുള്ളതാണ്. വളരെ സൂക്ഷ്മമായി അന്വേഷിക്കുമ്പോൾ തെളിയുന്ന മറ്റൊരു വസ്തുത ചില ഗുണ്ടകൾക്ക് പോലീസ് സംരക്ഷണം പോലുമുണ്ടെന്നുള്ളതാണ്. ആകപ്പാടെ ചിന്തിക്കുമ്പോൾ മായാലോകം. വട്ടപ്പൂജ്യം. ബഹുജനജീവിതം കഷ്ടം തന്നെ. അവർ ആമരണാന്തം ഭയന്ന് കഴിഞ്ഞുകൂടുന്നു. നീതിയും സത്യവും ജീവിതത്തിലില്ല. ന്യായമായ ഭരണം നിലവിലില്ല. അതിനാൽ സുരക്ഷിതത്വമില്ല. രാജഭരണകാലത്തെ ക്ഷേമവും സമാധാനവും സുരക്ഷിതത്വവും ജനാധിപത്യത്തിൽ നഷ്ടപ്പെട്ടു. രാജാക്കന്മാർക്ക് ക്ഷത്രിയധർമ്മം പ്രജാസംരക്ഷണമാണ്. ജനാധിപത്യത്തിൽ ആ ധർമ്മബോധം ആവശ്യമില്ല. അധികാരിവർഗ്ഗത്തിന് സ്വാർത്ഥ സംരക്ഷണബോധം മാത്രമേയുള്ളൂ.

ഈ പാർലമെന്റിനേയും അസംബ്ലികളേയും മന്ത്രിസഭകളേയും നിലനിർത്താൻ വേണ്ടി നാടിന്റെ വരുമാനം മുക്കാൽ പങ്കും ചിലവാക്കേണ്ടി വരുന്നു എന്നതാണ് വസ്തുത.

അധികാരം കയ്യാളുന്നവർ രാഷ്ട്രീയക്കാരാവട്ടെ, അല്ലാത്തവരാകട്ടെ, സത്യസന്ധമായി പെരുമാറാതെ അഴിമതി ചെയ്യുന്നത് ധനമോഹം കൊണ്ടാണല്ലോ. അഴിമതി ഇല്ലാതാവണമെങ്കിൽ ധനമോഹം ഇല്ലാതാവണമെന്നർത്ഥം. മനുഷ്യൻ മനുഷ്യനായിരിക്കുന്നിടത്തോളം കാലം ധനമോഹം ഇല്ലാതിരിക്കയില്ല. അപ്പോൾ അഴിമതി നിർമ്മാർജ്ജനം അസാദ്ധ്യമാണെന്ന് സിദ്ധിക്കുന്നു. അത് സാദ്ധ്യമാക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ശിക്ഷാഭയമില്ലാത്തത് കൊണ്ടാണ് അഴിമതി ചെയ്യുന്നത്. ശിക്ഷാഭയമില്ലാതാകുന്നത് അധികാരരാഷ്ട്രീയക്കാരുടെ സംരക്ഷണമുണ്ടാകുമെന്ന് ഉറപ്പുള്ളത് കൊണ്ടാണ്. അവരും അഴിമതിക്കാരാണ്. അന്യോന്യം സഹായിക്കുകയും കഴിവു

പോലെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് സ്വാഭാവികം. വേലി തന്നെ വിളവ് തിന്നുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. രാഷ്ട്രീയം ഇല്ലാതായാൽ മാത്രമേ ഈ അവസ്ഥ മാറുകയുള്ളൂ. അതായത് രാഷ്ട്രീയക്കാർ ഭരണാധികാരികളാവരുതെന്നർത്ഥം.

ഏത് പാർട്ടി ഭരിക്കുമ്പോഴും ഒരു പൊതുസ്വഭാവം കാണുന്നുണ്ട്. മന്ത്രിമാർ ആസൂത്രണം ചെയ്യുന്ന പരിപാടികൾ മിക്കതും രാജ്യനന്മയ്ക്ക് ആവശ്യമാണോ എന്നതിനേക്കാൾ ബന്ധപ്പെട്ട മന്ത്രിക്ക് പണമുണ്ടാക്കാൻ കഴിയുന്നതാണോ എന്നതാണ് അടിസ്ഥാനപരിഗണന. അണക്കെട്ടുകൾ, റോഡുകൾ, പാലങ്ങൾ ഇവയുടെ നിർമ്മാണം അത്യാവശ്യമാണ്. വമ്പിച്ച തുക ചിലവാകുന്ന പദ്ധതികളാണ്. സ്വകാര്യലാഭത്തിന് എളുപ്പമാണ്. ഈ നിർമ്മാണങ്ങൾ പൂർത്തിയായാലെന്ത് ചെയ്യും. അടിയന്തിരാവശ്യമില്ലെങ്കിലും കുറേ സ്റ്റോറുകൾ (ഉപകരണസാമഗ്രികൾ) വാങ്ങിക്കൂട്ടും. വലിയ തുകയ്ക്ക് അമിതമായ വിലയിൽ ഓർഡർ കൊടുക്കുമ്പോൾ കമ്പനിയിൽ നിന്നും നല്ലൊരു വിഹിതം സമ്പാദിക്കാൻ കഴിയും. അതല്ലെങ്കിൽ പൊതുഉടമസ്ഥാപനങ്ങൾ സ്വകാര്യവ്യക്തിക്ക് വിൽക്കും. പണമുണ്ടാക്കുന്ന ഒരു വഴിയാണത്. എല്ലാം വിറ്റുതീർന്നാൽ ഇനിയെന്താ പണമുണ്ടാക്കാൻ വഴിയെന്നായി ആലോചന. ഒന്നും നിർമ്മിക്കാനില്ല. ഒന്നും വിൽക്കാനുമില്ല. ആ സന്നിഗ്ദ്ധഘട്ടത്തിൽ ഭൂമിയിലെ വെള്ളം തന്നെ വിറ്റുകാശാക്കാൻ തയ്യാറാവുകയായി. ജനങ്ങൾക്ക് കുടിവെള്ളമുണ്ടോ എന്നത് കാശുണ്ടാക്കുന്നവർക്ക് പ്രശ്നമല്ല. അതും കഴിഞ്ഞപ്പോൾ ഇനിയെന്താ പണമുണ്ടാക്കാൻ മാർഗ്ഗമെന്ന് പുകഞ്ഞ് ആലോചനയായി. അപ്പോൾ നാട്ടാർക്ക് ആവശ്യമല്ലാത്ത പുതിയ നിർമ്മാണപദ്ധതിയുമായി മുന്നോട്ടുവരും. സമ്പന്നനാടുകൾ ചെയ്യാൻ മടിക്കുന്ന പരിഷ്ക്കരണങ്ങൾ ഈ ദരിദ്രനാട്ടിൽ വരുത്തുകയായി. മുതലിറക്കുള്ള വലിയ പദ്ധതികൾക്ക് പണമില്ലെങ്കിലും നടപ്പിലാക്കും. അതിൽ നിന്നും നല്ലൊരു വരുമാനം ലഭ്യമാക്കും. കടം പൊതുജനം പേറിക്കൊള്ളും. ഇതൊക്കെയാണ് രാഷ്ട്രീയക്കാരുടെ നയതന്ത്രവും ഭരണരീതിയും.

ഈ രാഷ്ട്രീയക്കാർ ഭരണകർത്താക്കളായി നിലനിൽക്കുന്നത് പലവിധേന നാടിന് ദ്രോഹകരമാണെന്ന് മനസ്സിലാകുന്നുണ്ടല്ലോ. അവർക്ക് വോട്ടുചെയ്ത് അധികാരത്തിലേറ്റുന്നത് നാടിനോട് ചെയ്യുന്ന ദ്രോഹമാണ്. അതുകൊണ്ട് അരാഷ്ട്രീയക്കാരായ നാം രാഷ്ട്രീയപ്പാർട്ടികളുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യരുത്. പക്ഷേ, ഒരു കാര്യം ഓർക്കണം. നാം വോട്ട് ചെയ്തില്ലെങ്കിലും അവർ വിജയിക്കുകയും അധികാരത്തിൽ വരികയും ചെയ്യും. രാഷ്ട്രീയത്തിൽ നേതാക്കളും ഉപനേതാക്കളും അണികളുമുണ്ടല്ലോ. ജയിക്കാൻ അവരുടെ വോട്ട് മതി. എണ്ണം ചുരുങ്ങുമെന്നേയുള്ളൂ. നേതാക്കൾ അഴിമതിക്കാരും സ്വാർത്ഥരുമാണെന്നറിഞ്ഞാലും രണ്ടാം നിരക്കാരായ ഉപനേതാക്കൾ അവരുടെ അനുയായികളായി പിന്നിലുണ്ടാകും. അത്

അവരോട് ആത്മാർത്ഥസ്നേഹമോ ഉള്ളറിഞ്ഞ ബഹുമാനമോ വിശ്വാസമോ ഉണ്ടായിട്ടല്ല. മറിച്ച് നേതാക്കളുടെ സഹായത്തോടും ഒത്താശയോടും ശുപാർശ യോടും കൂടി ഭാവിയിൽ എംഎൽഎയോ എംപിയോ ആവാൻ കഴിഞ്ഞെ ങ്കിലോ എന്ന ആശ ഉള്ളിലുള്ളത് കൊണ്ടാണ്. അവരെല്ലാം സ്വാർത്ഥമോഹി കളാണ്. എത്രയോ ക്രിമിനൽ പുള്ളികളും കൊലപാതകികൾ പോലും ഈ നേതാക്കളിലുണ്ടെന്നുള്ളത് അനിഷേധ്യമായ സംഗതിയാണ്. എന്നിട്ടും അനു യായികളും അണികളും അവർക്കുണ്ട്. അവരുടെ വോട്ടുപ്രകാരം ഏതെങ്കിലും പാർട്ടിയിൽപെട്ട് ആരെങ്കിലും ജയിക്കാതിരിക്കില്ല. തീർച്ച. അപ്പോൾ അവർ കസേരയിൽ കയറാതിരിക്കാനെന്താണ് മാർഗ്ഗം ?

രാഷ്ട്രീയക്കാർ സ്ഥാനാർത്ഥികളായി രംഗത്ത് വരുമെന്ന് തീർച്ച. അവരെ നിരോധിക്കാൻ നിയമമില്ല. അത് ജനാധിപത്യമര്യാദയല്ല. പിന്നെ ഒരേയൊരു വഴിയുണ്ട്. അവരെ തെരഞ്ഞെടുപ്പിൽ തോൽപ്പിക്കൽ തന്നെ. അതിന് അരാ ഷ്ട്രീയക്കാരായ നമ്മൾ മത്സരിക്കാൻ തയ്യാറാവണം. യോഗ്യരായ പ്രാപ്ത രായ DNS കാരെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥാനാർത്ഥികളായി നിർത്തണം. DNS ഒരു രാഷ്ട്രീയ പാർട്ടി അല്ലല്ലോ. ആ പേരിൽ അറിയപ്പെടു ന്നതുകൊണ്ടോ ഒരു പൊതുനയം ഉള്ളതുകൊണ്ടോ നാം ഇന്നത്തെപ്പോലെ യുള്ള രാഷ്ട്രീയക്കാരായിത്തീരുന്നില്ല. അഴിമതിക്കാരായ രാഷ്ട്രീയപാർട്ടിയിൽ നിന്നും നമ്മെ വേർതിരിച്ചറിയുന്നതിന് വേണ്ടി DNS എന്ന പേര് സ്വീകരിച്ചെ ന്നേയുള്ളൂ. സമാപ്തം.

## ഏഴ്

ഉത്തുംഗപുരിയിൽ നിന്ന് ഈ സർക്കുലർ താരഭത്തിലെ എല്ലാ സംസ്ഥാ നങ്ങളിലേക്കും അവിടെ നിന്ന് എല്ലാ ജില്ലാ, താലൂക്ക്, വില്ലേജ് എന്നിവിടങ്ങ ളിലേക്കും കോപ്പികൾ അയച്ചുകൊടുത്തു. DNS അംഗങ്ങൾ അന്യോന്യം കാര്യ ങ്ങൾ പറഞ്ഞു തീർച്ചപ്പെടുത്തി. എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും യോഗം സംഘ ടിപ്പിച്ച് സർക്കുലറിലെ കാര്യങ്ങൾ ജനങ്ങളെ പറഞ്ഞു മനസ്സിലാക്കി രാഷ്ട്രീയ കക്ഷികളുമായി അഭേദ്യബന്ധമുള്ള കഠിനരാഷ്ട്രീയമൂരാച്ചികൾ ആരെങ്കിലും ബോധം തോന്നി മനം മാറി DNS ൽ ചേരാൻ അത് അവസരം സൃഷ്ടിച്ചേക്കാ മെന്ന ആശ അതിന്റെ പിന്നിലുണ്ട്.

കേന്ദ്രസർക്കുലറിലെ നിർദ്ദേശപ്രകാരം എല്ലാ അസംബ്ലി, പാർലിമെന്റ് മണ്ഡലങ്ങളിലേക്കും DNS അംഗങ്ങളെ സ്ഥാനാർത്ഥികളാക്കി. സ്ഥാനാർത്ഥി കളിൽ സാഹിത്യകാരന്മാരും പണ്ഡിന്മാരും താത്വികന്മാരും ഉൾപ്പെട്ടിരുന്നു. മണ്ഡലങ്ങളിൽ പേര് പ്രഖ്യാപിച്ചതല്ലാതെ പ്രചരണയോഗങ്ങൾ നടത്തിയില്ല. രാഷ്ട്രീയപാർട്ടികൾ പതിവുപോലെ യോഗം നടത്തിയെന്ന് പേരേൽപ്പിച്ചു.

അത്ഭുതം സംഭവിച്ചു. തെരഞ്ഞടുപ്പ് ഫലം പുറത്തായപ്പോൾ രാഷ്ട്രീയ ക്കാരാരും വിജയികളിൽ പെട്ടില്ല. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും

ജയിച്ചത് മുഴുവൻ DNS സ്ഥാനാർത്ഥികൾ തന്നെ. അങ്ങനെ രാജ്യം ചരിത്രത്തിലാദ്യമായി രാഷ്ട്രീയക്കാരിൽ നിന്നും മോചിതമായി. സംസ്ഥാന നിയമസഭകളിലും ഉത്തുംഗപുരി പാർലമെന്റിലും DNS കാർ മാത്രം. ബാഹ്യമായി രാഷ്ട്രീയവേഷം ചമഞ്ഞു നടന്ന അനവധി പേർ അവരുടെ നേതാക്കളെ ഉപേക്ഷിച്ച് DNS ന് വോട്ടുചെയ്തു. ഒരു മത്സരവും കൂടാതെ സർവ്വസമ്മതമായി പ്രധാനമന്ത്രി. കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രിമാർ സംസ്ഥാന മന്ത്രിമാർ, സ്പീക്കർമാർ എല്ലാം തെരഞ്ഞെടുക്കപ്പെട്ടു.മന്ത്രിസ്ഥാനത്തിനും വകുപ്പിനും വേണ്ടിയും പതിവുള്ള തർക്കങ്ങൾ ഉണ്ടായില്ല.

നാടിന്റെ ഭരണം പ്രശ്നങ്ങൾ കൂടാതെ, ആക്ഷേപങ്ങളില്ലാതെ, താമസമോ, തടസ്സമോ ഇല്ലാതെ കൃത്യനിഷ്ഠയോടെ കാര്യക്ഷമമായി നടന്നു കൊണ്ടിരുന്നു. ഉത്തുംഗപുരിയിൽ നിന്ന് കാലാകാലങ്ങളിൽ മുഖ്യമന്ത്രിമാർക്ക് കിട്ടുന്ന നിർദ്ദേശമനുസരിച്ച് സംസ്ഥാനഭരണം ക്രമീകരിച്ചുകൊണ്ടിരുന്നു. സർക്കാർ ജോലിക്കാരുടെ കാര്യത്തിലായിരുന്നു DNS ന് ആശങ്കയുണ്ടായിരുന്നത്. അവരെ സംതൃപ്തരാക്കുന്ന കാര്യത്തിൽ പ്രധാനമന്ത്രി വളരെ തൽപ്പരനായിരുന്നു. അദ്ദേഹത്തിന്റെ ആദ്യപരിഷ്ക്കരണവും അക്കാര്യത്തിലായിരുന്നു. സാമ്പത്തികാവസ്ഥ പരിഗണിച്ചുകൊണ്ട് സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവും ആനുകൂല്യങ്ങളും നൽകി അവരെ സംതൃപ്തരാക്കി. DNS സർക്കാർ നിലവിൽ വന്നതോടുകൂടി ഉദ്യോഗസ്ഥലോകം മനോഭാവം മാറ്റി സത്യസന്ധമായി ആപ്പീസ് ജോലികൾ കൃത്യമായി നടത്താൻ തുടങ്ങി. ഒഴിഞ്ഞുകിടന്നിരുന്ന സ്ഥാനങ്ങളിൽ നിയമനം നടത്തി. ന്യൂനപക്ഷസമുദായങ്ങളുടെ ഓഹരി ക്രമേണ പരിഹരിച്ചുതുടങ്ങി. ചിലവ് ചുരുക്കം മൂലം ഖജനാവിന്റെ ആരോഗ്യം വർദ്ധിച്ചപ്പോൾ നികുതി, ഫീസ്, ടാക്സ് എന്നിവയിൽ ഇളവ് വരുത്തി ജനങ്ങളെ ആശ്വസിപ്പിച്ചു. വല്ല വീഴ്ചയോ താമസമോ വല്ല കാര്യത്തിലും സംഭവിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ നീതിപൂർവ്വം കൈകാര്യം ചെയ്യുമെന്നായി. മന്ത്രിതലത്തിൽ വല്ല അപാകതകൾ സംഭവിച്ചാൽ കുറ്റക്കാരെ സഹായിക്കാൻ ആളില്ലാത്തതിനാൽ ആരും സഹായത്തിനെത്തുകയില്ല എന്ന ബോധം എല്ലാവരിലുമുണ്ട്. ആരിലും ഒരു പിഴവും സംഭവിച്ചില്ല. സംസ്ഥാനങ്ങൾ അന്യോന്യമുള്ള പ്രശ്നങ്ങളെല്ലാം പ്രധാനമന്ത്രിവിശ്വമോഹനൻ, മന്ത്രി ജ്ഞാനഭൂഷണൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ DNS ന്റെ അടിസ്ഥാനതത്വങ്ങൾക്കനുസരിച്ച് പറഞ്ഞ് തീർപ്പാക്കി. ഉള്ളവൻ ഇല്ലാത്തവന് കൊടുക്കുക എന്നതായിരുന്നു എല്ലാവരും അംഗീകരിച്ച അനുസരിച്ച അടിസ്ഥാനതത്വം. ജനനന്മയ്ക്ക് വേണ്ടി ഭരിക്കുക, അതിനാൽ അതിർത്തിത്തർക്കങ്ങൾ പിൻവലിച്ചു, സ്വയം തീർന്നു. നദീജലതർക്കം തീർന്നു. എല്ലാം ഒത്തൊരുമയോടെ, സന്മനസ്സോടെ പ്രധാനമന്ത്രിയുടെ തീരുമാനത്തിന് വഴങ്ങി DNS ൽ ഒരു വിധത്തിലുമുള്ള അഭിപ്രായഭിന്നതകളും ഉണ്ടായില്ല. സംസ്ഥാനങ്ങളിൽ സംതൃപ്തിയുണ്ടായി.

അയൽപക്കരാജ്യങ്ങളുമായി സമ്പർക്കം പുലർത്തി. പരസ്പരം ശണ്ഠ

കൂടുന്നതിന് പകരം സൗഹാർദ്ദത്തിൽ അന്യോന്യം സഹായിച്ചും സഹകരിച്ചും വിട്ടുവീഴ്ച ചെയ്തും സമാധാനത്തിൽ വർത്തിച്ചു. അതിനാൽ അതിർത്തിയിൽ കാവൽ നിന്നിരുന്ന പട്ടാളക്കാരുടെ എണ്ണം ചുരുക്കാൻ സാധിച്ചു. ആയുധശേഖരണത്തിന് വിനിയോഗിക്കുന്ന ധനത്തിന്റെ അളവ് കുറക്കാൻ കഴിഞ്ഞു. പ്രതിരോധവകുപ്പിൽ വമ്പിച്ച ലാഭമുണ്ടായി. ധനമന്ത്രി ഔദാര്യവാനായി. പുതിയ റെയിൽവേ ലൈനുകൾ, പാലങ്ങൾ, റോഡുകൾ നിർമ്മിച്ചു. പഴയവ കേടുപാടുകൾ മാറ്റി ശക്തമാക്കി. വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ചു ജനങ്ങൾക്ക് ധാരാളം തൊഴിൽ നൽകി. സ്കൂളുകളിൽ അദ്ധ്യാപകന്മാർ, ആപ്പീസുകളിൽ ഉദ്യോഗസ്ഥന്മാർ, ആശുപത്രികളിൽ ഡോക്ടർമാർ, വേണ്ടുവോളം ഔഷധങ്ങൾ. അങ്ങിനെ ഒരു ക്ഷേമരാജ്യമെന്ന രാമരാജ്യം ജന്മം കൊണ്ടു വളരാൻ തുടങ്ങി.

ഇടയ്ക്കിടെ വിശ്വമോഹൻ, ജ്ഞാനഭൂഷണൻ എന്നിവർ കൂടിയാലോചിച്ച് ലോകദാസനെയും വിശ്വസ്നേഹിയെയും ഉത്തുംഗപുരിയിലേക്ക് ക്ഷണിക്കുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്യുമായിരുന്നു. ഒരിക്കൽ പ്രധാനമന്ത്രി സംസ്ഥാനങ്ങൾ സന്ദർശിച്ച വേളയിൽ മഹാലയത്തിൽ വന്നപ്പോൾ മുന്നേറ്റത്ത് വന്ന് ലോകദാസനെയും കൂട്ടുകാരെയും സന്ദർശിക്കയുണ്ടായി. ഭാവിയിൽ പ്രയോഗിക്കാൻ പുതിയ ചില ആശയങ്ങൾ കൈമാറി രഹസ്യമായി വെച്ചു.

അഞ്ചുകൊല്ലം ഈ നിലയിൽ ഭരണം നടന്നു. നാട് ഐശ്വര്യമുള്ളതായിത്തീർന്നു. ചിലവ് നിയന്ത്രിതമായി. അനാവശ്യയാത്രകളും വിദേശയാത്രകളും അന്വേഷണകമ്മീഷനുകളും സ്റ്റോർ വാങ്ങിക്കൂട്ടലും ഇല്ലാതായി. സർക്കാർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. അതനുസരിച്ച് ഉൽപ്പന്നങ്ങൾ അധികമുള്ളത് ഇല്ലാത്തിടത്തേക്ക് മിതമായ നിരക്കിൽ എത്തിച്ചുകൊടുത്തു തുടങ്ങി. പോസ്റ്റൽ നിരക്കുകൾ താഴ്ന്നു. കരങ്ങൾ ചുരുങ്ങി. ഫോൺ നിരക്കുകൾ, ടെലഗ്രാഫ് എല്ലാം ചുരുങ്ങി. ബാങ്ക് റേറ്റുകളും വായ്പ പലിശയും സർക്കാർ ഉത്തരവുപ്രകാരം ചുരുങ്ങി. റെയിൽ, ബസ്, വിമാനനിരക്കുകൾ ചുരുങ്ങി. അങ്ങനെ DNS ഭരണം ജനങ്ങൾക്ക് ആശ്വാസം നൽകി. വിശ്വാസം നേടി.

അങ്ങനെ അടുത്ത തെരഞ്ഞെടുപ്പ് നേരിട്ടു. തെരഞ്ഞെടുപ്പിന് വലിയ തുക ചെലവ് വരുന്നതാണ്. രാഷ്ട്രീയക്കാർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തോറ്റമ്പിയതുപോലെ വരുന്ന തെരഞ്ഞെടുപ്പിലും സംഭവിക്കുമെന്ന് തീർച്ചയാണ്. പിന്നെന്തിനാണ് കോടികൾ പണച്ചെലവുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് എന്ന് ഉത്തുംഗപുരിയിൽ ചിന്തയായി. വിശ്വമോഹനും ജ്ഞാനഭൂഷണൻ, അതിശയപ്രജ്ഞനൻ എല്ലാവരും ആലോചനയായി. രാഷ്ട്രീയക്കാർ സ്ഥാനാർത്ഥികളായി വരും. അവരെ തടയാൻ പറ്റില്ല. അപ്പോൾ ഒരു തെരഞ്ഞെടുപ്പിന്റെ എല്ലാ പ്രക്രിയകളും സംവിധാനങ്ങളും വേണ്ടിവരും. ആ പണച്ചെലവ് ഒഴിവാക്കാനെന്തുവഴി ?

അതിശയപ്രജ്ഞന്റെ കണ്ടുപിടുത്തം എല്ലാവരും ആഹ്ലാദപൂർവ്വം അംഗീകരിച്ചു. അതനുസരിച്ച് പാർലമെന്റിൽ പുതിയ നിയമം കൊണ്ടുവന്നു. എതിർക്കാൻ ആരുമില്ല. ഐക്യകണ്ഠേന ബിൽ പാസ്സായി നാട്ടിൽ നിയമമായി.

പുതിയ നിയമം ഇതാണ്. സ്ഥാനാർത്ഥികൾ ആകെ പോൾ ചെയ്ത വോട്ടിന്റെ നിശ്ചിതശതമാനം നേടിയിരിക്കണം. അത്രയും വോട്ട് സമ്പാദിക്കാൻ കഴിയാത്തവർ ജനങ്ങളാൽ തിരസ്ക്കരിക്കപ്പെട്ടവരെന്ന നിലയിൽ അഞ്ചുവർഷത്തിന് ശേഷം വരുന്ന തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാവാൻ അയോഗ്യരായിരിക്കും.

പുതിയ നിയമം എല്ലാ സംസ്ഥാന അസംബ്ലികളിലും പാസ്സാക്കപ്പെട്ടതോടെ രാഷ്ട്രീയ നേതാക്കന്മാരെല്ലാം എല്ലാ ആശയും ഉപേക്ഷിച്ചു. രാഷ്ട്രീയ പാർട്ടിക്കാരെല്ലാം തങ്ങളുടെ യോഗം ചേർന്നു. ഈ പരിതസ്ഥിതിയിൽ എന്തുചെയ്യണമെന്ന് കൂടിയാലോചിച്ചു. തങ്ങളുടെ നയം ജനങ്ങൾക്ക് ഗുണകരമല്ലെന്ന് ജനം പൊതുവെ മനസ്സിലാക്കിക്കഴിഞ്ഞതിനാൽ ഇനി തെരഞ്ഞെടുപ്പിൽ ജയിച്ച് കേറാൻ സാധിക്കില്ലെന്ന് അവർക്ക് ബോധ്യമായി. പിന്തുണക്കാനും പ്രവർത്തിക്കാനും മുമ്പത്തെപ്പോലെ അണികളില്ലാത്തതിനാലും അണിയിലുള്ളവരെ വിശ്വസിക്കാൻ പറ്റാത്തതിനാലും ഇനി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് പാഴ്‌വേലയാണെന്ന് എല്ലാ പാർട്ടികളും ഐക്യകണ്ഠന തീരുമാനിച്ചു. ആയതിനാൽ രാഷ്ട്രീയത്തിന്റെ പേരിൽ ആരും സ്ഥാനാർത്ഥിയായി നിൽക്കാൻ മുന്നോട്ട് വന്നില്ല. ആ തീരുമാനപ്രകാരം വരണാധികാരികളുടെ മുന്നിൽ ഒരു രാഷ്ട്രീയക്കാരനും സ്ഥാനാർത്ഥിത്വം ഫയൽ ചെയ്തില്ല. എല്ലായിടത്തും DNS അംഗങ്ങളേയുണ്ടായിരുന്നുള്ളൂ. ഓരോ നിയോജകമണ്ഡലത്തിലും ഒരു സ്ഥാനാർത്ഥി മാത്രം. മത്സരം ഒരിടത്തും ഇല്ല. അങ്ങനെ വന്നപ്പോൾ ആ കൊല്ലം തെരഞ്ഞെടുപ്പ് ആവശ്യമായി വന്നില്ല. എല്ലാ ജനപ്രതിനിധികളും മത്സരമില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. മന്ത്രിസഭ രൂപീകരണവും മുഖ്യമന്ത്രിമാരെ തെരഞ്ഞെടുക്കലും സ്പീക്കർ നിയമനങ്ങളും പ്രധാനമന്ത്രിപദവും മറ്റ് കേന്ദ്രമന്ത്രി അവരോഹണങ്ങളും എല്ലാം നിശ്ശബ്ദമായി തർക്കവിതർക്കങ്ങളില്ലാതെ നടന്നു. മുൻ പ്രസിഡണ്ടിനെത്തന്നെ ഒരിക്കൽക്കൂടി പ്രസിഡണ്ടായി നിശ്ചയിച്ചു. അങ്ങിനെ രാജ്യത്തിന് ഒരു വമ്പിച്ച ധനലാഭമുണ്ടായി. 1150 കോടി രൂപ. ചരിത്രത്തിൽ ആദ്യസംഭവം. ജനങ്ങൾ ആഹ്ലാദഭരിതരായി.

താരഭത്തിലെ പത്രങ്ങളെല്ലാം നാട്ടിൽ പുതിയ ഭരണക്രമീകരണത്തിലും രാഷ്ട്രീയ കാലാവസ്ഥയിലും അത്യധികമായി സന്തോഷവും സംതൃപ്തിയും കൊട്ടിഘോഷിച്ചു. ലോകദാസന്റെ ദീർഷദൃഷ്ടി എല്ലാ പത്രങ്ങളും പ്രശംസിക്കുകയും അദ്ദേഹത്തെ യുഗപുരുഷനായി അവതരിപ്പിക്കുകയും ചെയ്തു.

പാർലമെന്റിൽ ലോകദാസൻ രാജ്യരക്ഷകനായി ചിത്രീകരിക്കപ്പെട്ടു. അദ്ദേഹത്തോട് നാടിനുള്ള കടപ്പാടിന്റെ പ്രതീകമായി ഉത്തുംഗപുരിയിൽ അദ്ദേഹ

ത്തിന് സ്മാരകമായി ഒരു 'രാജ്യരക്ഷാസ്തൂപം' പണിതീർക്കുവാനും കേന്ദ്ര ത്തിന്റെ ചിലവിൽ മഹാലയ സംസ്ഥാനത്ത് താലൂക്ക് ആസ്ഥാനമായ മുന്നേറ്റം പട്ടണത്തിൽ ലോകദാസന്റെ പേരിൽ ഒരു സർക്കാർ കെട്ടിടം പണിയാനും പാർലമെന്റ് പ്രമേയം പാസ്സാക്കി. അത് നടപ്പാക്കാനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തി. താരഭനാട്ടിലെ ജനങ്ങൾക്ക് ലോകദാസനോടുള്ള ആദരവും കടപ്പാടും അങ്ങനെ പ്രകടിപ്പിച്ചു.

## എട്ട്

രാഷ്ട്രീയനേതാക്കന്മാരില്ലാതെ വീണ്ടും അഞ്ച് വർഷം ഭരണം നടന്നു. നാടിനെയും നാട്ടാരെയും സ്നേഹിക്കുന്ന നിസ്വാർത്ഥരായ സത്യവാന്മാർ നാടു ഭരിച്ചാലുണ്ടാകുന്ന മേന്മയും നന്മയും ജനങ്ങൾ തിരിച്ചറിഞ്ഞു. നാട് ഐശ്വ ര്യപൂർണ്ണമായിത്തീർന്നു. ജനങ്ങളുടെ ഭാരം നന്നെ കുറഞ്ഞു. ചിലവ് ചുരു ങ്ങി. ജീവിതസൂചി താഴ്ന്നു. ഇനി ഒരിക്കലും രാഷ്ട്രീയക്കാർക്ക് ഭരണരംഗം പിടിച്ചടക്കാൻ കഴിയില്ലെന്ന് രാഷ്ട്രീയക്കാർക്കും അല്ലാത്തവർക്കും ബോധ്യ മായിക്കഴിഞ്ഞു. ശ്ലാഘനീയമായ ഈ ഭരണരീതി കാലാകാലം തുടരണമെന്ന് ബഹുജനങ്ങൾ ആഗ്രഹിക്കുന്നതായി ജനസംസാരം വ്യക്തമാക്കി.

ഭരണമേന്മയുടെ പാരിതോഷികമെന്നോണം വിശ്വമോഹനൻ തന്നെ പ്രധാ നമന്ത്രിയായി തുടരുകയാണ്.

നിയമമന്ത്രിയായ അതിശയപ്രജ്ഞനുമൊത്ത് അടിക്കടി ആലോചന നടത്താറുള്ള പതിവിനിടയിൽ ഒരിക്കൽ അതീവഗൗരവപ്പെട്ട ഒരു പുതിയ പരി ഷ്ക്കരണം പരാമർശിക്കപ്പെട്ടു. വർഷങ്ങൾക്ക് മുമ്പ് ലോകദാസൻ സൂചിപ്പി ച്ചതും ഇപ്പോൾ അതിശയപ്രജ്ഞന്റെ മസ്തിഷ്ക്കത്തിൽ ഉദ്ഭൂതമായതുമായ ആ പരിഷ്ക്കരണത്തിൽ വലിയ ത്യാഗം ഉൾപ്പെടുന്നുണ്ട്. രാജ്യത്തിന്റെ ശ്രേയസ്സ് ലക്ഷ്യമാക്കിയ DNS കാർക്ക് ആ ത്യാഗം സന്തോഷകരമായിരിക്കും.

മന്ത്രി പാർലമെന്റ് യോഗത്തിൽ പറഞ്ഞു. "ലക്ഷ്യം ഇതാണ്. സംസ്ഥാനം തോറും അസംബ്ലിയും മന്ത്രിസഭയും മുഖ്യമന്ത്രിയും സ്പീക്കറും ആവശ്യമി ല്ല. താരഭനാട്ടിൽ ഒരു പ്രസിഡണ്ട്. പ്രസിഡണ്ടിന്റെ പ്രതിനിധിയായി സംസ്ഥാ നം തോറും ഒരു ഗവർണർ. അത്രയും മതി. തലസ്ഥാനത്ത് ഉത്തുംഗപുരി യിൽ പാർലമെന്റും പ്രധാനമന്ത്രിയും മന്ത്രിസഭയും വേണ്ട. പ്രസിഡണ്ടിനെ സഹായിക്കാൻ മൂന്നോ നാലോ അംഗങ്ങളുള്ള ഒരു ഉപദേശകകൗൺസിൽ ഉണ്ടായാൽ മതി. കൗൺസിലിന് ഒരു തലവനുണ്ടാകുന്നത് നല്ലതാണ്. ഗവ. സെക്രട്ടറി. പ്രസിഡണ്ട് കൗൺസിലംഗങ്ങളുമായി ആലോചിച്ച് ഓരോ സംസ്ഥാ നത്തിനും ഉചിതമായ നിയമങ്ങൾ അവിടത്തെ ഗവർണറുടെ ശുപാർശ അനുസ രിച്ച് നിർമ്മിച്ച് എത്തിച്ചുകൊടുക്കുക. കുഴപ്പം ഒന്നുമില്ല. മന്ത്രിമാരില്ലെങ്കി ലെന്താ? അവരല്ലല്ലോ രാജ്യം ഭരിക്കുന്നത്. ഓരോ വകുപ്പിനും തലവന്മാരും അവരുടെ കീഴിൽ അനേകം ഉദ്യോഗസ്ഥന്മാരും പടിപടിയായിട്ടുണ്ട്. യാതൊരു

വിഘ്നവും കൂടാതെ ഭരണം നടക്കും.

"ഈ ഭരണരീതി നിലവിൽവന്നാൽ അനേകകോടി രൂപ ഖജനാവിൽ കിടക്കും. ഒന്നാമതായി ദേശീയപരിപാടിയായ തെരഞ്ഞെടുപ്പ് വേണ്ട. അതിന് ചിലവാകുന്ന 1150 കോടി രൂപ മിച്ചം വരുന്നു. കൂടാതെ ഈ നിയമസഭകളുടെയും പാർലമെന്റിന്റെയും നിത്യേന അനുഭവപ്പെടുന്ന ഭാരം നീങ്ങിക്കിട്ടുന്നു. ഒരു വർഷം ഏതെല്ലാം തരത്തിൽ ജനപ്രതിനിധികളുടെ ശമ്പളം, ബത്ത, അലവൻസ്, മറ്റ് സൗജന്യങ്ങളും ആനുകൂല്യങ്ങളും പെൻഷൻ ഇതെല്ലാം കൂടി ചെലവാകുന്ന കോടികൾ നാടിന് ലാഭം. ആ വലിയ തുക നാടിന്റെ അഭിവൃദ്ധിക്ക് വേണ്ടി ചിലവഴിക്കാം. എല്ലാ സംസ്ഥാന അസംബ്ലികളും ഈ നിയമം പാസ്സാക്കും. മന്ത്രിയോ എംഎൽഎയോ സ്ഥാനം വഹിച്ചു സ്വന്തം കാര്യം നേടാൻ കഴിയില്ലല്ലോ എന്ന് DNS അംഗങ്ങൾ ഒരിക്കലും പരിതപിക്കയില്ല. കാരണം അവരുടെ ലക്ഷ്യം സ്വാർത്ഥലാഭമല്ല. നാടിന്റെ നന്മയാണ്. പൊതുജനങ്ങളുടെ ശ്രേയസ്സാണ്.

"അതിനാൽ ഈ പരിഷ്ക്കാരം നിയമവിധേയമായി നടപ്പാക്കുന്നത് അത്യാവശ്യമാണ്. ഉടനെ വേണ്ടത് ചെയ്യണം."

വിശ്വമോഹനന് ഈ ആശയം വളരെ ആകർഷണീയവും ആവശ്യവുമായി തോന്നി. സഹപ്രവർത്തകരുമായി ആലോചിച്ചു. ജ്ഞാനഭൂഷണനും, മതിപുംഗവനും, സുഭാഷിതനും, പ്രഭാപൂരിതനും എല്ലാവരും പുതിയ ആശയത്തിൽ ആഹ്ലാദിച്ചു. അനന്തരം പ്രസിഡണ്ടുമായി കൂടിയാലോചന ചെയ്ത് അത്തരം പരിഷ്ക്കാരം നാട്ടിൽ നടപ്പാക്കാനുള്ള നിയമനിർമ്മാണത്തിന് സന്ദർഭമൊരുക്കി. നിലവിലുള്ള നിയമനിർമ്മാണ മന്ത്രിസഭാസ്ഥാപനങ്ങളുടെ അവധി പൂർത്തിയാകുന്നതിന് മുമ്പായി പുതിയ നിയമം പാർലമെന്റ് പാസ്സാക്കി. സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്കും ഗവർണർമാർക്കും എത്തിച്ചുകൊടുത്തു. അസംബ്ലികളിലും പാസ്സാക്കി. അഞ്ചുകൊല്ലത്തിലൊരിക്കൽ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുക. ഓരോ സംസ്ഥാനത്ത് നിന്നും മാറി മാറി ആയിരിക്കണം പ്രസിഡണ്ട്. അഞ്ചാം വർഷം അവസാനിക്കുന്നതിന് മുമ്പായി എല്ലാ ഗവർണർമാരും ഉത്തുംഗപുരിയിൽ സമ്മേളിക്കുക. താരഭത്തിൽ അനുയോജ്യനായ വ്യക്തിയെ പ്രസിഡണ്ടായി അഭിപ്രായപ്പെട്ട് തെരഞ്ഞെടുക്കുക. പ്രസിഡണ്ട് യോഗ്യരായവരെ ഗവർണർമാരായും കൗൺസിൽ അംഗങ്ങളായും നിയമിക്കുക. തെരഞ്ഞെടുപ്പില്ല. എല്ലാം നാമനിർദ്ദേശം (Nomination) വഴി. അതായത് നല്ലവർ നല്ലവരെ തേടിപ്പിടിക്കുക എന്ന തത്വം പ്രയോഗിക്കുക. നിലവിലുള്ള പ്രസിഡണ്ട്, പ്രധാനമന്ത്രി, മുഖ്യമന്ത്രിമാർ, എംപിമാർ. എംഎൽഎമാർ എന്നിവർക്ക് നിലവിലുള്ള നിയമപ്രകാരം അവരവർ അർഹിക്കുന്ന പെൻഷൻ മുഴുവനായും 5 കൊല്ലം കൊടുക്കുക. തുടർന്നുള്ള 5 കൊല്ലം അതിന്റെ പാതിയും കൊടുക്കുക. തുടർന്ന് പെൻഷൻ പൂർണ്ണമായും നിർത്തലാക്കുക. ഭാവിയിൽ പ്രസിഡണ്ടിനും, ഗവർണർമാർക്കും, കൗൺസിലർമാർക്കും കാലാ

വധി കഴിഞ്ഞാൽ യാതൊരു ആനുകൂല്യങ്ങളും സർക്കാരിൽ നിന്ന് ഉണ്ടാകുന്നതല്ല. എന്നാൽ സേവനകാലമായ 5 കൊല്ലം മറ്റു ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെ തോതിൽ മിതമായ ശമ്പളം അവർ അർഹിക്കുന്നതാണ്.

നിയമത്തിന്റെ വിശദാംശങ്ങൾ സന്ദർഭോചിതം ചേർക്കുകയോ നീക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യാൻ പ്രസിഡണ്ട് അധ്യക്ഷനായുള്ള ഉപദേശകസമിതി യോഗത്തിന് അധികാരമുണ്ടായിരിക്കുമെന്ന് പുതിയ നിയമത്തിൽ ക്രമീകരണം നിർദ്ദേശിച്ചു. ഗവർണർമാരുടെ അഭിപ്രായൈക്യം ആവശ്യമാമെന്ന നിബന്ധനയും കൂട്ടിച്ചേർത്തു.

## ഒമ്പത്

മന്ത്രിമാരില്ലാത്ത പുതിയ ഭരണഘടന നിലവിൽ വന്നതോടെ ഗവർണർ സംസ്ഥാനത്തിലെ പരമാധികാരിയായിത്തീർന്നു. ഗവർണർ രണ്ടും മൂന്നും മാസങ്ങൾ കൂടുമ്പോൾ വകുപ്പ് തലവന്മാരെ വിളിച്ചുകൂട്ടി ഭരണകാര്യങ്ങൾ ആലോചിക്കുകയും പുതിയ പരിഷ്ക്കരണങ്ങളോ ക്രമീകരണങ്ങളോ ആവശ്യമാണോ എന്ന് പരിശോധിക്കുകയും ചെയ്യും. ഗവർണർമാരുടെ ശുപാർശകളനുസരിച്ച് പ്രസിഡണ്ടും കൗൺസിലർമാരും കൂടിയാലോചിച്ച് എല്ലാ സംസ്ഥാനങ്ങളിലേക്കും ആവശ്യമായ നിയമങ്ങളുണ്ടാക്കി നടപ്പിലാക്കിക്കൊണ്ടിരുന്നു.

ജനോപകാരപ്രദമായ പല പരിഷ്ക്കരണങ്ങളും വഴിക്ക് വഴിയായി നടപ്പിലാക്കി. പൊതുജനങ്ങളുടെ ഭാരം കുറച്ചു. സർക്കാർ ജീവനക്കാർക്കും ജനങ്ങൾക്കും ആശ്വാസം നൽകുന്ന പല നവീകരണങ്ങളും പ്രാവർത്തികമാക്കി അവർക്ക് ആശ്വാസം നൽകി. നാടിന്റെ സാമ്പത്തികശേഷി വർദ്ധിക്കുന്നതിനനുസരിച്ച് ഭരണതലത്തിൽ പല അഭിവൃദ്ധികളും നടപ്പിലാക്കുകയും നാടിന്റെ ഉന്നമനത്തിനുതകുന്ന പല പദ്ധതികളും ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ നാളുകൾ പോകെ കാലോചിതമായ പല മാറ്റങ്ങളും സംഭവിക്കുകയും ഭാരതം ക്ഷേമരാജ്യമായി വളരുകയും ചെയ്തു കൊണ്ടിരുന്നു.

ആദ്യമായി സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചു. DNS പ്രവർത്തനം തുടങ്ങിയതോടെ കൈക്കൂലി കൊടുക്കാൻ ആളില്ലാതായി. മാത്രമല്ല, അവിഹിത ആവശ്യങ്ങൾ ഉയർത്തുന്നവരും ഇല്ലാതായി. അതോടെ കൈക്കൂലി മോഹം ഓരോ ആപ്പീസിലും ഇല്ലാതായി. ഈ സാഹചര്യം കണക്കിലെടുത്ത് എല്ലാ ക്ലാസിലും ഗ്രേഡിലും പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു. കൂടാതെ താഴെക്കിടയിലുള്ള ജീവനക്കാർക്ക് വിദ്യാഭ്യാസ അലവൻസും ചികിത്സാ ചിലവും അനുവദിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം ഏകീകരിച്ചു. ഇംഗ്ലീഷ് മീഡിയം എന്ന പ്രത്യേക വിഭാഗം നിർത്തൽ ചെയ്തു. സമുദായത്തിലെ ഉന്നതന്മാരും താഴ്ന്നവരും എന്ന വകതിരിവ് ഇല്ലാതാക്കി. എല്ലാവർക്കും ഒരേ സിലബസ്. സ്വകാ

ര്യസ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഒരേ ഫീസ്. അദ്ധ്യാപകർക്കും വിദ്യാഭ്യാസയോഗ്യതയനുസരിച്ചുള്ള ശമ്പളം നിർണ്ണയിച്ചു. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിനും കോഴ നിരോധിച്ചു. മാനേജ്മെന്റ് സ്ഥാപനങ്ങളിൽ മാനേജരുടെ ക്വാട്ട എന്ന സമ്പ്രദായം നിർത്തലാക്കി. മെറിറ്റ് അനുസരിച്ച് എല്ലാവർക്കും പ്രവേശനം നൽകുന്നതിനും പ്രവേശനപരിശോധന കമ്മിറ്റിയിൽ സർക്കാർ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനും കൽപ്പന പുറപ്പെടുവിച്ചു. ഹൈസ്കൂൾ വരെ വിദ്യാഭ്യാസം സൗജന്യമാക്കി. ഫീസ് ആരും കൊടുക്കേണ്ടതില്ല. ന്യൂനപക്ഷ സമുദായങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ആദ്യകാലങ്ങളിലെപ്പോലെ തുടർന്നു. പരീക്ഷാ ഉത്തരക്കടലാസു നോക്കൽ, സൂപ്പർവിഷൻ എന്നീ കാര്യങ്ങൾ ആക്ഷേപരഹിതമായി ക്രമീകരിച്ചു. ന്യൂനപക്ഷസംവരണം കണിശമായും പാലിക്കണമെന്ന് നിർദ്ദേശിച്ചു.

വിദ്യാഭ്യാസകാര്യത്തിൽ ഗവൺമെന്റ് ഇതുവരെ അനാസ്ഥ കാണിച്ചിരുന്നതിന് പരിഹാരമായി അടച്ചുപൂട്ടിയ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ അനുവദിച്ചു. കൂടാതെ സാങ്കേതിക കോളേജുകൾ ആവശ്യാനുസരണം സ്ഥാപിക്കാൻ തുടങ്ങി. സ്വകാര്യവ്യക്തികൾക്കോ സംഘടനകൾക്കോ സ്വന്തം കോളേജുകൾ സ്ഥാപിക്കാൻ അനുവാദം കൊടുക്കേണ്ടെന്ന് തീരുമാനിച്ചു. വിദ്യാർത്ഥികളുടെ പ്രവേശനത്തിനും അദ്ധ്യാപകനിയമനത്തിനും പതിനായിരങ്ങളും ലക്ഷങ്ങളും വാങ്ങി പണക്കാർ കൊഴുക്കുകയും സാധുക്കൾക്ക്, ദരിദ്രജനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസം നിഷേധിക്കുകയും ചെയ്യുന്ന തെറ്റായ നയം അവസാനിപ്പിച്ചു. പരീക്ഷാഫലപ്രഖ്യാപനം വൈകിക്കുന്നത് ശിക്ഷാർഹമാക്കി. അനേകം വിദ്യാർത്ഥികൾക്ക് അടുത്ത ക്ലാസ്സിൽ ചേരാൻ സാധിക്കാതെ വർഷങ്ങൾ നഷ്ടമായിട്ടുണ്ട്. ഉത്തരവാദപ്പെട്ടവരുടെ പേരിൽ നടപടിയെടുക്കും.

ദരിദ്രവിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സർക്കാരിൽ നിന്ന് സഹായം നൽകി. പക്ഷേ പഠനം ആഗ്രഹിക്കുന്ന എല്ലാവർക്കും ധനസഹായമില്ല. പഠിക്കാനുള്ള ബുദ്ധിശക്തിയും, വാസനയും, മറ്റു സാഹചര്യയോഗ്യതകളും പരിഗണിച്ച് അർഹരായവർക്ക് മാത്രം. നാട്ടിൽ എല്ലാവരും ഡോക്ടറും എഞ്ചിനീയറും വിദഗ്ധരും ആയാൽ ലോകം നിലനിൽക്കില്ല. കല്ലുടക്കുന്നവരും, മരം മുറിക്കുന്നവരും, വണ്ടി ഉന്തുന്നവരും, ചെരുപ്പുകുത്തികളും, തൊഴിലാളികളും, വ്യാപാരികളും രാജ്യത്തിനാവശ്യമാണ്. ബുദ്ധിശക്തി പോലെത്തന്നെ ശരീരശക്തിയും സന്തുലിതമായി നിലനിൽക്കണം. അങ്ങനെയുള്ള എല്ലാ പരിഗണനകളുടെയും വെളിച്ചത്തിലാണ് പുതിയ സർക്കാരിന്റെ വിദ്യാഭ്യാസനയം നിർണ്ണയിച്ചത്.

സ്വകാര്യ ആസ്പത്രികളിലെ ചികിത്സാചിലവ് സാധാരണക്കാർക്ക് താങ്ങുവാൻ കഴിയാത്ത നിലയിലാകയാൽ അതിനൊരു നിയന്ത്രണം ഏർപ്പെടുത്തി. ഓരോ യന്ത്രപ്രയോഗത്തിനുള്ള ചാർജ്ജ് നിർണ്ണയിച്ചു. ആസ്പത്രി മുറിക

ളുടെ വാടക, ഡോക്ടർമാരുടെ ശമ്പളം ഇതിനെല്ലാം ക്രമീകരണം ഉണ്ടായി. സ്വകാര്യആസ്പത്രികൾ സാധാരണക്കാരനും പ്രയോജനപ്പെടാനിടയായി. ഉട മയുടെ കൊള്ളലാഭക്കൊതി തടഞ്ഞു. അതോടൊപ്പം സർക്കാർ ആസ്പത്രി കൾ അഭിവൃദ്ധിപ്പെടുത്തി. പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിച്ചും എല്ലാ ആസ്പത്രികളിലും ഡോക്ടർമാരെ നിയമിച്ചും വേണ്ടുവോളം ഔഷധങ്ങൾ ലഭ്യമാക്കിയും ചികിത്സാഗുണം ഉയർത്തിയും സാധാരണക്കാരെ സഹായി ച്ചു. ആരോഗ്യവകുപ്പ് ഗവർണറുടെ ശ്രദ്ധയിൽ പെടേണ്ടതാണെന്ന് ഉത്തരവും പ്രസിഡണ്ട് പുറപ്പെടുവിച്ചു. സർക്കാർ ഡോക്ടർമാരുടെ സ്വകാര്യചികിത്സാ പരിശീലനം നിയന്ത്രിതമാക്കി. ആസ്പത്രിയിൽ കിടക്കുന്ന രോഗികളെ ചികി ത്സിക്കുന്നതിന് ഫീസ് വാങ്ങരുതെന്ന് ഉത്തരവിട്ടു. സ്വകാര്യഡോക്ടർമാരെ സന്ദർശിക്കുന്ന രോഗികൾ ചെലുത്തേണ്ടുന്ന ഫീസും നിയമവിധേയമാക്കി. രോഗികളുടെ സാമ്പത്തികസ്ഥിതി മനസ്സിലാക്കാതെ പാവപ്പെട്ടവർക്ക് താങ്ങാ നാവാത്ത ഫീസ് ചുമത്തുന്ന സമ്പ്രദായത്തിന് അന്ത്യമായി. ചികിത്സാസേവ നമായിക്കാണാൻ ഡോക്ടർമാരെ ശീലിപ്പിക്കുകയായി.

ഡോക്ടർമാരുടെ അശ്രദ്ധയും അനാസ്ഥയും ആരോപിക്കപ്പെടാറുണ്ട്. അന്വേഷണത്തിൽ ഡോക്ടർമാർക്ക് വീഴ്ച പറ്റിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും ഗൗരവം അനുസരിച്ച് അയോഗ്യരായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതാണ്. ധനമോഹം കൊണ്ട് വൃക്കമോഷ ണവും വൃക്കവ്യാപാരവും പരക്കെ നടക്കുന്നതിനാൽ, അത്തരം സംഭവങ്ങ ളിൽ പ്രതിയാകുന്ന ഡോക്ടറെ തൂക്കിലേറ്റുകയോ ജീവപര്യന്തം കഠിനതട വിന് ശിക്ഷിക്കുകയോ ചെയ്യുമെന്ന് പുതിയ നിയമമുണ്ടാക്കി.

തൊഴിലില്ലായ്മ വേതനം സാർവ്വത്രികമാക്കി. നിശ്ചിതവയസ്സിൽ കവിഞ്ഞ വൃദ്ധജനങ്ങൾക്ക് സ്റ്റൈപ്പന്റ് നൽകുവാൻ തുടങ്ങി. ദരിദ്രകുടുംബങ്ങളുടെ വരുമാനവും അംഗസംഖ്യയും പരിഗണിച്ച് ആവശ്യമായ ജീവിതവേതനം നൽകാനുള്ള പദ്ധതി നടപ്പിലാക്കി.

താരഭത്തിൽ പട്ടിണിമരണം ഉണ്ടാവരുതെന്ന് മാത്രമല്ല, വിശപ്പുമൂലം മരി ക്കുന്ന ഒരു വ്യക്തിയും നാട്ടിലുണ്ടാവാൻ പാടില്ല. ഈ വിഷയത്തിൽ ഗവർണർമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പ്രസിഡണ്ട് നിഷ്ക്കർഷിക്കുക യുണ്ടായി. ദാരിദ്ര്യനിർമ്മാർജ്ജനം കലക്ടർമാരുടെ ഉത്തരവാദിത്വമായി പ്രഖ്യാ പിച്ചു.

പൊതുസ്ഥാപനങ്ങളിലും സ്ഥലങ്ങളിലുമുള്ള മാസപ്പടി ജോലികളിൽ സ്ത്രീകളെ നിയമിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അതാ യത് ജോലി ചെയ്യാൻ യോഗ്യരായ പുരുഷന്മാർ അപേക്ഷകരായുണ്ടെങ്കിൽ അവിടെ സ്ത്രീകളെ നിയമിക്കാൻ പാടില്ല. അത്തരം നിയമനങ്ങളിൽ ആക്ഷേ പമുണ്ടായാൽ സർക്കാർ പരിശോധിച്ച് നിയമനം സാധൂകരുക്കുകയോ അസാ ധുവാക്കുകയോ ചെയ്യും. ഒരു പുരുഷന് ജോലിയുണ്ടായാൽ ഒരു കുടുംബത്തെ

സംരക്ഷിക്കാൻ കഴിയും. സ്ത്രീകൾക്ക് കുടുംബഭരണം , സന്താനപരിപാലനം എല്ലാം ഉള്ളതിനോടുകൂടി എട്ടോ പത്തോ മണിക്കൂർ പുറത്ത് ജോലിയെടുക്കുകയും കൂടി ആയാൽ അത് പല നിലക്കും ദോഷഹേതുകമായിത്തീരും. ജോലിയില്ലാതെ അലയുന്ന പുരുഷന്മാർ സമൂഹത്തിലുണ്ടാകുന്നത് ആപൽക്കരമാണ്. ജോലിയില്ലാത്തവന്റെ ഹൃദയം പിശാചിന്റെ പണിപ്പുരയാണ്. സ്ത്രീനിയമനത്തിൽ ഒരു വിട്ടുവീഴ്ചയുണ്ട്. ഒരു സ്ത്രീ ആ വീട്ടിലെ സമ്പാദിക്കുന്ന ഏകവ്യക്തിയാണെങ്കിൽ പുരുഷൻ അപേക്ഷകനായുണ്ടെങ്കിലും സ്ത്രീക്ക് മുൻഗണന നൽകേണ്ടതാണ്. ഈ വസ്തുത പത്രത്തിലൂടെ വിളംബരം ചെയ്തു.

ഉദ്യോഗനിയമനങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് സംഖ്യാനുപാതകമായിട്ടുള്ള സംവരണം കർശനമാക്കി. നിലവിലുള്ള കുറവുകൾ നികത്താനും തീരുമാനമായി. അതിന്നായി സ്പെഷ്യൽ നിയമനം നടത്തുകയോ ഭാവി ഒഴിവുകളിൽ നിയമിക്കുകയോ ചെയ്യേണ്ടതാണ്. മുൻ സർക്കാരുകളുടെ ഉദ്യോഗസ്ഥർ ചെയ്ത തെറ്റായതുകൊണ്ടും ആ തെറ്റുമൂലം ഭൂരിപക്ഷസമുദായങ്ങൾക്ക് അനർഹമായ നന്മ കരസ്ഥമാക്കാൻ കഴിഞ്ഞു എന്നത് കൊണ്ടും ഈ നിയമനോത്തരവിൽ ഭൂരിപക്ഷസമുദായക്കാർക്ക് ആക്ഷേപമോ അസംതൃപ്തിയോ തോന്നിയില്ല. മാത്രമല്ല DNSന്റെ തത്വസംഹിത തന്നെ താരഭജനങ്ങൾ എല്ലാവരും സമന്മാരും നാടിന്റെ ഗുണദോഷങ്ങളിൽ തുല്യനിലയിൽ അർഹരും ഉത്തരവാദികളും ആണെന്നുമാണ്. ആ ചിന്തഗതിയിൽ സർവ്വജനങ്ങളും നിഷ്പക്ഷരും സന്തുഷ്ടരുമാണ്.

ജലം, വൈദ്യുതി, ഭക്ഷ്യസാധനങ്ങൾ ഇവയെല്ലാം അധികം ഉള്ളിടത്ത് നിന്ന് ഇല്ലാത്തിടത്തേക്ക് എത്തിക്കാനുള്ള സംവിധാനമുണ്ടായി. സംസ്ഥാനങ്ങൾ അന്യോന്യം സഹകരിക്കാനും ഞാൻ, നീ എന്ന് ചിന്തിക്കാതെ നമ്മൾ എന്ന ഭാവത്തിൽ വർത്തിക്കാനുള്ള അന്തരീക്ഷം സൃഷ്ടിച്ചു. പ്രസിഡണ്ടും ഗവർണർമാരും ഇടക്കിടെ പല സംസ്ഥാനങ്ങളിൽ യോഗം ചേർന്ന് ജനങ്ങളുടെ ഭാഗധേയം ചർച്ച ചെയ്തു. പരസ്പരം സഹായിക്കുന്നതിനുള്ള മനോഭാവം സംജാതമാക്കുക പതിവാക്കി.

സിവിൽ ശിക്ഷാനിയമവും ക്രിമിനൽ ശിക്ഷാനിയമവും പൊളിച്ചെഴുതി. ചെറിയ കുറ്റങ്ങൾക്ക് വലിയ ശിക്ഷ കൊടുക്കുന്ന രീതിയാണ് പുതിയ നിയമത്തിൽ സ്വീകരിച്ചത്. ക്ഷേമരാജ്യം വളർന്ന് വരവെ പൗരന്മാരിൽ കുറ്റവാസന ഉണ്ടാവരുതെന്നതാണ് ലക്ഷ്യം. ജീവിതസൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ ആരും കുറ്റവാളികളാകരുത്. കുറ്റവാസനയില്ലാതാക്കാനും അങ്ങനെ പോലീസിന്റെയും കോടതിയുടെയും ജോലിഭാരം കുറക്കാനും ഉദ്ദേശിച്ചാണ് ശിക്ഷ വർദ്ധിപ്പിച്ചത്.

സർക്കാർ ജീവനക്കാരെ നിയന്ത്രിക്കുന്ന പെരുമാറ്റരീതിയും കർശനമാക്കി. ഉദ്യോഗസ്ഥരിൽ വീഴ്ചയോ താമസമോ മറ്റ് കൃത്യവിലോപമോ സംഭവി

ച്ചതായി അന്വേഷണത്തിൽ തെളിഞ്ഞാൽ പിരിച്ചുവിടുക-ഡിസ്മിസ് ചെയ്യുക-എന്നതാണ് ശിക്ഷ. അതിന് കോടതിയിൽ അപ്പീൽ അനുവദനീയമല്ല. സർക്കാർ പ്രവർത്തനങ്ങൾ അതാത് സമയങ്ങളിൽ കൃത്യമായി നടന്നുകൊണ്ടിരിക്കണം. ഓരോ വകുപ്പിലേക്കും നീക്കിവെയ്ക്കുന്ന തുക മുഴുവൻ ചില വാക്കാതെ ലാപ്സാക്കുന്ന - മിച്ചം വരുത്തുന്ന സമ്പ്രദായം അനുവദനീയമല്ല. സാധാരണ ഫെബ്രുവരി മാസങ്ങളിൽ പണി തിരക്കാക്കുകയും കഴിയുന്നത്ര പണം ചിലവാക്കുകയും ചെയ്യും. വർഷം മുഴുവൻ അനങ്ങാതിരിക്കുകയും വർഷാവസാനത്തിൽ വെപ്രാളം കൂട്ടുകയും ചെയ്യുന്ന രീതി തുടരാൻ പാടില്ല. തുക ലാപ്സാക്കിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ പിരിച്ചുവിടുക മാത്രമല്ല, ശിക്ഷാനടപടിയെന്നോണം പിഴ ചുമത്തുകയും ചെയ്യും. പിഴ അടച്ചില്ലെങ്കിൽ ജയിൽവാസം തന്നെ.

ഉപഭോഗവസ്തുക്കൾ ഇറക്കുമതി ചെയ്യുന്തിനുള്ള നിയന്ത്രണനിയമങ്ങൾ കൊണ്ടുവന്നു. ആവശ്യമായ വസ്തുക്കൾ താരഭത്തിൽ തന്നെ ഉൽപ്പാദിപ്പിക്കാനുള്ള വ്യവസായസ്ഥാപനങ്ങൾ സ്വകാര്യമേഖലയിലും നിർമ്മിച്ചു. തൊഴിൽ നഷ്ടമാകുന്ന രീതിയിലുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ കൊണ്ടുവന്നു.

ഭക്ഷ്യവസ്തുക്കൾ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകി. കർഷകത്തൊഴിലാളികളുടെ വേതനം പരിമിതപ്പെടുത്തി കൃഷിയുടമകളെ സഹായിച്ചു. കൃഷിത്തൊഴിൽ നഷ്ടമായതിനാൽ ഉപേക്ഷിക്കപ്പെട്ട വയലുകൾ വീണ്ടും ഉപയുക്തമാക്കി. കൃഷിസ്ഥലങ്ങൾ കാലിയാക്കിയിടുന്നത് ശിക്ഷാർഹമാക്കി. അങ്ങനെ താരഭം ഭക്ഷ്യവസ്തുക്കളിൽ സ്വയംപര്യാപ്തമായിത്തീരാൻ തുടങ്ങി. മഴയില്ലായ്മയാലോ, അമിതമാരിയാലോ, മറ്റ് പ്രകൃതിജന്യമായ കാരണങ്ങളാലോ കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് പരിഹാരമായി ധനസഹായം ചെയ്യാനുള്ള നിയമവ്യവസ്ഥകളുണ്ടാക്കി.

ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുക, കേടുവന്ന സാധനങ്ങൾ വിൽപ്പനയ്ക്ക വെയ്ക്കുക, ഹോട്ടലുകളിൽ പഴകിയ സാധനങ്ങൾ വിൽക്കുക, പൊതുജനാരോഗ്യത്തിന് ഹാനികരമായ മറ്റെന്തെങ്കിലും ചെയ്യുക എന്നിങ്ങനെയുള്ള കുറ്റങ്ങൾക്ക് ജീവപര്യന്തം തടവുവരെയുള്ള കടിനശിക്ഷ നിർണ്ണയിച്ചു.

പല വ്യാപാരസ്ഥാപനങ്ങളും നിർമ്മാണശാലകളും ബാങ്ക് മുതലായ പണമിടപാട് സ്ഥാപനങ്ങളും അനേകകോടി രൂപ വാർഷികാദായം ഉണ്ടാക്കുന്നുണ്ട്. ഒരു കമ്പനി 5600 കോടി രൂപ ഒരു വർഷം ലാഭമുണ്ടാക്കിയതായും അറിയപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ഈടാക്കുന്ന ഫീസ്, കൂലി, പലിശ, ചാർജ്ജ്, കമ്മീഷൻ, വാടക, വില എന്നീ ഇനങ്ങളിലാണ് ഇത്ര വലിയ ലാഭമുണ്ടാക്കുന്നത്. അതൊരു ചൂഷണമാർഗ്ഗം തന്നെയാണ്. ഇങ്ങനെ ലഭ്യമാകുന്ന ലാഭം അൽപ്പം ചില വ്യക്തികളുടെ മടിശ്ശീലയിലേക്കാണ് പ്രവേശി്കുന്നത്. അങ്ങനെ പൊതുജനങ്ങളിൽ സാമ്പത്തികരംഗത്ത് അനാരോഗ്യകരമായ

വ്യത്യാസങ്ങളുണ്ടാവാനിടയാകുന്നു. ഈ രംഗത്ത് ഉചിതമായ നിയന്ത്രണങ്ങളേർപ്പെടുത്തി സ്ഥാപനങ്ങൾ ചുമത്തുന്ന ചാർജ്ജുകൾ നിജപ്പെടുത്തുക വഴി ഉപഭോക്താക്കളുടെ ഭാരം ലഘൂകരിച്ചു. അങ്ങനെ ലാഭം നിയന്ത്രണാധീനമാക്കി. കൂടാതെ വരുമാന നികുതിയുടെ സൗജന്യപരിധി താഴ്ത്തുകയും വരുമാനനികുതി നിരക്ക് ഉയർത്തുകയും ചെയ്യുക വഴി അമിതലാഭത്തിൽ നിന്ന് ഗണ്യമായ ഒരോഹരി സർക്കാർ ഖജനാവിൽ വന്നുചേർന്നുകൊണ്ടിരുന്നു. അങ്ങനെ ലാഭക്കൊതി നിയന്ത്രിച്ചു.

അതിപ്രധാനമായ മറ്റൊരു വിഷയത്തിൽ ക്രമീകരണം കൊണ്ടുവന്നു. താരഭത്തിൽ ജനിച്ചവരെല്ലാവരും നിയമദൃഷ്ട്യാ തുല്യരാണ്. ജാതിയുടെയും മതത്തിന്റെയും തൊഴിലിന്റെയും പേരിൽ അവർക്കിടയിൽ അസമത്വം കൽപ്പിക്കാൻ പാടില്ല. ആകയാൽ പൊതുജനം അന്യോന്യം സമഭാവനയോടെ സഹവർത്തിക്കാനും ക്രമസമാധാനവും സമുദായ ഐക്യവും നിലനിർത്താനുമുള്ള നിയമങ്ങൾ കൊണ്ടുവന്നു. മതപ്രചരണത്തിന് സ്വാതന്ത്ര്യമുണ്ടെങ്കിലും അന്യമതസ്ഥരെ അവഹേളിക്കുകയോ പുച്ഛിക്കുകയോ ചെയ്യാൻ പാടില്ല. എല്ലാ മതസ്ഥരുടെയും ആരാധനാലയങ്ങൾ പവിത്രവും സുരക്ഷിതവുമായിരിക്കണം. മതാന്ധരുടെ കുത്സിതപ്രചരണം മൂലം ജനങ്ങളിൽ തെറ്റിദ്ധാരണയും അക്രമവാസനയും മതശത്രുതയും ഉണ്ടാവാനിടയുണ്ട്. ഈ രംഗത്ത് പൂർണ്ണമായ സമാധാനം നിലനിർത്താനാവശ്യമായ നിയമങ്ങളും നടപ്പാക്കി. ന്യായവും മാന്യവുമായ ചർച്ചകളും സംഭാഷണങ്ങളും അനുവദിക്കുന്നതോടൊപ്പം പരസ്പരാദരവും ബഹുമാനവും നിർബന്ധമാക്കുകയും നിന്ദ്യവും പ്രകോപനപരവും അനാരോഗ്യകരവുമായ പരാമർശങ്ങൾ ശിക്ഷാർഹമാക്കുകയും ചെയ്തു. അങ്ങനെ താരഭനാട്ടിലെ എല്ലാ പൗരന്മാരും സമന്മാരും തുല്യവകാശികളുമായി. അങ്ങനെ താരഭം ഏകയോഗക്ഷേമമായി. സാഹോദര്യഭാവേന ഒന്നിച്ച് ഒരുപോലെ വളർന്നുയർന്നു വിലസുന്ന ഒരേ ഒരു ഭവനമായിത്തീർന്നിരിക്കയാണ്.

ലോകാസമസ്താ സുഖിനോ ഭവന്തു
അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ
രാഷ്ട്രീയം ഒളിഞ്ഞു.
മാനവികത തെളിഞ്ഞു.

●●●


## ജീവചരിത്രക്കുറിപ്പ്



ജനനം 1931ൽ കൊടുങ്ങല്ലൂർ താലൂക്ക്, പെരിഞ്ഞനം വില്ലേജിൽ. വിദ്യാഭ്യാസം പെരിഞ്ഞനം ഗവ:യു.പി. സ്കൂൾ തുടർന്ന് ആർ.എം. ഹൈസ്ക്കൂൾ പെരിഞ്ഞനം. 1949ൽ മദ്രാസിൽ ജയിൽ വകുപ്പിൽ ഗുമസ്ഥനായി ചേർന്നു. 1952ൽ പോസ്റ്റൽ വകുപ്പിൽ ഗുമസ്ഥനായി ചേർന്നു. 1986ൽ പോസ്റ്റ്മാസ്റ്ററായി അടുത്തൂൺ പറ്റി പിരിഞ്ഞു. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ കഥകളും കവിതകളും എഴുതി തുടങ്ങി. 1997ൽ "തിലകധ്വനി"യെന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചു. സമകാലികങ്ങളിൽ രചനകൾ ഇപ്പോഴും പ്രസിദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.

വിലാസം.

പി.എൻ. നായർ, പോസ്റ്റ്മാസ്റ്റർ (റിട്ട.)
പോസ്റ്റ് കൈപ്പമംഗലം(തൃശൂർ), ഫോൺ : 95480 : 2846301



ജനനം 1920. പ്രാഥമിക വിദ്യാഭ്യാസം പെരിഞ്ഞനം ഗവ:യു.പി. സ്കൂൾ, ഹൈസ്കൂൾ, കോളേജ് വിദ്യാഭ്യാസം തൃശൂർ സെന്റ് തോമാസിൽ. 1943ൽ ബി.എ. പാസ്സായി. കാട്ടൂർ ഗവ: ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി കുറച്ച് മാസങ്ങളും മദ്രാസ് എ.ജി. ആപ്പീസിൽ എഡിറ്ററായി ഒരു വർഷവും ജോലി ചെയ്ത ശേഷം 1945ൽ സെൻട്രൽ എക്സൈസ് കസ്റ്റംസ് വകുപ്പിൽ സബ് ഇൻസ്പെക്ടറായി പ്രവേശിച്ചു. 1978ൽ കസ്റ്റംസ് സൂപ്രണ്ടായി അടുത്തൂൺ പറ്റി പിരിഞ്ഞു. സമൂഹം, മതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ മുപ്പതോളം പുസ്തകങ്ങൾ കൂടാതെ സമകാലികങ്ങളിൽ ധാരാളം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തിരുക്കുറൾ പദ്യവിവർത്തനത്തിന് ചെന്നൈ സർക്കാരിൽ നിന്നും, "ഭാരതീയഗണിതസൂചിക"യെന്ന ഗണിതശാസ്ത്രപുസ്തകത്തിന് കേരള സർക്കാറിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. "വിസ്തൃത ഗോള ശാസ്ത്രം" വിശിഷ്ട ഗ്രന്ഥമാണ്. എഴുത്തും വായനയും തുടർന്നുകൊണ്ടിരിക്കുന്നു.

വിലാസം.

വി.വി. അബ്ദുല്ല സാഹിബ്, ബി.എ; കസ്റ്റംസ് സൂപ്രണ്ട് (റിട്ട.)
പെരിഞ്ഞനം - 680 686, ഫോൺ : 95480 - 2845732.